
# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

APRIL 2015





ഏപ്രിൽ 10ന് മെത്രാഭിഷേക വാർഷികവും
ഏപ്രിൽ 21ന് ജന്മദിനവും ആഘോഷിക്കുന്ന

**അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്**

**അതിരൂപതയുടെ**
**പ്രാർത്ഥനാശംസകൾ**

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 82
2015 ഏപ്രിൽ
ലക്കം : 4

## ഈ ലക്കത്തിൽ


❖ സർക്കുലർ 5
❖ കച്ചേരികാര്യം 16
❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഏപ്രിൽ 22
❖ സഹായമെത്രാന്റെ പരിപാടികൾ - ഏപ്രിൽ 24
❖ നാളാഗമം 25
❖ സാമ്പത്തിക കാര്യാലയം 28
❖ വൈദികർ 30
❖ സന്യസ്തർ 35
❖ സ്ഥാപനങ്ങൾ 41
❖ സാന്ത്വനം 54
❖ സംഘടനകൾ 57


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

16–ാം പാസ്റ്ററൽ കൗൺസിലിന്റെ

നാലാം യോഗം 2015 ഏപ്രിൽ 14ന് ചൊവ്വാഴ്ച

രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 വരെ

ഡി.ബി. സി. എൽ. സി. വച്ച് നടത്തപ്പെടുന്നു

എല്ലാ അംഗങ്ങളും പങ്കെടുക്കുമല്ലോ.

# കേരള കത്തോലിക്കാമെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന

## മേയ്ദിന സന്ദേശം - 2015

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. ഉത്പത്തിയുടെ ക്രമവും പരസ്പരാശ്രയത്വവും പ്രദാനം ചെയ്ത ഒരുആദ്യപ്രപഞ്ചവിശുദ്ധിയെ (ഉത്പ 1:1-31), ആന്തരിക വിശുദ്ധി നഷ്ടപ്പെട്ട ഇന്നത്തെ മനുഷ്യൻ തകർത്തെറിയുന്നതാണ് നമ്മൾ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവനും ദൈവമഹത്ത്വത്തിനും അല്പംപോലും വില കൽപ്പിക്കാത്തിടംവരെ ഇതു ചെന്നെത്തിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ വിശുദ്ധിയുടെ വീണ്ടെടുപ്പ് മനുഷ്യാധ്വാനത്തിലൂടെയാണെന്ന ദൈവഹിതം (ഉത്പ 3:19) ജീവിതത്തിലൂടെ കാണിച്ചുതന്ന തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഒപ്പം തൊഴിൽമേഖലയും തൊഴിലാളിയും നേരിടുന്ന ചില വിഷമസ്ഥിതികളിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

2. അസംതൃപ്തനായ തൊഴിലാളി ഇന്നത്തെ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഇഷ്ടപ്പെടാത്ത ജോലി, അപര്യാപ്തമായ കൂലി, ഉത്പ്പന്നങ്ങൾക്കു ന്യായമായ വില ലഭിക്കാതിരിക്കൽ, ചൂഷണത്വരയുള്ള തൊഴിൽ ദാതാവ്, സ്വാർത്ഥത നിറഞ്ഞ ട്രേഡ് യൂണിയൻ നേതാക്കൾ, അഴിമതിയിലാണ്ട അധികാരികൾ, സർക്കാരു കളുടെ വികലമായ നയങ്ങൾ എന്നിവയുടെയെല്ലാം ഫലമായി നേരിടേണ്ടിവരുന്ന അവഗണനയും ഉൾ ഭയവും ജീവിതാവശ്യങ്ങൾ നിവർത്തിക്കാനാകാത്തതിന്റെ നിരാശയുമാണ് തൊഴിലാളിയെ അസംതൃപ്തനാക്കിയിരിക്കുന്നത്. ഈ അവസ്ഥ ഏറെ അനുഭവിക്കുന്നത് അസംഘടിത തൊഴിലാളികളാണ്. രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിടകർഷകരും അസംഘടിത തൊഴിലാളികളായിട്ടാണു പരിഗണിക്കപ്പെടുന്നത്.

3. തൊഴിലാളികൾക്ക് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യന്റെ മൗലിക അവകാശങ്ങളിൽപ്പെട്ടതാണ്. ഇത്തരം സംഘടനകൾക്ക് തൊഴിലാളികളെ പ്രതിനിധാനം ചെയ്യാനും അവരുടെ സാമ്പത്തിക ജീവിതം സംവിധാനം ചെയ്യാനും പ്രതികാര നടപടികളെപ്പറ്റിയുള്ള ഭയം കൂടാതെ സംഘടനാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാനും തൊഴിലാളിക്ക് അവകാശമുണ്ടെന്നിരിക്കെയാണ് (സഭ ആധുനിക ലോകത്തിൽ 68) അസംഘടിത തൊഴിലാളിസമൂഹം തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും,

സാമ്പത്തിക സുരക്ഷയും നിയമപരിരക്ഷയും ഇല്ലാതെ ജീവനുപോലും ഭീഷണിയാകും വിധം ക്ലേശിക്കേണ്ടി വരുന്നത്.

4. പൊതുനന്മയായിരിക്കണം ഭരണാധികാരികളുടെയും രാഷ്ട്രീയ സാമുദായിക സംഘടനാനേതൃത്വത്തിന്റെയും ലക്ഷ്യം. വ്യക്തിയോടുള്ള ആദരവും സാമൂഹികക്ഷേമവും വികസനവും നീതി പൂർവ്വകമായ വ്യവസ്ഥിതിയും സുരക്ഷിതത്വവും സുസ്ഥിതിയും ഉൾക്കൊള്ളുന്നതായിരിക്കണം പൊതുനന്മയെന്നതാണ് സഭയുടെ പ്രഖ്യാപിത നിലപാട് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1905–1910). എന്നാലിന്ന് ഇവയൊന്നും വേണ്ടത്ര പരിഗണിക്കപ്പെടാതെ പോകുന്നു. അസംഘടിത തൊഴിലാളികൾക്കായി സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ അലംഭാവവും സാമൂഹിക പ്രതിജ്ഞാബദ്ധതയും സത്യസന്ധതയും തുലോം കുറവായ വിവിധ കമ്മീഷനുകളും പഠനസംഘങ്ങളും നൽകുന്ന റിപ്പോർട്ടുകളെ അവ സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിലയിരുത്താതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതും, സർക്കാരുകളുടെ കോർപറേറ്റ് പ്രീണനനയങ്ങളും കാണുമ്പോൾ അസംഘടിത തൊഴിൽ സമൂഹത്തെയും അവരുടെ കുടുംബങ്ങളെയും ഈ മേഖലകളിലെ തകർച്ചകളെയും അധികാരികൾ പരിഗണിക്കുന്നേ ഇല്ലെന്ന് പറയേണ്ടിവരുന്നു.

5. ചില ഉദാഹരണങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ കേരളസമൂഹത്തിന്റെ മാത്രമല്ല രാജ്യത്തിന്റെ മുഴുവൻ പ്രതിഷേധത്തിനു വിധേയമാകുന്ന ഒന്നായി മാറിയിരിക്കുകയാണു മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്.

രാജ്യത്തിന്റെ തീരക്കടലിനെ മുഴുവൻ വിദേശകുത്തകകൾക്ക് തുറന്നുകൊടുക്കാനുള്ള ശുപാർശയാണ് ഈ റിപ്പോർട്ടിൽ പ്രധാനമായി ഉള്ളത്. ഇതുമൂലം സാധാരണ മൽസ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും എന്ന കാര്യത്തിൽ സംശയം ലവലേശമില്ല. ആയതിനാൽ ഈ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കാൻ വേണ്ടി തൊഴിലാളികൾ നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകേണ്ടിയിരിക്കുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, തീരമേഖലാനിയന്ത്രണനിയമങ്ങൾ എന്നിവ മൂലം കർഷകജനവിഭാഗവും തീരജനതയും കിടപ്പാടം പോലും നിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ വലിയ പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാറിന്റെ പ്രതികൂലനയങ്ങൾ മൂലമാണു റബ്ബർ ഉൾപ്പടെയുള്ള വിവിധ കാർഷികവിളകൾ വിലത്തകർച്ച നേരിടുന്നത്. വനസംരക്ഷണത്തിന്റെ പേരിൽ പരിസ്ഥിതി നിയമങ്ങൾ കർശനമാക്കപ്പെടുമ്പോൾ വന്യമൃഗങ്ങളുടെ കടന്നാക്രമണത്താൽ തകരുന്ന ചെറുകിട കാർഷികമേഖലയും അവിടുത്തെ ജീവനും കുടുംബവും തകർക്കപ്പെടുന്ന സാധാരണ തൊഴിലാളികളും

ആർക്കും (ഭരണാധികാരികൾക്ക്) പ്രധാനപ്പെട്ടതല്ലാതായിത്തീരുന്നു.

6. സർക്കാർ ബജറ്റുകളിൽ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പറേറ്റുകൾക്കും പ്രോത്സാഹനവും നികുതിയിളവും വാരിക്കോരി നൽകുമ്പോൾ രാജ്യത്തെ തൊഴിൽശക്തിയുടെ തൊണ്ണൂററിമൂന്നു ശതമാനം വരുന്ന അസംഘടിത തൊഴിലാളിസമൂഹത്തിനായി ആനുപാതികമായി അർഹതപ്പെട്ട വിഹിതം മാറ്റിവെയ്ക്കപ്പെടുന്നില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്നവ വെട്ടിക്കുറയ്ക്കുകകൂടി ചെയ്യുന്നു. അസംഘടിത തൊഴിലാളികൾക്കായി ദേശീയതലത്തിൽ രൂപപ്പെടുത്തിയിരുന്ന മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, സ്വാലംബൻ പെൻഷൻ പദ്ധതി, ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന എന്നിവയുടെ നടത്തിപ്പ് ചട്ടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാററങ്ങൾ, കുറഞ്ഞ വകയിരുത്തൽ എന്നിവ വലിയ പ്രതിസന്ധിക്കു കാരണമാകുന്നുണ്ട്. കേന്ദ്രസർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റനുകൂല തൊഴിൽ നിയമ പരിഷ്കാരങ്ങൾ, പ്രോവിഡന്റ് ഫണ്ട് ഇ. എസ്. ഐ തുടങ്ങിയ നിയമങ്ങളിൽ വരുത്തുന്ന മാററങ്ങൾ എന്നിവ സംഘടിത തൊഴിൽമേഖലയുടെ അനൗപചാരിക വത്കരണത്തിനു വഴിവെയ്ക്കും. ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം, ഫണ്ടിന്റെ വകയിരുത്തൽ കുറവ്, ആനുകൂല്യങ്ങളുടെ വെട്ടിക്കുറയ്ക്കൽ, കെടുകാര്യസ്ഥത, അനാവശ്യമായ നൂലാമാലകൾ എന്നിവ മൂലം സംസ്ഥാനത്തെ പല തൊഴിലാളി ക്ഷേമനിധികളുടെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. ഇവ പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ കൃഷിഭൂമിയുടെ അവകാശം കവരുന്നതും, ചെറുകിട കച്ചവടക്കാരുടെയും പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെയും പ്രശ്നങ്ങളും സുരക്ഷിതത്വ ഭീഷണിയും പരിഗണിക്കാത്തതും, പൊതുവിതരണം പൊതുവിദ്യാഭ്യാസം പൊതുവൈദ്യസഹായം എന്നീ മേഖലകളിലെ സബ്സിഡികൾ കുറച്ചുകൊണ്ട് സ്വകാര്യ മേഖലയുടെ കടന്നുകയറ്റം അനുവദിക്കുന്നതുമായ സർക്കാരിന്റെ നയങ്ങളും നിലപാടുകളുമെല്ലാം അസംഘടിത തൊഴിലാളിസമൂഹത്തെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു.

7. ഇത്തരമൊരു സാഹചര്യത്തിൽ സഭയുടെ തൊഴിലാളിപക്ഷ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സന്തോഷങ്ങളും ദു:ഖങ്ങളും തിരുസ്സഭയുടേതു കൂടിയാണ് (സഭ ആധുനിക ലോകത്തിൽ 1). മാനവരാശിയുടെ കഷ്ടതകളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത് ഓരോ ക്രൈസ്തവന്റെയും കടമയാണെന്നാണ് തിരുസ്സഭാമാതാവ് പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഇക്കാര്യം എല്ലായ്പ്പോഴും വിശ്വാസികളെ അനുസ്മരിപ്പിക്കുന്നുണ്ട്. ഒരു വ്യക്തിയുടെ ജീവിതം സുരക്ഷിതമാകുമ്പോൾ മററുള്ളവരെ മറക്കുന്ന പ്രവണതയെ

2015-ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് നിശിതമായി വിമർശിക്കുന്നുണ്ട്. എനിക്കു ആരോഗ്യവും സ്വസ്തതയും ഉള്ളപ്പോൾ മററുള്ളവരുടെ ഇല്ലായ്മകളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നില്ല. ഇന്നു നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോള വ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്ക് പറയാൻ തക്കവിധം അതു വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രധാന പ്രശ്നമാണിത്. ആയതിനാൽ നിലവിലുള്ള സാമൂഹിവ്യവസ്ഥിതികളിൽ നിന്നുകൊണ്ട് തന്നെ ഈ സംവിധാനങ്ങളെ പരമാവധി ഉപയോഗിച്ച് വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അവകാശനിഷേധത്തിന്റെയും ഉച്ചനീചത്വങ്ങൾ ആവുന്നത്ര കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. പ്രേഷിതപ്രവർത്തനത്തിന്റെയും ജീവകാരുണ്യപ്രവർത്തനത്തിന്റെയും ഒപ്പം അസംഘടിത തൊഴിൽ മേഖലയിലെയും തൊഴിലാളിയുടെയും പ്രശ്നങ്ങളും ഏറ്റെടുക്കണം.

8. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.) എന്ന സാമൂഹിക സന്നദ്ധസംഘടന പ്രധാനമായും ഏറ്റെടുത്തിരിക്കുന്നത് അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങളാണ്. സർക്കാർ പദ്ധതികളായ ക്ഷേമനിധികളെ പ്രോത്സാഹിപ്പിച്ച് പരമാവധി പേരെ ഇതിൽ അംഗങ്ങളാക്കാൻ സാഹചര്യമൊരുക്കുക, പെൻഷൻ പദ്ധതികൾ എല്ലാവരിലും എത്തിക്കുക, തൊഴിൽ പരിശീലനം നൽകുക, ആരോഗ്യ ഇൻഷുറൻസ്, മൈക്രോ ഇൻഷൂറൻസ് എന്നിവയുടെ പങ്കാളിത്തത്തോടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, സ്വയം സഹായസംഘങ്ങളിലൂടെ ദാരിദ്ര്യത്തെ അതിജീവിക്കാനും സാമ്പത്തിക സുരക്ഷയ്ക്കുള്ള സാഹചര്യം സൃഷ്ടിക്കാനും ശ്രമിക്കുക, തൊഴിലാളി നേതൃത്വം വളർത്തിയെടുക്കുക, വിവിധ തൊഴിലാളി ഫോറങ്ങളിലൂടെ തൊഴിലാളി സമൂഹത്തെ സംഘടിച്ച് ശക്തരാകാൻ സഹായിക്കുക, തൊഴിലാളികൾക്ക് അനുകൂലമായി സർക്കാരുകൾ നയങ്ങൾ രൂപീകരിക്കുന്നതിനു സമ്മർദ്ദപ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ജാതിമതഭേദമില്ലാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കെ.എൽ.എം. നടത്തിവരുന്നത്. നിർമ്മാണമേഖല, ചെറുകിട തോട്ടംതൊഴിൽ മേഖല, തയ്യൽമേഖല, മത്സ്യത്തൊഴിലാളി മേഖല, കർഷകത്തൊഴിലാളിമേഖല, മോട്ടോർ വാഹന തൊഴിലാളി മേഖല, ഗാർഹിക തൊഴിലാളി മേഖല, പീടിക തൊഴിലാളി മേഖല എന്നിവയിലാണ് ഇപ്പോൾ കൂടുതലായും പ്രവർത്തനങ്ങൾ നടക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികളുടെ മദ്ധ്യേയുള്ള പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പ്രദേശത്ത് ഈ മേഖലകളിലുള്ള മുഴുവൻ പേർക്കും ആവശ്യമായ സഹായം യഥാസമയം നൽകുന്നതിന് പ്രാദേശിക സഭാസമൂഹത്തിന് സാധിക്കണം. ഇതിനായി കെ.എൽ.എം. പ്രവർത്തനങ്ങൾ മുഴുവൻ രൂപതകളും പൂർണ്ണമനസ്സോടെ ഏറ്റെടുക്ക

ണമെന്നും മുഴുവൻ ഇടവകകളും കെ.എൽ.എം. യൂണിറ്റുകൾ ആരംഭിച്ച് പാവപ്പെട്ട തൊഴിലാളികൾക്കായുള്ള പ്രവർത്തനം ശക്തമാക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

9. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെയും ശുശ്രൂഷികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇവർക്കായി കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ നിർദ്ദേശാനുസരണം കെ. എൽ. എം. നടപ്പിലാക്കിയിരിക്കുന്ന സുരക്ഷ പെൻഷൻ പദ്ധതി ഒട്ടുമിക്ക രൂപതകളും ഇതിനോടകം തന്നെ വളരെ ഭംഗിയായി ചെയ്തുതുടങ്ങിയിട്ടുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. സുരക്ഷാപദ്ധതി ഇനിയും നടപ്പിലാക്കാത്ത രൂപതകളും സന്ന്യാസസമൂഹങ്ങളും ഈ വർഷം തന്നെ അതു നടപ്പിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു. കേരളത്തിലെ കത്തോലിക്കാസഭയുടെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമന, സേവന, വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും സുതാര്യവും നിയമാനുസൃതവും സഭാ പ്രബോധന ങ്ങൾക്കനുസൃതവും ആക്കുന്നതിനു വേണ്ടിയാണു കെസിബിസി പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കിയിരിക്കുന്നത്. ഇതു നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നൽകുന്നതിനു കെ.എൽ.എം. നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിനു വേണ്ട ക്രിയാത്മക സഹകരണം എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും സ്ഥാപനാധികാരികളും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. കെ സി.ബിസിയിലെ പിതാക്കന്മാരുടെ ആഹ്വാനങ്ങളും തീരുമാനങ്ങളും ചില സ്ഥാപനങ്ങളും അധികാരികളും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്നു ണ്ട്. ഈ സമീപനം സഭയെ ഒരുതരത്തിലും സഹായിക്കില്ലെന്ന് മാത്രമല്ല പൊതു സമൂഹത്തിൽ സഭ അവമതിക്കപ്പെടുന്നതിനും ആക്ഷേപിക്കപ്പെടു ന്നതിനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്നും മനസ്സിലാക്കണം. നീതിപൂർവ്വ കമല്ലാത്ത കൂലി ദൈവസന്നിധിയിൽ പ്രതികാരത്തിനാവശ്യപ്പെടുന്ന പാപ ങ്ങളിലൊന്നാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട് (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2434). തൊഴിലിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അത് ചെയ്യുന്നത് മനുഷ്യനാണ് എന്നതുകൊണ്ടാണെ ന്നു മറന്നുകൂടാ (മതബോധനം 2428). അതിനാൽ മനുഷ്യത്വപരവും, കരു ണാപരവുമായ സമീപനം തൊഴിലാളിയോടും അവന്റെ/അവളുടെ കുടുംബ ത്തോടും ഇല്ലാതെപോകുന്നുണ്ടെങ്കിൽ അത് കടുത്ത തിന്മയും ദുർമാതൃക യുമാണ്.

10. രാഷ്ട്രവും സമൂഹവും സഭയും ആവശ്യമായവ ചെയ്തു തരുമ്പോൾ നീതിപൂർവ്വകവും സത്യസന്ധവുമായ സമീപനം തൊഴിലാളികളിൽ നിന്നും ഉണ്ടാകണം. ഏല്പിക്കപ്പെട്ടിരിക്കുന്ന തൊഴിലിന്റെ മികച്ചരീതിയിലുള്ള നിർവ്വ

ഹണം, തൊഴിലിനോടുള്ള ആത്മാർത്ഥത, തൊഴിൽ ദാതാവിനോടുള്ള ആദരം, കുടുംബത്തിന്റെയും ആശ്രിതരുടെയും സംരക്ഷണം, ലഹരി വസ്തുക്കളിൽ നിന്ന് അകന്നു നിൽക്കൽ, നാളെയുടെ ആവശ്യങ്ങൾക്കായി കരുതൽ തുടങ്ങിയവയെല്ലാം തൊഴിലാളിയുടെ ധാർമ്മികമായ കടമയാണെന്നുകൂടി ഓർമ്മപ്പെടുത്തട്ടെ. അവകാശങ്ങളും കടമകളും നിർവഹിക്കപ്പെടുന്ന സമൂഹത്തിലാണ് സമാധാനമുണ്ടാകുന്നത്. സമാധാനമാണ് യഥാർത്ഥ വികസനം (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ പാപ്പാ - ഭൂമിയിൽ സമാധാനം).

11. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥനകളും പ്രത്യേകം ദിവ്യബലിയും നടത്തുന്നത് ഉചിതമായിരിക്കും. തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളെയും പ്രവർത്തകരെയും അധികാരികളെയും സമർപ്പിക്കുന്നു.

12. ഒരു തൊഴിലാളിയുടെ കുടുംബത്തിൽ പിറക്കുകയും തൊഴിൽ ചെയ്ത് ജീവിക്കുകയും സമൂഹത്തിലെ അസംഘടിത വിഭാഗങ്ങളിൽനിന്ന് ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും ചെയ്ത നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ കൃപ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

NB: 2015 ഏപ്രിൽ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## പ്രത്യേക ശ്രദ്ധക്ക്

ഈ വർഷത്തെ (2015) തൊഴിലാളിദിനാഘോഷം മെയ് 1-ാം തീയതി മരത്താക്കര ഇടവകയിൽ വാഴപറമ്പൻ ആന്റണിയുടെ ഉടമസ്ഥതയിലുള്ള മരിയ ബ്രിക്ക്സ് കമ്പനിയിൽ വെച്ച് ആഘോഷിക്കുന്നു. ബൈപാസിനടുത്തുള്ള നെല്ലിച്ചോട് അമലോത്ഭവമാതാവിന്റെ കുരിശുപള്ളിയിൽ നിന്നും ആരംഭിക്കുന്ന മെയ്ദിനറാലി, പതാക ഉയർത്തൽ , തൊഴിൽ സ്ഥാപന വെഞ്ചിരിപ്പ്, സമൂഹബലി, തുടർന്ന് പൊതുസമ്മേളനം, സ്നേഹവിരുന്ന് എന്നിവയാണ് പരിപാടികൾ. സാധിക്കുന്ന എല്ലാ തൊഴിലാളികളേയും അതിരൂപത തൊഴിലാളിദിനാഘോഷങ്ങളിൽ പങ്കുചേരുവാൻ ഹൃദയപൂർവം ക്ഷണിക്കുന്നു.

**സ്ഥലം : മരിയ ബ്രിക്സ്, മരത്താക്കര**

**സമയം : 9.00 AM : തൊഴിലാളിദിനറാലി**

**9.30 AM : സമൂഹബലി**

**(മുഖ്യകാർമികൻ : അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്)**

**11.00 AM : പൊതുസമ്മേളനം**

700/2015
19.03.2015 C- 4

## സർക്കുലർ

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ഉയിർപ്പ് തിരുനാളിന്റെ ആശംസകൾ നിങ്ങൾക്ക് ഏവർക്കും നേരുന്നു. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മധ്യസ്ഥത വഴി, ഉത്ഥിതനായ യേശു നിങ്ങളേവരേയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്

1. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച്, ഇറാക്ക്, സിറിയ, നൈജീരിയ എന്നിവിടങ്ങളിൽ ക്രൈസ്തവർ പീഡനത്തിന് ഇരയായികൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽത്തന്നെ പല ക്രൈസ്തവ ദൈവാലയങ്ങൾ നശിപ്പിക്കപ്പെട്ടതും ബംഗാളിൽ 75 വയസ്സുള്ള ഒരു സിസ്റ്റർ പീഡിപ്പിക്കപ്പെട്ടതും ആയ പല സംഭവങ്ങൾ നമുക്ക് പല ആശങ്കകളും ഉണർത്തുന്നു. ഈ സാഹചര്യത്തിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവർക്കുവേണ്ടി നാം ഒറ്റക്കെട്ടായി പ്രാർത്ഥിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

2. നോമ്പുകാലം അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ ആചരിക്കുന്നതിൽ ചില വീഴ്ചകൾ വരുന്നതായി മനസ്സിലാക്കുന്നു. അതിനാൽ താഴെ പറയുന്ന കാര്യങ്ങൾ എല്ലാ ഇടവകകളിലും സമൂഹങ്ങളിലും പ്രാവർത്തികമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

a. നോമ്പുകാലത്ത് മാർ യൗസേപ്പിതാവിന്റെ മരണതിരുനാൾ (മാർച്ച് 19), വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ (ഡിസംബർ 3) തുടങ്ങി പല തിരുനാളുകൾ നോമ്പുകാലത്താണ് വരുന്നത്. ഈ തിരുനാളുകൾക്ക് നോമ്പുകാല ചൈതന്യത്തിലുള്ള ആത്മീയ ആചാരങ്ങൾ മാത്രമേ സഭ ഉദ്ദേശിക്കുന്നുള്ളൂ. ഈ ചൈതന്യത്തിന് നിരക്കാത്ത ആഘോഷങ്ങളുണ്ടെങ്കിൽ അവ ഒഴിവാക്കേണ്ടതാണ്. നോമ്പുകാല ചൈതന്യത്തിന് നിരക്കാത്ത വാദ്യഘോഷങ്ങൾ, ആർഭാടപൂർവ്വകമായ ഇലുമിനേഷനും തേര് എഴുന്നള്ളിക്കലും കരിമരുന്ന് പ്രയോഗങ്ങൾ തുടങ്ങിയവ പാടുള്ളതല്ല. കൂട്ടായ്മയുടെ ഭാഗമായ ഊട്ടുതിരുനാളും പ്രാർത്ഥനാപ്രദക്ഷിണവും നടത്തുവാൻ അനുവദിച്ചിട്ടുള്ളത് ഈ ചൈതന്യത്തിലാണ്.

b. നോമ്പുകാലത്ത് വിവാഹ ആഘോഷങ്ങൾ പാടില്ല. ഏതെങ്കിലും സാഹചര്യത്തിൽ വിവാഹം അനുവദിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള വിവാഹങ്ങൾക്ക് ആഘോഷങ്ങളും ആർഭാടങ്ങളും ഒഴിവാക്കേണ്ടതാണ്. അതുപോലെതന്നെ ആദ്യകുർബാന സ്വീകരണം, ജൂബിലിയാഘോഷങ്ങൾ എന്നിവയിലെ ആർഭാടതയും നോമ്പുകാലത്ത് ഒഴിവാക്കേണ്ടതാണ്. നോമ്പുകാലത്തെ മാംസവർജ്ജനം കൃത്യമായി പാലിക്കാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

3. ഊട്ടുതിരുനാൾ ആഘോഷങ്ങൾ നമ്മുടെ അതിരൂപതയിൽ ഏറി വരുന്നതായി മനസ്സിലാക്കുന്നു. പള്ളികളിലും തീർത്ഥകേന്ദ്രങ്ങളിലും മാത്രമേ ഊട്ടുതിരുനാൾ അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു. കപ്പേളകൾ കേന്ദ്രീകൃതമായി ഊട്ടുതിരുനാളുകൾ അനുവദനീയമല്ല.

4. ദനഹാ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ ഞായർ. അതോടനുബന്ധിച്ച് സീറോ മലബാർ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഫണ്ട് ശേഖരിക്കാൻ സിനഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ അപ്പസ്തോലിക് വിസിറ്റേറ്ററായ അഭിവന്ദ്യ തട്ടിൽ പിതാവാണ് സീറോ മലബാർ മിഷൻ ഫണ്ട് ശേഖരണത്തിന് നേതൃത്വം കൊടുക്കുന്നത്. ബഹു. വൈദികരുടെ നിർദ്ദേശമനുസരിച്ച് മെയ് 17ന് ഞായറാഴ്ച ഈ മിഷൻ ഫണ്ട് ശേഖരണം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനായുള്ള വാൾപോസ്റ്ററുകളും കവറുകളും നിങ്ങളിലേക്ക് എത്തിക്കുന്നതാണ്. ഈ കാര്യത്തിൽ നിങ്ങളുടെ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

5. തിരുനാൾ പ്രദക്ഷിണങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് ഇന്ന് പല പരാതികളും ഉയർന്നു വരുന്നുണ്ട്. തിരുനാൾ പ്രദക്ഷിണത്തിന്റെ ലക്ഷ്യം വിശ്വാസപ്രഖ്യാപനവും വിശുദ്ധരോടുള്ള വണക്കവുമാണ്. ഈ ചൈതന്യത്തിൽ 1978ലെ നവീകരണ വർഷത്തോടനുബന്ധിച്ച്, രൂപത എടുത്ത തീരുമാനപ്രകാരം, ആ വർഷം മുതൽ പുതുതായി ആരംഭിക്കുന്ന തിരുനാൾ പ്രദക്ഷിണങ്ങൾക്ക് വാദ്യമേളങ്ങൾ അനുവദനീയമല്ല. അതിനുമുമ്പ് നിലനിന്നിരുന്ന തിരുനാൾ പ്രദക്ഷിണങ്ങൾ നടത്തുന്ന രീതിയിലോ പ്രദക്ഷിണവഴിയുടെ കാര്യത്തിലോ മാറ്റം വരുത്തുന്നുണ്ടെങ്കിൽ അവ വാദ്യമേളങ്ങൾ ഒഴിവാക്കി മാത്രമാണ് അനുവദിക്കുന്നത്. സാധിക്കുന്നിടത്തോളം തിരുനാൾ പ്രദക്ഷിണങ്ങൾ പ്രാർത്ഥനയോടെ നടത്തുവാൻ ഏവരും പരിശ്രമിക്കേണ്ടതാണ്. 1978ന് മുമ്പ്

അനുവദിച്ചിട്ടുള്ള പ്രദക്ഷിണങ്ങൾക്ക് വാദ്യമേളങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് ക്രൈസ്തവചൈതന്യത്തിലുള്ള ഗാനങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

6. ഈയടുത്തകാലത്തായി അത്ഭുതങ്ങളും അടയാളങ്ങളും പല സ്ഥലത്തും വ്യക്തികൾക്കും നടക്കുന്നതായി പല തരത്തിലുള്ള പ്രചരണങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ എന്തെങ്കിലും സംഭവിക്കുന്നുണ്ടെങ്കിൽ വിവരം ബന്ധപ്പെട്ട വികാരിയെയും , വികാരി വഴി അതിരൂപത കാര്യാലയത്തെയും അറിയിക്കേണ്ടതാണ്. യാതൊരു കാരണവശാലും പുറമേ നിന്ന് ആളുകൾ വന്ന് വണക്കം നടത്തുകയോ നേർച്ചപ്പെട്ടി വയ്ക്കുകയോ പരസ്യപ്രസ്താവനകൾ നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല. വികാരിയിൽ നിന്നോ അതിരൂപത കാര്യാലയത്തിൽ നിന്നോ ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിക്കുവാൻ പാടുള്ളൂ.

7. കുടുംബത്തെ കുറിച്ചുള്ള മെത്രാന്മാരുടെ സിനഡും സമർപ്പിതവർഷവും ആചരിക്കുന്ന ഈ അവസരത്തിൽ ദൈവവിളി പ്രോത്സാഹനത്തിനും പ്രോ-ലൈഫ് മൂവ്മെന്റ് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ഏവരോടും ആഹ്വാനം ചെയ്യുന്നു.

8. കത്തോലിക്കാകോൺഗ്രസ്സും അതിരൂപത സാമൂഹ്യപ്രവർത്തനത്തിന്റെ (സാന്ത്വനം) സോഷ്യൽ ആക്ഷൻ യൂണിറ്റും എല്ലാ ഇടവകകളിലും സ്ഥാപിച്ച് പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

9. അവധികാലത്ത് കുട്ടികൾക്ക് ഇടവകകളിൽ മാർഗനിർദ്ദേശ സെമിനാറുകൾ നടത്തുന്നതിനും കുട്ടികളെ വി. ബലിയിൽ പങ്കെടുപ്പിക്കുന്നതിനും വികാരിയച്ചന്മാരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഉത്ഥിതനായ ഈശോ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ഇടവകയെയും പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

N.B. ഈ സർക്കുലർ 2015 ഏപ്രിൽ 12ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ഏപ്രിൽ 2 : **പെസഹാവ്യാഴം**
3 : **ദുഃഖവെള്ളി**
4 : വലിയ ശനി
5 : **ഉയിർപ്പ് തിരുനാൾ (ഈസ്റ്റർ)**
**ഉയിർപ്പ് ഒന്നാം ഞായർ**
12 : **ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)**
19 : **ഉയിർപ്പ് മൂന്നാം ഞായർ**
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
26 : **ഉയിർപ്പ് നാലാം ഞായർ**
28 : സിയന്നായിലെ വി. കത്രീന

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| ഏപ്രിൽ 6–11 | | ദൈവവിളിവാരാചരണം (ലൂർദ്ദ്) |
| 6–8 | | ദൈവവിളിക്യാമ്പ് (ആൺകുട്ടികൾക്ക്) |
| 6–7 | | ദൈവവിളിക്യാമ്പ് (പെൺകുട്ടികൾക്ക്) |
| 09 | 07:30 pm | സാമ്പത്തിക സമിതിയോഗം |
| 9–11 | | ദൈവവിളിക്യാമ്പ് (ആൺകുട്ടികൾക്ക്) |
| 13 | 10:00 am | സ്ഥാപനഡയറക്ടർമാരുടെ യോഗം |
| 14 | 9:30 am - 1:00 pm | പാസ്റ്ററൽ കൗൺസിൽ |
| 20 | 10:00 am - 04:00 pm | വൈദികഏകദിനസമ്മേളനം |
| 30 | 10:00 am - 02:00 pm | ആലോചനസമിതി യോഗം |

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫല നമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്, ഈശോ മിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും മേൽ ആവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹനമായ

കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു.വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്ത് സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്" (റോമ. 6:4-5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു.അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

### 4. മാർ റാഫേൽ തട്ടിൽ പിതാവിന്റെ ജന്മദിനം :

ഏപ്രിൽ 21ന് ജന്മദിനമാഘോഷിക്കുന്ന മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 5. ക്രിസ്തുമസ്സ്, ഈസ്റ്റർ ദിനങ്ങളിലെ പാതിരാതിരുകർമ്മങ്ങൾ :

തൃശ്ശൂർ, പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം രൂപതകളിലെ ധാരണയനുസരിച്ച് ക്രിസ്തുമസ്സ്, ഈസ്റ്റർ ദിനങ്ങളിലെ പാതിരാതിരുകർമ്മങ്ങൾ രാത്രി 11:30ന് ആരംഭിക്കാവുന്നതാണ്. നമ്മുടെ അതിരൂപതയിലെ പള്ളികളിൽ ക്രിസ്തുമസ്സ്, ഈസ്റ്റർ ദിനങ്ങളിലെ പാതിരാതിരുകർമ്മങ്ങൾ ഈ സമയക്രമത്തിനു മുമ്പ് ആരംഭിക്കാൻ പാടുള്ളതല്ല.

### 6. പട്ടങ്ങൾ

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തി കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 25ന് ഉച്ചകഴിഞ്ഞ് 2.30ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

### a) മ്ശംശാനപട്ടം

| | | |
|---|---|---|
| 1) അരിമ്പൂർ ജോസഫ് (ജെറിൻ) | - പാവറട്ടി | (ആലുവ) |
| 2) ചെറടായി ഔസേഫ് (ജിയോ) | - വരാക്കര സൗത്ത് | (മേരിമാത) |
| 3) ചെറുവത്തൂർ കുരിയാക്കോസ് (ജോയ്സൺ) | - പാവറട്ടി | (മേരിമാത) |

4) ചിറമ്മൽ ദേവസ്സി (സിംസൺ) - കാരമുക്ക് (കോട്ടയം)
5) കുറ്റിക്കാട്ട് ആന്റണി (ജിന്റോ) - പുതുശ്ശേരി (കോട്ടയം)
6) മാളിയമ്മാവ് പോൾ - കണ്ടശ്ശാംകടവ് (കോട്ടയം)
7) മാളോക്കാരൻ ആന്റണി (ജിക്സൺ) - കണ്ടശ്ശാംകടവ് (മേരിമാത)
8) മുരിങ്ങാത്തേരി റാഫേൽ (സിജോ) - പോന്നോർ (മേരിമാത)
9) നീലങ്കാവിൽ ആന്റണി (ആൻസൺ) - കാരമുക്ക് (മേരിമാത)
10) പായിക്കാട്ട് വർഗ്ഗീസ് (സോബിൻ) - പൊങ്ങണംകാട് (മേരിമാത)
11) പെരിഞ്ചേരി അബ്രാഹം (അജീഷ്) - വിയ്യൂർ (ആലുവ)
12) പൊന്തേക്കൻ ദേവസ്സി (സിന്റോ) - പള്ളിക്കുന്ന് (മേരിമാത)
13) തൈക്കാട്ടിൽ പോൾ (സഞ്ജയ്) - തലക്കോട്ടുകര (മേരിമാത)
14) തേയ്ക്കാനത്ത് വർഗ്ഗീസ് (ജസ്റ്റിൻ) - ആമ്പക്കാട് (ആലുവ)
15) ചിരിയങ്കണ്ടത്ത് വർഗ്ഗീസ് (ജിയോ) - നെടുപുഴ (മേരിമാത)
16) മേനാച്ചേരി ആന്റണി ആന്റണി - ഒല്ലൂർ (മേരിമാത)

## b) ഹെവുപ്പദ്യാക്ക്ന പട്ടം

1) ചക്കാലക്കൽ ഇഗ്നേഷ്യസ് (സീജൻ) - കുറ്റൂർ (മേരിമാത)
2) ചിറമ്മൽ തോമസ് (ക്രിസ്റ്റി) - വെങ്ങിണിശ്ശേരി (ആലുവ)
3) ഇമ്മട്ടി പോൾ (ജോമോൻ) - വടക്കാഞ്ചേരി (മേരിമാത)
4) കൈപ്പുള്ളിപറമ്പൻ ദേവസ്സി (ബെന്നി) - ലൂർദ്ദ് കത്തീഡ്രൽ(മേരിമാത)
5) കൂത്തൂർ വെള്ളാട്ടുകര ജേക്കബ് (അനീഷ്) - പുറനാട്ടുകര (മേരിമാത)
6) ഒലക്കേങ്കിൽ ജോസഫ് (ഡൺസ്റ്റൻ) - പാവറട്ടി (മേരിമാത)
7) പൂഴിക്കുന്നേൽ മാത്യു (ജസ്റ്റിൻ) - പഴയന്നൂർ (മേരിമാത)
8) വാഴപ്പിള്ളി ലോറൻസ് (ജിബി) - എടക്കളത്തൂർ (മേരിമാത)

## c)കാറോയപട്ടം

1) ചിറ്റിലപ്പിള്ളി സെബാസ്റ്റ്യൻ (ഷെൽറ്റൺ) - പുതുക്കാട് നോർത്ത്(മേരിമാത)
2) പുളിക്കൻ ആന്റണി (സിജു) - അരണാട്ടുകര (മേരിമാത)
3) പുലിക്കോടൻ റാഫേൽ (റെനാൾഡ്) - ഏയ്ഞ്ചൽനഗർ (മേരിമാത)
4) പുത്തൂർ തോമസ് (ലിയോ) - പെരിഞ്ചേരി (മേരിമാത)
5) വടക്കൂട്ട് ആന്റണി (സനീഷ്) - മറ്റം (മേരിമാത)
6) വാഴപ്പിള്ളി വർഗ്ഗീസ് (വിനോയ്) - വെള്ളറക്കാട് (മേരിമാത)
7) പൊന്തേക്കൻ ദേവസ്സി (ജോമോൻ) - പള്ളിക്കുന്ന് (കോട്ടയം)

**7. പാലയൂർ മഹാതീർത്ഥാടനം :**

ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം വിശ്വാസികളുടെ സാന്നിധ്യം കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും വളരെ ശ്രദ്ധേയമായി. തീർത്ഥാടനവിജയത്തിനായി വളരെ ചിട്ടയായ ക്രമീകരണങ്ങൾ ചെയ്തിരുന്നു. ജനറൽ കൺവീനർ ഫാ. ജോബ് പടയാട്ടിൽ, പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ.

ജോൺ അയ്യങ്കാനയിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവർക്കും വിവിധ കമ്മറ്റിയംഗങ്ങൾക്കും മറ്റു സഹായസഹകരണങ്ങൾ നൽകിയവർക്കും പ്രത്യേകിച്ച് എല്ലാ ബഹു. വൈദികർക്കും പ്രത്യേക നന്ദി.

**8. സീറോ-മലബാർ മിഷൻ ഞായർ**

2015 മെയ് 17-ാം തിയതി നമ്മുടെ അതിരൂപതയിൽ സീറോ-മലബാർ മിഷൻ ഞായറായി ആചരിക്കുന്നു. സീറോ മലബാർ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംഭാവന കവറുകൾ മെയ് 30ന് മുമ്പായി അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**9. മാംസവർജ്ജനനിയമത്തിൽ നിന്ന് ഒഴിവ്:**

മെയ് 1 വെള്ളിയാഴ്ച തിരുനാളുകളും ആദ്യകുർബാനസ്വീകരണവുമുള്ള ഇടവകകളിൽ മാംസവർജ്ജനനിയമത്തിൽ നിന്ന് ഒഴിവ് നൽകിയതായി അറിയിക്കുന്നു.

**10. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ആന്റണി മേച്ചേരിപ്പടി | - അസി. ഡയറക്ടർ സി. എൽ. സി.; സാധുത 2015 ഫെബ്രുവരി 21 മുതൽ. |
| 2. ഫാ. ലിജോ അതിയുന്തൻ CMI | - അസി. വികാരി പുതുരുത്തി; സാധുത 2015 ഫെബ്രുവരി 23 മുതൽ ഏപ്രിൽ 6 വരെ. |
| 3. ഫാ. ജോസ് തച്ചിൽ | - റസിഡന്റ് ടീച്ചർ & സ്പിരിച്വൽ ഫാദർ മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2015 ഫെബ്രുവരി 28 മുതൽ. |
| 4. ഡീ. സ്റ്റാൻലി വിൽസൻ SAC | - ഡീക്കൻ മിനിസ്ട്രി നെല്ലിക്കുന്ന്; സാധുത 2015 മാർച്ച് 16 മുതൽ ഏപ്രിൽ 15 വരെ. |

**11. പ്രത്യേക അനുവാദങ്ങൾ :**

1. PAROC ന്റെ ട്രസ്റ്റ് ഡീഡിന് താത്കാലിക അംഗീകാരം (കല്പനനമ്പർ 474/2015).
2. കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ പുതിയ വൈദികമന്ദിരം നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 488/2015).
3. ചേലക്കര സി. എച്ച്. എഫ്. ലിസ്യു ഭവൻ മഠത്തിന്റെ മുൻവശത്ത് വി. കൊച്ചുത്രേസ്യയുടെ നാലടി ഉയരമുള്ള രൂപം സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 508/2015).
4. ചെങ്ങാലൂർ ഇടവകയിൽ പുതിയ പാരിഷ് ഹാൾ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 518/2015).
5. മാന്ദാമംഗലം ഇടവകയിൽ ഫെബ്രുവരി മാസം മുതൽ എല്ലാ ഞായറാഴ്ച

കളിലും രണ്ട് ദിവ്യബലികൾ അർപ്പിക്കുന്നതിന് പരീക്ഷണാർത്ഥം അനുവാദം (കല്പനനമ്പർ 521/2015).

6. ചിറക്കൽ ഇടവകാതിർത്തിയിൽ സെന്ററിൽ പള്ളിവക പീടിക കെട്ടിടം പൊളിച്ചു മാറ്റി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് അനുവാദം (കല്പനനമ്പർ 522/2015).
7. എസ്. എൽ. എം. ഐ. സന്യാസിനീസമൂഹത്തിന് ജനറൽ സിനാക്സിസ് കൂടുന്നതിന് അനുവാദം (കല്പനനമ്പർ 525/2015).
8. അപ്പസ്തോലിക് കാർമ്മലേറ്റ് സന്യാസിനീസമൂഹത്തിന് പറപ്പൂർ ഇടവകാതിർത്തിയിൽ പുതിയ മഠം തുടങ്ങുന്നതിന് അനുവാദം (കല്പനനമ്പർ 546/2015).
9. അരിമ്പൂർ ഇടവകയിലെ കൊടിമരം മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 548/2015).
10. പാറേമ്പാടം ദൈവാലയത്തിന്റെ മുഖവാരം പുനരുദ്ധരിക്കുന്നതിന് അനുവാദം (കല്പനനമ്പർ 550/2015).
11. കോട്ടപ്പടി ഇടവകാതിർത്തിയിൽ കോട്ടപ്പടി അങ്ങാടിയിലുള്ള കിഴക്കേ കപ്പേള പുതുക്കി പണിയുന്നതിന് അനുവാദം (കല്പനനമ്പർ 551/2015).
12. ചിറ്റിശ്ശേരി ഇടവകയിലെ കൊടിമരം മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് അനുവാദം (കല്പനനമ്പർ 552/2015).
13. ചിറ്റിശ്ശേരി ഇടവകയിലെ അൾത്താര നവീകരണകാലഘട്ടത്തിൽ വി. ബലിയും മറ്റു തിരുകർമ്മങ്ങളും ഹാളിൽ പരികർമ്മം ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 557/2015).
14. എടക്കളത്തൂർ ഇടവകയുടെ കീഴിലുള്ള പുത്തൂർ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അതിരൂപതയിലെ മറ്റു പള്ളികളിൽ നിന്നും സാമ്പത്തികസഹായം സ്വീകരിക്കുന്നതിന് അനുമതി (കല്പനനമ്പർ 562/2015).
15. അരിമ്പൂർ ഇടവകയിലെ വി. ഗീവർഗീസ് സഹദായുടെ തീർത്ഥകേന്ദ്രത്തിൽ ഞായറാഴ്ചകളിൽ വി. ബലിയർപ്പിക്കുന്നതിന് അനുമതി (കല്പനനമ്പർ 563/2015).
16. വിജയപുരം ഇടവകയിൽ അടിയാറ കപ്പേള ട്രസ്സ് വർക്ക് ചെയ്യുന്നതിന് പള്ളിഫണ്ടിൽ നിന്ന് പണമെടുക്കുന്നതിനും ടി. കപ്പേളയുടെ പുനരുദ്ധാരണം കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ നടത്തുന്നതിനും അനുവാദം (കല്പനനമ്പർ 564/2015).
17. എരുമപ്പെട്ടി ഇടവകയ്ക്ക് ദാനമായി ലഭിച്ച സ്ഥലത്ത് കപ്പേള നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 565/2015).
18. നന്തിപുലം ഇടവകയിൽ സെമിത്തേരി കപ്പേള പുനരുദ്ധരിക്കുന്നതിനും കല്ലറകളുടെ നിരക്ക് വർധനവിനും സെൽ ടൈപ്പ് കല്ലറകൾ നിർമ്മിക്കുന്നതിനും അനുമതി (കല്പനനമ്പർ 566/2015).

തെരട്ട്

1. തൃശ്ശൂർ അതിരൂപത കെ. എൽ. എം. ന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 462/2015).
2. തൃശ്ശൂർ അതിരൂപത കെ. സി. വൈ. എം. & കാത്തലിക് യൂണിയന്റെ ന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 465/2015).
3. പഴയന്നൂർ ഇടവകദൈവാലയ നിർമ്മാണഫണ്ടിന്റെ 2005 -2014 വരെയുള്ള തെരട്ടിന് അംഗീകാരം (കല്പനനമ്പർ 466/2015).
4. തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 478/2015).
5. തൃശ്ശൂർ അതിരൂപത സ്വിഫ്റ്റ് കുറീസിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 571/2015).
6. തൃശ്ശൂർ അതിരൂപത കാത്തിലിക് നേഴ്സസ് ഗിൽഡിന്റെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 572/2015).
7. തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസിയുടെ 2013-2015 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 573/2015).

**12. പ്രത്യേക നിയമനങ്ങൾ :**

**a. PAROCന്റെ ട്രസ്റ്റ്**

എക്സിക്യൂട്ടീവ് ബോഡി അംഗങ്ങൾ

1. ഡോ. വിൻസെന്റ് കുണ്ടുകുളം
2. ഡോ. ബിൽജു വാഴപ്പിള്ളി
3. ഡോ. ജോസ് കല്ലറക്കൽ
4. ഡോ. മേരി റെജീന

**b. ഡോളേഴ്സ് ചർച്ച് കൂറീസ് ഡയറക്ടർ ബോർഡ് അംഗങ്ങൾ**

1. ശ്രീ. ജോസ് പോട്ടോക്കാരൻ
2. മേജർ വി. ജെ. ദേവസ്സി
3. ശ്രീ. അന്തോണികുട്ടി ടി. കെ.
4. ശ്രീ. സി. ജെ. പോൾ
5. ശ്രീ. ഇ. പി. ഡേവിസ്
6. ശ്രീ. പി. ജെ. ജോണി
7. ശ്രീ. സി. പി. ജോസ്
8. ശ്രീ. സി. കെ. സണ്ണി

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| | | | |
|---|---|---|---|
| 01 | Wed | Evening | |
| 02 | Thu | Morning | Maundy Thursday: Holy Mass at Basilica Grace Home |
| | | Afternoon | Central Jail |
| | | Evening | Maundy Eve at Basilica. |
| 03 | Fri | Morning | Good Friday: Lourdes Cathedral |
| | | Evening | Good Friday Message and blessing at Basilica |
| 04 | Sat | Morning | **For The People** |
| | | Afternoon | Prayer |
| 05 | Sun | Morning | Easter: Lourdes Cathedral |
| 06 | Mon | Morning | Holy Mass and Inauguration of Vocation Week at Lourdes Cathedral |
| | | | Holy Mass: Girl's Vocation Camp at Alagappanagar |
| | | Evening | |
| 07 | Tue | Morning | Holy Mass at Minor Seminary: Vocation camp for Boys Inauguration of Holy Childhood Camp at DBCLC |
| 08 | Wed | | Engaged |
| | | Evening | JMMC trust Meeting |
| 09 | Thu | Morning | Verapuzha Synod: Ernakulam |
| | | Evening | Finance Council |
| 10 | Fri | Morning | Holy Mass at Minor Seminary: Vocation Camp for Boys **For Priest & Religious** |
| | | Evening | Holy Mass & Blessing of the shrine at Pazhuvil |
| 11 | Sat | Evening | Y-15 Meet (Christen Camp) at DBCLCFinal Profession: Society of Ladies of Mary Immaculate |
| | | Forenoon | Holy Mass & Inauguration of Platinum Jubilee at Palakkal |

| | | | |
|---|---|---|---|
| 12 | Sun | Afternoon | Pastoral Visit: Madona Nagar |
| 13 | Mon | Morning | Leaders Camp for Junior CLC at DBCLCInstitution Director's Meeting |
| | | Afternoon | MMB: Provincial Meeting at Mariapuram |
| | | Evening | Bible Convention at Vendore |
| 14 | Tue | Morning | Curia Meeting |
| 15 | Wed | Morning | Holy Mass at Elthuruth, Engaged /**For the People** |
| 16 | Thu | Morning | Engaged |
| | | Afternoon | **Ordination at Nellikkunnu** |
| 17 | Fri | | Prayer Day |
| 18 | Sat | Morning | Benefactor's Meet ( Social Action) |
| | | Afternoon | Vestition & Jubilee SNDS at Mulayam |
| | | Evening | Meeting With Novices of St. Martha Congregation at Mulayam |
| 19 | Sun | | **Pastoral Visit: Peechi** |
| 20 | Mon | Morning | Holy Mass at Nirmalalayam |
| | | | Priests' Conference |
| 21 | Tue | Morning | Curia MeetingAnimators Camp: |
| | | | Children Ministry at DBCLCOffice Work |
| | | Evening | To Bangalore: **CBCI** |
| 22 | Wed | | **CBCI** |
| 23 | Thu | Afternoon | **CBCI** |
| 24 | Fri | Morning | **CBCI** |
| 25 | Sat | Afternoon | Vestition & Golden Jubliee of CMC Congregation at Ammadam |
| | | Evening | Meeting at Pudukad |
| 26 | Sun | Morning | 1st Holy Communion at Lourde Cathedral |
| | | Evening | Centenary Celebration at Mupliyam |
| 27 | Mon | Forenoon | Holy Mass at St. Mary's Convent: Golden Jubilee |
| | | Afternoon | **Priest and Religious** |
| 28 | Tue | | Engaged |
| 29 | Wed | | Out |
| 30 | Thu | Morning | Consulters' Meeting |



Apr. 2015

# സഹായമെത്രാന്റെ പരിപാടികൾ



| | | | |
|---|---|---|---|
| 1-7 | | | Holy week- Chennai |
| 8 | WED | Morning | Divine Retreat Centre |
| 9 | THU | Morning | Office work |
| 10 | FRI | Morning | Holy Qurbana -Gagultha Retreat Centre, Kurumal |
| | | Evening | Piravam -First Holy Communion |
| 11 | SAT | Morning | Youth Convention, Muringoor |
| 12 | SUN | | Bangalore |
| 13 | MON | Evening | Holy Qurbana -Vylathur |
| 14 | TUE | Morning | Holy Qurbana –Mariapuram MMB Brotheras |
| | | Evening | Convention- Vendore |
| 15 | WED | Morning | Koonamuchi |
| | | Evening | Nedupuzha |
| 16 | THU | Morning | Final Profession – Kolazhy CSC Generalate |
| 17-19 | FRI | | Pondicherry |
| 20 | FRI | Morning | Priest Conference |
| | | Evening | Koorkancherry |
| 21 | TUE | Morning | Office work |
| 22 | WED | | KST Visit to Kannur, Kozhikode and Kasarkode |
| 23 | THU | Morning | Office work |
| 24 | FRI | Morning | Office work |
| 25 | SAT | Morning | Basilica- First Holy Communion |
| 26 | SUN | | Bangalore |
| 27 | MON | Morning | Office work |
| 28 | TUE | Morning | Office work |
| 29 | WED | Morning | Office work |
| 30 | THU | Morning | Office work |

# നാളാഗമം

ഫെബ്രുവരി- 2015

2. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് സമർപ്പിതവർഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തൈക്കാട്ടുശ്ശേരി പള്ളിയിൽ ഇടവകദിന ആഘോഷപരിപാടി കളിൽ സംബന്ധിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് 'കത്തോലിക്കസഭ' യുടെ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പുതുരുത്തിയിൽ വി. ബലി യർപ്പിച്ച് കപ്പേളയുടെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പഴുവിൽ, വരാക്കര നോർത്ത് പള്ളികളിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു
4. അഭിവന്ദ്യ തട്ടിൽ പിതാവ് ആറ്റത്ര പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
5. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് ക്ലെയേഴ്സ് എൽ. പി. സ്കൂളിന്റെ നവതിയാഘോഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മഡോണ മൈനർ സെമിനാരിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു, മൂന്നാം വർഷ വൈദികവിദ്യാർത്ഥികളെ കണ്ട് സംസാ രിച്ചു.
6. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ നവജ്യോതി പ്രോവിൻഷ്യാൽ ഹൗസിൽ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി.
7. അഭിവന്ദ്യ താഴത്ത് പിതാവ് മഡോണനഗർ മൈനർ സെമിനരിയിൽ വി. ബലിയർപ്പിക്കുകയും 'Parents Day'യിൽ പങ്കെടുക്കുകയും ചെയ്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് സി. എൽ. സി. ഭാരവാഹികളുടെ യോഗ ത്തിൽ പങ്കെടുത്തു.
9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ ഏയ്ഞ്ചൽ നഗർ ദൈവാല യത്തിൽ ഡീ. നിജിൽ ചിറമ്മലിന് തിരുപ്പട്ടം നൽകി. ഉച്ചതിരിഞ്ഞ് ആലുവ സെമിനരിയിൽ കമ്മീഷൻ മീറ്റിംഗിനു പോയി.
10. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളാറ്റഞ്ഞൂരിൽ പ്രേഷിതാരാം സിസ്റ്റേ ഴ്സിന്റെ മഠത്തിൽ വി. ബലിയർപ്പിച്ച് ആശീർവാദകർമ്മം നിർവഹിച്ചു.
11. അഭിവന്ദ്യ താഴത്ത് പിതാവ് ആകമാന സുറിയാനി സഭയുടെ പരമാധ്യ

ക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവയ്ക്ക് കണ്ണാറയിൽ അങ്കമാലിയിലും വച്ചു നടന്ന സ്വീകരണങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മാരാമൺ കൺവെൻഷനിൽ പങ്കെടുത്ത് വചനസന്ദേശം നൽകി.

12. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനരിയിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ നടന്ന സ്റ്റാഫ് റിട്ടയർമെന്റ് യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ചെമ്പുക്കാവ് ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ ചിൽഡ്രൻസ് മിനിസ്ട്രിയുടെ സമ്മാനദാനചടങ്ങ് നിർവഹിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് ക്ലെയേഴ്സ് സ്കൂളിൽ നടന്ന വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മോൺ. സഖറിയാസ് വാഴപ്പിള്ളിയച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ചു നടന്ന അനുസ്മരണസമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് ഏറണാകുളം-അങ്കമാലി അതിരൂപതയിലെ മേലൂർ പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് മണ്ണുത്തിയിലെ സി. എച്ച്. എഫ്. ജനറലേറ്റിൽ നടന്ന ജനറൽ ഇലക്ഷനിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഡൽഹിയിലേക്ക് യാത്ര തിരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് തൈക്കാട്ടുശ്ശേരി പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

16. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ലൂർദ്ദ് പള്ളിയിൽ വഭൂതി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

17. അഭിവന്ദ്യ തട്ടിൽ പിതാവ് ഏകദിന വൈദികമാസധ്യാനത്തിൽ പങ്കെടുത്തു.

18 അഭിവന്ദ്യ തട്ടിൽ പിതാവ് നോർത്ത് നന്തിപുലം പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കര സി. എച്ച്. എഫ്. നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ നടന്ന സിനാക്സിസിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് കുർക്കഞ്ചേരി ചാരിറ്റി സിസ്റ്റേഴ്സിന്റെ പ്രോവിൻഷ്യാൽ ഹൗസിൽ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി.

20. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഇടവകപള്ളിയിൽ വി. ബലി

യർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ദീപികയുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് പാലയൂർ മഹാ തീർത്ഥാടന ജാഗരണ പദയാത്ര ബസിലിക്കയിൽ ഉദ്ഘാടനം ചെയ്തു. ബഹു ആന്റണി ചെറയത്ത് അച്ചന്റെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്ത് അനുശോചന സന്ദേശം നൽകി. വൈകീട്ട് പാലയൂർ ജാഗരണ പദയാത്രയിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ലാമല സെന്റ് പോൾ ഗുകുകുലത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് സൗത്ത് അഞ്ചേരി പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രമരത്താക്കരയിൽ നടന്ന ദർശനസഭയുടെ അതിരൂപത കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ സെന്ററിൽ നടന്ന മദ്യവിരുദ്ധസമിതിയുടെ ഏകദിനയോഗത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ആമ്പക്കാട് പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വെള്ളാറ്റഞ്ഞൂർ പള്ളിയിൽ കൈക്കാരന്മാരുടെ സംഗമത്തോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നൽകി.

24. അഭിവന്ദ്യ തട്ടിൽ പിതാവ് മുക്കാട്ടുകര സെന്റ് ജോർജ്ജ് എൽ. പി. സ്കൂളിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി.

25. അഭിവന്ദ്യ തട്ടിൽ പിതാവ് മണ്ണുത്തി എസ്. ഡി. വി. സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് ഗാഗുൽത്താ ധ്യാനകേന്ദ്രത്തിലെ ബൈബിൾ കൺവെൻഷനിൽ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്ക പള്ളിയിൽ വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആനപ്പാറ വൃദ്ധസദനത്തിലെ ബഹു. ശ്രീ. സി. ജെ. ജെയിംസ് സാറിന്റെ sent-off മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് കോതമംഗലം രൂപതയിൽ നടന്ന വിൻസെന്റ് ഡി പോൾ സംഘടനയുടെ നാഷണൽ കൗൺസിൽ പ്രസിഡന്റിന്റെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തു.

# സാമ്പത്തിക കാര്യാലയം

### 1. മാർ കുണ്ടുകുളം ട്രസ്റ്റ്

മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്ന് ഈ സാമ്പത്തികവർഷം (2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ) വിവാഹ സഹായമായി 5000 രൂപ ലഭിക്കാവുന്ന പള്ളികൾ അതിരൂപത ഡയറക്ടറിയിലെ (2012) പള്ളികളുടെ ലിസ്റ്റിൽ കിരാലൂർ മുതൽ തൊറവ് (83 മുതൽ 213) വരെയാണ്.

### 2. സി. എ. ഓഡിറ്റ്

2014 –2015 വർഷത്തെ കണക്കുകൾ മെയ് 25–ാം തിയ്യതി മുതൽ ആർച്ച്ബിഷപ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്തപ്പെടുന്നു. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്സ് ഹൗസിൽ വെച്ച് സി.എ. ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഏപ്രിൽ 10–ാം തിയ്യതിക്കുമുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

### 3. സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗ് റിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളുടെയും ഡയറക്ടർമാരുടെയും കണക്കുകൾ കൈകാര്യം ചെയ്യുന്നവരുടേയും ഒരു സംയുക്ത മീറ്റിംഗ് 2015 മാർച്ച് 5ന് രാവിലെ 11 മണിയ്ക്ക് ആർച്ച്ബിഷപ്സ് ഹൗസിൽ വെച്ച് കൂടുകയുണ്ടായി. അതിരൂപത ഫൈനാൻസ് ഓഫീസ്സർ എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മാറി മാറിവരുന്ന സാഹചര്യത്തിൽ കണക്കുകൾ നിയമാനുസൃതവും സുതാര്യവുമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത പിതാവ് എടുത്തുപറഞ്ഞു. ബഹു. ജനറാളച്ചന്മാരും ചാർട്ടേഡ് അക്കൗണ്ടന്റുമാരും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

ഈ മീറ്റിംഗിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ ഇതാണ്. അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളും (വിദ്യാഭ്യാസ സ്ഥാപനങ്ങളും ആസ്പത്രികളും അടക്കം) കൃത്യസമയത്ത് സി.എ. ഓഡിറ്റ് നടത്തി ഇൻകം ടാക്സ് റിട്ടേൺ അതതുവർഷം സെപ്തംബർ 30നുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്.

### 3. വരവ്– ചെലവ് കണക്കുകൾ – ഫെബ്രുവരി 28, 2015

| നമ്പർ | പേര് | പെസഹാ വ്യാഴം | മിഷൻ ഞായർ | ഞായർ പിരിവ് |
|---|---|---|---|---|
| 1. | അത്താണി | - | 20550 | - |

| | | | | |
|---|---|---|---|---|
| 2. | മഡോണ നഗർ | - | 24170 | |
| 3. | പഴയങ്ങാടി | 20565 | 13025 | |
| 4. | പൂങ്കുന്നം | - | 30000 | |
| 5. | പൂത്തറയ്ക്കൽ | - | 3953 | |
| 6. | പുത്തൻപീടിക | - | 78863 | |
| 7. | തൃശ്ശൂർ കത്തീഡ്രൽ | | 277273 | |
| 8. | അസ്സീസി മഠം, തൃശ്ശൂർ | - | | 200 |

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

പെരിങ്ങോട്ടുകര - 5000
കൂനംമൂച്ചി - 5000
ഏനാമാക്കൽ - 5000

**11. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ - 16,000

**5. അതിരൂപതാ സഹായ ഫണ്ട്**

1. വിവാഹം - 26000
2. വിദ്യാഭ്യാസം - 4000
3. ഭവന നിർമ്മാണം - 30500
4. ചികിത്സ - 82750

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. റിഞ്ചോ ഓലപ്പുരയ്ക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. ജോസഫ് പുളിക്കൻ | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. തോബിയാസ് ചാലക്കൽ | 17 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |

| | |
|---|---|
| ഫാ. മേജോ കോരെത് | 28 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. വർഗ്ഗീസ് കരിയാറ്റിൽ | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| മോൺ. ജോർജ്ജ് അക്കര | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |

| | |
|---|---|
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| മോൺ. ജോർജ്ജ് കോമ്പാറ | 24 |
| മോൺ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25-04-1895 |
| യോഹന്നാൻ അമ്പൂക്കൻ | 19-04-1930 |
| തോമസ് മാളിയേക്കൽ | 16-04-1944 |
| മാത്യു കൊള്ളന്നൂർ | 27-04-1944 |
| ജോർജ്ജ് വാഴപ്പിള്ളി | 18-04-1962 |
| സെബാസ്റ്റ്യൻ തട്ടിൽ | 01-04-1963 |
| ജോസഫ് വലിയവീട്ടിൽ | 10-04-1972 |
| ജോൺ വാലികോടത്ത് | 24-04-1973 |
| അബ്രാഹം കിഴക്കൂടൻ | 28-04-1977 |
| സേവ്യർ അക്കര | 07-04-1978 |
| ഫ്രാൻസിസ് ബ്രഹ്മകുളം | 18-04-1982 |
| പോൾ കല്ലൂക്കാരൻ | 16-04-1983 |
| ജോൺ ചാലക്കൽ | 14-04-1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11-04-1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11-04-1997 |
| ഫ്രാൻസിസ് ചിറമ്മൽ | 18-04-1997 |

അതിരൂപതയുടെ സ്മരണാഞ്ജലി

# ആദരാഞ്ജലികൾ

## റവ. ഫാ. ആന്റണി ചെറയത്ത്

(03.041935 – 19.02.2015)



തൃശൂർ അതിരൂപതയിലെ വൈദികൻ റവ. ഫാ. **ആന്റണി ചെറയത്ത്** (79) 2015 ഫെബ്രുവരി 19 ന് വ്യാഴാഴ്ച രാവിലെ 5:40ന് അന്തരിച്ചു.

അവിഭക്ത തൃശൂർ രൂപതയിലെ പറപ്പൂക്കര ഇടവക ചെറയത്ത് വാറപ്പൻ - റോസ ദമ്പതികളുടെ മകനായി 1935 ഏപ്രിൽ 3ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1961 മാർച്ച് 13ന് മാർ ജോർജ് ആലപ്പാട്ട് പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ഒല്ലൂർ, തൃശൂർ ലൂർദ്ദ് കത്തീഡ്രൽ എന്നീ പള്ളികളിൽ അസ്തേന്തിയായും കനകമല, മങ്ങാട്, ആറ്റത്ര, പതിയാരം, വെളയനാട്, കൊറ്റനെല്ലൂർ, പൂവത്തുശ്ശേരി, പാറക്കടവ്, പുത്തൻചിറ, പാലയൂർ, ഒരുമനയൂർ, വേലൂപ്പാടം, കൂനമ്മൂച്ചി, അരണാട്ടുകര, മറ്റം, ആളൂർ, കോളേങ്ങാട്ടുകര, നിർമ്മലപുരം, മരിയാപുരം, ഏനാമ്മാവ്, വൈലത്തൂർ, ചിറ്റിലപ്പിള്ളി, നെടുപുഴ എന്നീ ഇടവകകളിൽ വികാരിയായും അമ്പനോളി, വെളുത്തൂർ എന്നീ പള്ളികളുടെ നടത്തുവികാരിയായും സേവനം ചെയ്തിട്ടുണ്ട്. പൂവത്തുശ്ശേരി സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ സ്ഥാപകനും ഡയറക്ടറുമായിരുന്ന അദ്ദേഹം വേലൂപ്പാടം ആശുപത്രിയുടെയും ഡയറക്ടർ ആയിട്ടുണ്ട്. അതിരൂപതാ ആലോചനസമിതി, സ്കൂൾ കമ്മീഷൻ, അതിരൂപതാ രേഖാലയം എന്നിവയിലും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹമാണ് കനകമല തീർത്ഥാടനം ആരംഭിച്ചത്. കനകമല, മങ്ങാട്, വെളയനാട്, പാറക്കടവ്, പുത്തൻചിറ, ഒരുമനയൂർ, വേലൂപ്പാടം, വാക, ചിറ്റിലപ്പിള്ളി എന്നിവിടങ്ങളിൽ ദൈവാലയ നിർമ്മാണം നടത്തി. വേലൂപ്പാടം സെന്റ് ജോസഫ് ഹൈസ്കൂളും

അദ്ദേഹം ആരംഭിച്ചു. 2012 മുതൽ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2015 ഫെബ്രുവരി 20ന് രാവിലെ 6:30ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വി. ബലിക്കുശേഷം മൃതദേഹം 8 വരെ പൊതുദർശനത്തിനുവച്ചു. തുടർന്ന് പറപ്പൂക്കര നെടുമ്പാളിലുള്ള സഹോദരൻ ദേവസ്സിക്കുട്ടിയുടെ വസതിയിലേക്ക് കൊണ്ടുപോകുകയും അവിടെവച്ച് മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗം അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെയും മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ നടത്തുകയും ചെയ്തു. തുടർന്ന് രാവിലെ 11 മണിയോടെ മൃതദേഹം ചിറ്റിലപ്പിള്ളി പള്ളിയിലേക്ക് കൊണ്ടുവരികയും അവിടെ പൊതുദർശനത്തിനു വയ്ക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2:30ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയും മൃതസംസ്കാരശുശ്രൂഷയുടെ സമാപനചടങ്ങുകളും നടത്തപ്പെട്ടു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് അനുശോചനസന്ദേശം നൽകി.

എന്റെ പ്രതീക്ഷ ദൈവത്തിലാകുന്നു എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അത്യധ്വാനം ചെയ്ത ചെറയത്ത് ബഹു. ആന്റണി അച്ചന് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ അന്ത്യാഞ്ജലികൾ!!!!!!

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

09.01.2015 സി.എം.സി സെന്റ് മേരീസ് കോൺവെന്റ് ഒല്ലൂരിൽ നിന്നും വാദ്യമേളങ്ങളുടെ അകമ്പടിയോടെ ഇടവക ദേവാലയത്തിലേക്കുള്ള തിരുശേഷിപ്പ് പ്രദക്ഷിണത്തിൽ ധാരാളം ഭക്തജനങ്ങളും സിസ്റ്റേഴ്സും പങ്കെടുത്തു.

10.01.2015 സി.എം.സി അതിരൂപതതലത്തിൽ ഒല്ലൂരിൽ വച്ച് നടന്ന കൃതജ്ഞതാബലിയിലും സമ്മേളനത്തിലും അനേകം ഭക്തജനങ്ങൾ പങ്കെടുത്തു. സീറോ മലബാർ, ലത്തീൻ എന്നീ റീത്തുകളിൽനിന്നും മുപ്പത്തിമൂന്നോളം മെത്രാന്മാർ വി. ബലിയിൽ പങ്കെടുത്തത് ഈ ദിനത്തിന്റെ പവിത്രതക്ക് മാറ്റുകൂട്ടി. വത്തിക്കാൻ കാര്യാലയത്തിലെ ധനകാര്യ പ്രസിഡന്റ് Cardinal Giuseppe Versaldi കർമ്മലീത്താ സന്യാസിനി സമൂഹത്തിന്റെ ശതോത്തര സുവർണ്ണ ജൂബിലിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പൊതു സമ്മേളനം ഉത്ഘാടനം ചെയ്തു. നിറമനസ്സോടെ ആദ്യന്തം പങ്കുകൊണ്ട ഭക്തജനങ്ങൾ ദൈവാനുഗ്രഹം നേടി. ഇത് സി.എം.സി സമൂഹത്തിന് സ്വർണ്ണലിപികളിലെഴുതിയ ചരിത്രസംഭവമായി മാറി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് എവുപ്രാസ്യ തിർത്ഥകേന്ദ്രത്തെ അതിരൂപതയുടെ തീർത്ഥ കേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.

01.02.2015എഫ്.സി.സി. പാട്ടുരായ്ക്കൽ സി. എം. ഐ ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന വി. ചാവറയച്ചന്റെ ജന്മദിനാഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

തൃശൂർ അസ്സീസി പ്രോവിൻസിനെ ഗ്രീൻ അസ്സീസി ആക്കുന്നതിന്റെ ഭാഗമായി നൂതനമായ കൃഷി രീതികൾക്ക് പരിശീലനം നൽകുന്നതിനായി ഒരു ഗ്രൂപ്പ് സിസ്റ്റേഴ്സിന് അസ്സീസിയിൽ വെച്ച് ക്ലാസ്സുകൾ നൽകി.

സി.എസ്.എസ്. 1,2 തിയതികളിൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ സുപ്പീരിയേഴ്സ് മീറ്റിംഗിൽ പ്രോവിൻസിൽ നിന്നുള്ള 38 സുപ്പീരിയേഴ്സ് പങ്കെടുത്തു. റവ.ഫാ. ജോസൻ സി.എം. ഐ. ക്ലാസെടുത്തു.

02.02.15 എസ്.എ.ബി.എസ്. ബാംഗ്ലൂർ സെന്റ് ജോസ് മെഡിക്കൽ കോളേജിൽ നിന്നും M.Sc. MLT ഒന്നാം റാങ്കോടെ പാസ്സായ സി. ലീ ജോസ് കൈപ്രമ്പാട്ടിന് പ്രോവിൻസിന്റെ അഭിനന്ദനങ്ങൾ.

സമർപ്പിതവർഷത്തിലെ സമർപ്പിതദിനമായ ഫെബ്രുവരി 2 ന് അതത് ഇടവകകളിൽ സമർപ്പിതർക്കായി നടത്തിയ പ്രത്യേകപരിപാടികളിൽ സമർപ്പിതർ പങ്കെടുത്തു. അന്നേദിനം ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ

അഭിവന്ദ്യ ആൻഡ്രൂസ് താഴത്തുപിതാവിന്റേയും അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റേയും മറ്റു വൈദീകരുടേയും കാർമ്മീകത്വത്തിൽ അർപ്പിക്കപ്പെട്ട വി. ബലിയിൽ എല്ലാ സന്യാസസമൂഹങ്ങളിലേയുംമേജർ സുപ്പീരിയേഴ്സും മറ്റ് പ്രതിനിധികളും സംബന്ധിച്ചു.

05.02.2015 സി.എം.സി. കല്യാൺമിഷനിലെ khopoli കാർമ്മൽ കോൺവെന്റിന്റെ സിൽവർ ജൂബിലിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറും സി. ധീരയും മറ്റു സിസ്റ്റേഴ്സും പങ്കുകൊണ്ടു.

എഫ്.സി.സി. തൃശൂർ സെന്റ് ക്ലെയേഴ്സ് എൽ. പി. സ്കൂളിന്റെ നവതിയും വാർഷികാഘോഷവും സംയുക്തമായി സമുചിതമായ പരിപാടികളോടെ ആചരിച്ചു.

എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ടീം, ലോക്കൽ സുപ്പീരിയേഴ്സ്, Super Senior Sisters എന്നിവരോടൊപ്പം പനമുക്ക്, നെല്ലിക്കുന്ന്, അമ്മാടം, ചേർപ്പ്, മാപ്രാണം എന്നീ ദേവാലയങ്ങളും വി.എവുപ്രാസ്യാമ്മയുടെ കാട്ടൂരിലുള്ള ജന്മഗൃഹവും ഒല്ലൂരിലെ കബറിടവും സന്ദർശിച്ച് പ്രാർത്ഥിച്ചു.

06.02.2015 സി.എച്ച്.എഫ്. .തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലിയർപ്പിച്ചു.

എഫ്.സി.സി. ആലുവ ജനറലേറ്റിൽ നടന്ന ജനറൽ പ്ലീനറി സിനാക്സിസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും മുൻ പ്രൊവിൻഷ്യൽ സി. സ്റ്റാർലെറ്റ് സ്കറിയയും പങ്കെടുത്തു.

07.02.2015 എസ്.എ.ബി.എസ്. പാലക്കാട് പ്രോവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയാഘോഷപരിപാടികളിൽ ജൂബിലേറിയൻസ്, സി.സോഫി പെരേപ്പാടനോടൊപ്പം പങ്കെടുത്തു.

08.02.2015 സി.എം.സി. ഈ വർഷം Theology course-ന് പോകുന്ന ജൂനിയേഴ്സിന്റെ gathering പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തി. എഫ്.സി.സി. തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക-അനധ്യാപകർക്കായി 2015 ഫെബ്രുവരി 8 -ാം തീയതി ഞായറാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽനടന്ന ഹൗസിൽവച്ച് ഒരു യാത്രയയപ്പ് നൽകി. ഈ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ, പ്രിൻസിപ്പൽമാർ എൽ. പി., യു. പി, ഹൈസ്കൂൾ ഹെഡ്മിസ്ട്രസുമാർ എന്നിവർ സംബന്ധിച്ചു.

10.02.2015 സി.എം.സി. സന്യാസിനി സമൂഹം മുഴുവൻ ഇന്ന് പരിഹാരദിനമായി ആചരിച്ചു.

വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ആലുവയിൽ നടന്ന KCMS ന്റെ മീറ്റിംഗിൽ സി.എസ്.സി. സുപ്പീരിയർ ജനറൽ ബഹു.മദർ ലുസീനയും എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീ

രിയർ സി. റോസ് അനിതയും കോർപ്പറേറ്റ് മാനേജർ സി. റോസ് ഫിദേലിയ എഫ്.സി.സി. യും സംബന്ധിച്ചു.

12.02.2015 സി.എം.സി സഭാസ്ഥാപനത്തിന്റെ 150-ാം വർഷം പ്രൊവിൻസിൽ ഔദ്യോഗികമായി ഉദ്ഘാടനം നടത്തി. എല്ലാ സുപ്പീരിയേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ ഒത്തു കൂടി. പ്രത്യേകം അലങ്കരിച്ച തിരിയും, ഒരു വർഷം ചെല്ലുവാനുള്ള പ്രാർത്ഥനയും എല്ലാ സുപ്പീരിയേഴ്സിനും നൽകുകയുണ്ടായി. അതിനോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ 13 മണിക്കൂർ ആരാധനയും, ലോക്കൽ കമ്യൂണിറ്റികളിൽ 3 മണിക്കൂർ ആരാധനയും നടത്തി .

എസ്.എ.ബി.എസ്. എറണാകുളം, പാലക്കാട്, തൃശൂർ എന്നീ പ്രോവിൻസുകളിൽ സുവർണ ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സ് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ചുകൂടി. സമൂഹം ഇവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിച്ചു. തിരുമണിക്കൂർ ആരാധന, സ്നേഹവിരുന്ന്, പങ്കുവയ്ക്കൽ എന്നിവ ഈ ദിനത്തെ കൂടുതൽ സന്തോഷപ്രദമാക്കി.

എസ്.എ.ബി.എസ്. ബ.ജനറാളമ്മ, മദർ റോസ് കെയ്റ്റ് പ്രഥമവ്രതവാഗ്ദാനത്തിനും സഭാവസ്ത്രസ്വീകരണത്തിനുമായി ഒരുങ്ങുന്ന നോവിസസിനെ കണ്ട് ആത്മീയോപദേശങ്ങൾ നൽകി.

13.02.2015 എഫ്.സി.സി. 2015 ഫെബ്രുവരി 13-ാം തീയതി വൈകിട്ട് 6 മുതൽ 15-ാം തീയതി രാവിലെ വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന മാസധ്യാനത്തിൽ എല്ലാ ജൂനിയർ സിസ്റ്റേഴ്സും സംബന്ധിച്ചു.

14.02.2015 സി.എസ്.എസ്. മണ്ണുത്തിയിലുള്ള ഹോളി സ്പിരിറ്റ് ജനറലേറ്റിൽ വച്ച് 5 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജുബിലിയും 11 സിസ്റ്റേഴ്സിന്റെ സിൽവർ ജുബിലിയും ആഘോഷിച്ചു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമ്മികനായിരുന്നു. സമരിറ്റൻ സിസ്റ്റേഴ്സിന്റെ വടക്കേ ഇന്ത്യയിലുള്ള സ്നേഹാരാം പ്രോവിൻസിൽ ആദ്യവ്രതവാഗ്ദാനം നടത്തിയ 12 സിസ്റ്റേഴ്സിന് ഹോളി സ്പിരിറ്റ് ജനറലേറ്റിൽ വച്ച് ഹൃദ്യമായ സ്വീകരണം നൽകി അനുമോദിച്ചു.

15.02.2015 സി.എച്ച്.എഫ്. .ജനറലേറ്റിൽ, തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന 18-ാം സുപ്പീരിയർജനറൽ ഇലക്ഷൻ സിനാക്സിസിൽ, സുപ്പീരിയർ ജനറലായി മദർ ഉദയ തിരഞ്ഞെടുക്കപ്പെട്ടു. അഭിവന്ദ്യപിതാവും സമൂഹാംഗങ്ങളും ചേർന്ന് പുതിയ സുപ്പീരിയർ ജനറലിന് ആശംസകൾ നേർന്നു. സി.എച്ച്.എഫിനെ ആറു വർഷം നയിച്ച മുൻ സുപ്പീരിയർ ജനറൽ മദർ പ്രസന്ന തട്ടിലിന് നന്ദികളർപ്പിച്ചു.

17.02.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ സിംഫോറിയയും കൗൺസിൽ ടീമും പാലക്കാട് രൂപതാദ്ധ്യക്ഷൻ

അഭിവന്ദ്യ മാർ ജേക്കബ് മാനത്തോടത്ത് പിതാവിനെ സന്ദർശിച്ചു.

എസ്.എ.ബി.എസ്. SSLC, +2 പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കു വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കന്മാർക്കുമായി ഭവന സമൂഹങ്ങളിൽ തിരുമണിക്കൂർ ആരാധന നടത്തി.

18.02.2015 സി.എച്ച്.എഫ്. Daughters of Our Lady of Protection സന്യാസിനീസമൂഹത്തിൽ നിന്നും സി.എച്ച്.എഫിൽ അംഗമാകുകയും,നവജ്യോതി പ്രോവിൻസിലേക്ക് ഓപ്റ്റ് ചെയ്യുകയും ചെയ്ത സി.എൽവീന മരിയക്ക് പ്രൊവിൻഷ്യലേറ്റിൽ ഹൃദ്യമായ സ്വീകരണം നൽകി.

19.02.2015 സി.എച്ച്.എഫ്. തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ദിവ്യബലിയർപ്പിച്ചു. 13-ാം പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിസിനുള്ള ആശംസകളും സന്ദേശവും നൽകി.

20.02.2015 സി.എച്ച്.എഫ്. സുപ്പീരിയർ ജനറൽ, മദർ ഉദയയുടെ അദ്ധ്യക്ഷതയിൽ നവജ്യോതി പ്രോവിൻസിന്റെ 13-ാം മത്തെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സി.മേഴ്സി പോൾ തിരഞ്ഞെടുക്കപ്പെട്ടു. സുപ്പീരിയർ ജനറലും സമൂഹാംഗങ്ങളും ചേർന്ന് പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറിന് ആശംസകൾ നേർന്നു.കഴിഞ്ഞ മൂന്നു വർഷം പ്രോവിൻസിനെ നയിച്ച മുൻ പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫിന് നന്ദികളർപ്പിച്ചു.

21.02.2015 എസ്.എ.ബി.എസ്. സി.റോസിലി മഞ്ഞളി, സി.ലിസ്സ് തെരേസ് കാളൻ എന്നിവർ ഫാമിലി അപ്പൊസ്തൊലേറ്റിൽ വച്ച് നടത്തപ്പെട്ട ഏകദിനസെമിനാറിൽ പങ്കടുത്തു.

22.02.2015 സി.എം.സി. ആഫ്രിക്കയിലെ ടാൻസാനിയ രൂപതയിലെ മെത്രാൻ മാർ പോൾ റുസോക്കോ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചപ്പോൾ പിതാവിന്റെ മെത്രാഭിഷേകരജതജൂബിലിയുടെ ആശംസകൾ നേരുകയുണ്ടായി.

23.02.2015 സി.എം.സി. കോളേജ്, സ്കൂൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി.ഓമർ Teaching & Non- teaching Retiring Staff നെ പ്രത്യേകം ആദരിച്ച് സ്നേഹവിരുന്നും Farewell memento നൽകുകയും ചെയ്തു.

എസ്.എ.ബി.എസ്. പടവരാട് നൊവിഷ്യേറ്റ് ഹൗസിൽ ബ.പ്രൊവിൻഷ്യാളമ്മ ഔദ്യോഗിക സന്ദർശനം നടത്തി.

25.02.2015 സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫെന്റ് ജീസസ് സ്ക്കൂളിൽ നിന്നും സെന്റിനറി സ്മാരകമായി, 7-ാം ക്ലാസ് വിദ്യാർത്ഥിനി സായൂജ്യയ്ക്കും കുടുംബത്തിനുമായി പണിതു കൊടുത്ത വീടിന്റെ താക്കോൽ ദാനകർമ്മം, നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ നിർവ്വഹിച്ചു.

മുക്കാട്ടുകര സെ.ജോർജ്ജ്സ് എൽ.പി.സ്ക്കൂളിന്റെ പ്ലാറ്റിനംജൂബിലിയും, വാർഷീകാഘോഷത്തിലും നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ ആശംസകളർപ്പിച്ച് സംസാരിച്ചു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. മദർ സിംഫോറിയയും ബഹു. സി. ഷെൽറ്റിയും ചാലക്കുടി സെന്റ്. ജെയിംസ് കോളേജ് ഓഫ് നേഴ്സിംങ്ങിൽ കോളേജ് ഡെ പരിപാടിയിൽ പങ്കെടുത്തു.

26.02.2015 എസ്.എ.ബി.എസ്. ആസ്പിരൻസിനും നോവിസസിനും സി.മേരി ലയോസ്, ധ്യാനം നയിച്ചു.

28.02.2015 എഫ്.സി.സി. ഫെബ്രുവരി 28–ാം തീയതി രണ്ടാം വർഷ നോവീസസ് ചേരുംകുഴി ഇടവകയിൽ എക്സ്പോഷർ പ്രോഗ്രാമിനായി പോയി.

എഫ്.സി.സി. വേളാങ്കണ്ണിയിൽ മാർച്ച് 1–ാം തീയതി മുതൽ 4–ാം തീയതി വരെ നടന്ന ഫ്രാൻസിസ്കൻ സംഘടനയായ AFFI യുടെ ദേശീയതല മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

എസ്.എ.ബി.എസ്. സമർപ്പിതവർഷാചരണത്തിന്റെ ഭാഗമായി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 'ആഴമായ ആദ്ധ്യാത്മീകത' എന്ന വിഷയത്തെക്കുറിച്ച് ഫാ. തോമസ് പെരുമ്പെട്ടിക്കുന്നേൽ MCBS സിസ്റ്റേഴ്സിന് ഒരു ദിവസത്തെ ക്ലാസ്സ് നയിച്ചു. തുടർന്ന് ജൂണിയർ സിസ്റ്റേഴ്സിന്റെ gathering -ഉം നടന്നു.

**ആദരാഞ്ജലികൾ**



27.12.2014 സി.ഫ്ളോറിറ്റ സി.എം.സി. നിര്യാതയായി. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തുകയും തൃശ്ശൂർ സെന്റ് ആൻസ് മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



08.01.2014 സി.എം.സി സി. ബ്ലെയ്സ് സി.എം.സി. നിര്യാതയായി. ഫാ.ജോർജ്ജ് ചിറമ്മൽ മുഖ്യകാർമ്മികനായും ഫാ.സെബാസ്റ്റ്യൻ പെരുട്ടിൽ, ഫാ. ആന്റണി തെക്കിനിയത്ത് വി.സി. എന്നിവർ സഹകാർമ്മികരായും സംസ്കാരശുശ്രൂഷകൾ നടത്തുകയും ചൂണ്ടൽ മരീനഹോം മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

സി.ആർ.ഐ.സെക്രട്ടറി

**സി.ജോസഫൈൻ പാലത്തിങ്കൽ SABS**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

വേദോപദേശ പരീക്ഷയിൽ വിജയികളായ എല്ലാവരേയും അഭിനന്ദിക്കുന്നു. മക്കൾക്ക് വിശ്വാസപരിശീലനം നൽകി ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന മതാദ്ധ്യാപകർക്കും മാതാപിതാക്കന്മാർക്കും പ്രാർത്ഥനാശംസകൾ!

1. **Std. XII, ACC Annual Common Examination Result**

തൃശ്ശൂർ അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ Blog-ൽ ഏപ്രിൽ 25 നു ശേഷം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ നിന്നും Print എടുക്കാവുന്നതാണ്.

**Blog Address:** http: //catechismtrichur.blogspot.com

2. **Re-Valuation of Answer Papers of Std. XII**

അപേക്ഷ നൽകേണ്ട അവസാന തിയതി April 30. Fees Rs. 100/- . ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും ശിപാർശയോടുകൂടി മതബോധന വിദ്യാർത്ഥി (with Registration Number and Phone Number) വെള്ളക്കടലാസ്സിൽ ആവശ്യമുള്ള വിവരങ്ങൾ സഹിതം അപേക്ഷയെഴുതി മതബോധന ഓഫീസിൽ ഏൽപ്പിക്കുക.

3. **ACC Re-Examination - May 23 Saturday 2015**

Feb. 2015 Annual Examination-നിൽ തോറ്റവർക്കും, Absent ആയവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും Re-Examination എഴുതാം. Exam. Fees Rs. 60/-

**Registration Last Date May 10-** Registration-ന് വരുമ്പോൾ Feb. 2015 പരീക്ഷക്ക് നൽകിയ Hall Ticket-കൊണ്ടുവരണം;

**Exam. Programme**

Date : 23 May 2015

Day : Saturday

Time : 01.00 pm - 04.00 pm

Venue : Catechetical Centre, DBCLC, Thrissur

Portion : Syllabus of the Academic Year 2014-2015

**4. Headmasters' Seminar & Conference (Full Day)**

Date : 24th May 2015

Day : Sunday

Time : 09.30 am

Venue : Catechetical Centre, DBCLC, Thrissur

എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ദിവ്യ ബലി ഉണ്ടായിരിക്കും.

**5. Scholarship Examinations April 2015**

Scholarship Examination ന് അർഹരായ കുട്ടികൾ Hall Ticketൽ നൽകിയിരിക്കുന്ന Examination Centre കളിൽ പരീക്ഷ തുടങ്ങുന്നതിനു 15 മിനിററു മുമ്പ് എത്തേണ്ടതാണ്.

- **Hall Tickets -ൽ HM ഒപ്പിടണം.**
- Centre of Examination കുട്ടികളെ പ്രത്യേകം പറഞ്ഞു മനസ്സിലാക്കണം

a] School Catechism & Moral Science Scholarship Examination Hall Tickets മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. **പരീക്ഷ ഏപ്രിൽ 11 Saturday, Time : 2pm-4pm)**

b] Sunday Catechism Scholarship Examination Hall Tickets April 13 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങാവുന്നതാണ്. **പരീക്ഷ ഏപ്രിൽ** 18 **Saturday, Time : 2pm - 4pm**

**പരീക്ഷക്ക് അർഹരായ കുട്ടികളുടെ പേരുകൾ മതബോധനകേന്ദ്രത്തിന്റെ Blogൽ പ്രസിദ്ധീകരിക്കുന്നതാണ്.**

**6. Moral Science English Text Book**

Pastoral Orientation Centre (P. O. C.) 2015-2016 അദ്ധ്യയനവർഷം മുതൽ Moral Science English Text Book പ്രസിദ്ധീകരിക്കുന്നു. ഇവ നിലവിലുള്ള മലയാളം സന്മാർഗ്ഗപാഠാവലി

പുസ്തകത്തിന്റെ Translation അല്ല. ആവശ്യമുള്ളവർക്ക് പ്രസ്തുത പുസ്തകം മതബോധനകേന്ദ്രത്തിൽ നിന്ന് വാങ്ങാവുന്നതാണ്. May 20 നു ശേഷം പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്. Eng. Med. Books ആവശ്യമുള്ളവർ അതിന്റെ ഏകദേശ എണ്ണം നേരത്തെ തന്നെ മതബോധനകേന്ദ്രത്തിൽ കൊടുത്തിരിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ സ്കൂളിലേക്ക് അയച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ.

സസ്നേഹം,

Fr. Jijo Kappilamnirappel
Fr. Tense Kunnappilly
Asst. Directors

Fr. Raphael Akkamattathil
Director

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

(Phone : 0091-487- 2333245)
E-mail: Institute.of.theology@gmail.com

**Six-Month Theology Course for Religious sisters:**

സന്യാസിനിമാർക്കുവേണ്ടിയുള്ള Six-Months Theology Course (June -November 2015)-ന്റെ പുതിയ ബാച്ച് 2015 June 8-ന് ആരംഭിക്കുന്നു. ആഴ്ചതോറും തിങ്കൾമുതൽ വെള്ളിവരെ രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4:30 വരെ ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന സന്യാസിനിമാർ May 15-നുമുമ്പ് പേരു രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

**B.A. in Theology and Religious Studies** – ന്റെ ഒരു പുതിയ ബാച്ച് 2015 May മാസത്തിൽ ആരംഭിക്കുന്നതായിരിക്കും. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 2 മണി മുതൽ 5 മണി വരെ ആയിരിക്കും ക്ലാസ്സുകൾ. ഏതെങ്കിലും വിഷയങ്ങളിൽ ഡിഗ്രി വിദ്യാഭ്യാസയോഗ്യതയുള്ളവരും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാൻ

ആഗ്രഹിക്കുന്നവരുമായ എല്ലാ അമ്മായർക്കും സന്യസ്തർക്കും സ്വാഗതം. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ April 25-നുമുമ്പ് പേരു രജിസ്റ്റർ ചെയ്യണം. May 2-ാം തിയ്യതി ശനിയാഴ്ച 2.30 മുതൽ 4.30 വരെ നടക്കുന്ന Entrance Exam-ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ May 9-ാം തിയ്യതി രണ്ടാം ശനിയാഴ്ച ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

**<u>Correspondence Theology Course:</u>**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 12, ഏപ്രിൽ 26 എന്നീ ഞായറാഴ്ച്ചകളിൽ 2 മണി മുതൽ 5 മണി വരെയായിരിക്കും.

**<u>Pastoral Orientation Course for Religious</u>** : തൃശ്ശൂർ അതിരൂപതയെയും, അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങളെയും കൂടുതൽ മനസ്സിലാക്കുവാനും പഠിക്കുവാനും വേണ്ടി സന്യാസിനികൾക്കായുള്ള പാസ്റ്ററൽ ഓറിയന്റേഷൻ കോഴ്സ് മേയ് 18 മുതൽ 23 വരെ ഡി. ബി. സി. എൽ. സി. -യിൽ നടത്തുന്നു. DBCLC-യിൽ താമസിച്ച്, ഒന്നുചേർന്ന് പഠിക്കുവാനും പരിചയപ്പെടുവാനും ലഭിക്കുന്ന ഈ പഠന ദിവസങ്ങളിലേക്ക് അതിരൂപതയിലെ എല്ലാ സന്യാസിനീ സമൂഹങ്ങളിൽനിന്നും സഹോദരിമാർക്ക് ഹൃദ്യമായ സ്വാഗതം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേരു വിവരങ്ങൾ April 20-ാം തിയതിക്കുമുമ്പ് രജിസ്റ്റർ ചെയ്യണം. ആദ്യം പേരുരജിസ്റ്റർചെയ്യുന്ന 70 പേർക്കാണ് അവസരം ലഭിക്കുന്നത്.

**<u>Vocation Orientation Course for the Postulants</u>**

സന്യാസാർത്ഥിനികൾക്കായുള്ള 3 മാസത്തെ വൊക്കേഷൻ ഓറിയന്റേഷൻ കോഴ്സ് മാർച്ച് 30-ന് സമാപിച്ചു. 9 സന്യാസഭകളിൽ നിന്നുമായി 32 അർത്ഥിനികൾ ഈ കോഴ്സിൽ പങ്കെടുത്തു.

**ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങളോടെ,**

**Fr. Raphael Akkamattathil**
**Director**

# മേരിമാതാ മേജർ സെമിനാരി

**തത്ത്വശാസ്ത്രവിദ്യാർത്ഥികൾക്ക് യാത്രാമംഗളങ്ങൾ**

തത്ത്വശാസ്ത്രപഠനങ്ങൾക്ക് ശേഷം സെമിനാരിയിൽ നിന്നും വിടപറയുന്ന മൂന്നാം വർഷ തത്ത്വശാസ്ത്ര വിദ്യാർത്ഥികൾക്ക് യാത്രാമംഗളങ്ങൾ നേരുവാൻ സെമിനാരി കുടുംബം ഒത്തുചേർന്നു. ബഹു. റെക്ടറച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചശേഷം ചേർന്ന യോഗത്തിൽ അവർ ചെയ്ത നന്മകൾക്ക് നന്ദി പറയുകയും തുടർന്നുള്ള പ്രായോഗിക പരിശീലനത്തിനു വേണ്ട എല്ലാ പ്രാർത്ഥനാശംസകളും നേരുകയും ചെയ്തു

**അച്ചന്മാർക്ക് യാത്രാമംഗളങ്ങൾ**

നീണ്ട പത്തുവർഷത്തെ ശുശ്രൂഷയ്ക്കുശേഷം സെമിനാരിയിൽ നിന്നും വിടപറയുന്ന ബഹു. ജോസ് തച്ചിലച്ചന് സെമിനാരി കുടുംബം യാത്രയയപ്പ് നൽകി. ഫെബ്രുവരി 28ന് വൈകീട്ട് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ എല്ലാ വൈദികരും ചേർന്ന് കൃതജ്ഞതാബലിയർപ്പിച്ചു. തുടർന്നു നടന്ന യാത്രാസമ്മേളനത്തിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടായി ആദ്ധ്യാത്മിക പിതാവായും തത്ത്വചിന്തകൾ പഠിപ്പിക്കുന്ന അദ്ധ്യാപകനായും അച്ചൻ ചെയ്ത സേവനത്തെ സ്മരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറയും ബഹു. റെക്ടറച്ചനും സംസാരിക്കുകയുണ്ടായി. വൈദികരുടെ പ്രതിനിധിയായി ബഹു. ഡേവീസച്ചനും ബ്രദേഴ്സിന്റെ ഭാഗത്തുനിന്നും ബ്ര. ഡെബിനും ആശംസകൾ അർപ്പിച്ചു. എറണാകുളം അതിരൂപതയിലെ ലിസി ഹോസ്പിറ്റിൽ ആദ്ധ്യാത്മിക കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി നിയമിതനായ അച്ചനെ മാർച്ച് രണ്ടാം തിയതി യാത്രയാക്കി.

മേരിമാതാ സെമിനാരിയിൽ വൈസ് റെക്ടർ, ആനിമേറ്റർ, ബൈബിൾ പ്രൊഫസർ എന്നീ മേഖലകളിൽ സേവനമുഷ്ഠിച്ച ബഹു. അബ്രഹാം നെല്ലിക്കലച്ചനും, ലിറ്റർജി അദ്ധ്യാപകൻ രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്റർ, എന്നീ മേഖലകളിൽ സേവനം ചെയ്ത ബഹു. സെബാസ്റ്റ്യൻ എബ്രയിലച്ചനും ഈ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽ തങ്ങളുടെ സ്വന്തം രൂപതകളിലേക്ക് യാത്രയാകുന്നതാണ്.

**വൈദികരുടെ പുതിയ നിയമനം**

സെമിനാരിയിലെ പുതിയ വൈസ് റെക്ടറായി ബഹു. ജിഫി മേക്കാട്ടുകുളം നിയമിതനായി. ബഹു. ഫാ. ബിൽജു വാഴപ്പിള്ളി തിയോളജി ഡീനായും ബഹു. ചാക്കോ നടക്കേവെളിയൽ തത്ത്വശാസ്ത്ര ഡീനായും പരീക്ഷകളുടെ നട

ത്തിപ്പിനായി ബഹു. ഫ്രാൻസീസ് ആളൂരും, ലൈബ്രറിയനായി ബഹു. ഫാ. ആന്റോ ചുങ്കത്തും നിയമിതരായി.

**വർഷാവസാന ധ്യാനവും അവധിക്കാലവും**

ദൈവവിളിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും പുതിയ ഉൾക്കാഴ്ചക്കൾ സ്വീകരിക്കുവാനായി സെമിനാരി വിദ്യാർത്ഥികൾക്കായി മാർച്ച് 13 മുതൽ 15 വരെ വർഷാവസാന ധ്യാനം സംഘടിപ്പിച്ചു. ജറുസലേം ധ്യാനകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഫാ. ദേവസ്യാ കാനാട്ടാണ് ധ്യാനചിന്തകൾ പങ്കുവച്ചത്. ധ്യാനത്തിനുശേഷം ബഹു. റെക്ടറച്ചന്റെ നിർദ്ദേശങ്ങൾ ലഭിച്ചതോടെ വേനലവധിക്കായി വിദ്യാർത്ഥികൾ ഭവനങ്ങളിലേക്ക് പോയി.

**ഡീക്കൻ മിനിസ്ട്രി**

മൂന്നുവർഷത്തെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി ഡീക്കൻപട്ടം സ്വീകരിച്ച 24 ഡീക്കന്മാർ അവസാന വർഷത്തെ ഡീക്കൻമിനിസ്ട്രിക്കായി വിവിധ ഇടവകകളിലേക്ക് പോകുന്നു. അഞ്ചുമാസം നീണ്ടുനിൽക്കുന്ന ഈ പരിശീലനത്തിനായി മാർച്ച് 31-ാം തിയതി മുതൽ അവർ തുടക്കം കുറിക്കും.

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**യാത്രയയപ്പ്**

മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിന്റെ പ്രഥമഘട്ടം പൂർത്തിയാക്കിയ 32 സഹോദരങ്ങൾക്ക് ഭാവുകങ്ങൾ നേരാനും കൃതജ്ഞതയർപ്പിക്കാനുമായി ഫെബ്രുവരി 25-ാം തിയതി സെമിനാരി കുടുംബം ഒത്തുചേർന്നു. അദ്ധ്യാപകരുടെ ഗുരുത്വം നിറഞ്ഞ വാക്കുകളും വാത്സല്യം കലർന്ന നിർദ്ദേശങ്ങളും അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ അനുഗ്രഹപ്രഭാഷണവും സഹോദരന്മാരുടെ ഊഷ്മളമായ അവതരണങ്ങളും ആ ദിവസത്തെ അവിസ്മരണീയമാക്കി.

**പരീക്ഷകൾ & അവധിക്കാലം**

സെമിനാരിയിലെ വാർഷിക പരീക്ഷകൾ മാർച്ച് 2 മുതൽ 13 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടത്തപ്പെട്ടു. പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾ മാർച്ച് 9 മുതൽ 26 ഉൾപ്പെടെയുള്ള ദിവസങ്ങളിലായിരുന്നു. പരീക്ഷകൾ കഴിഞ്ഞതോടെ ഓരോ ബാച്ചും വേനൽക്കാല അവധിക്കായി സ്വഭവനങ്ങളിലേക്ക് യാത്രയായി.

### മാസധ്യാനം

അദ്ധ്യയന വർഷത്തിലെ അവസാനത്തെ മാസധ്യാനം മാർച്ച് 13, 14 എന്നീ തിയതികളിലായിരുന്നു. ബഹു. സെബി ചിറ്റിലപ്പിള്ളിയച്ചനാണ് ധ്യാനം നയിച്ചത്. ബുദ്ധിയെയും അധരങ്ങളെയും ഹൃദയത്തെയും വിശുദ്ധീകരിച്ചുകൊണ്ട് യേശുവിനെ വാക്കിലും പ്രവൃത്തിയിലും പ്രഘോഷിക്കുവാനും അവിടുന്ന് പറയുന്നതുപോലെ ജീവിക്കാനുമുള്ള ഓരോരുത്തരുടെയും കടമയെക്കുറിച്ച് ധ്യാനം അവബോധം പകർന്നു തന്നു.

### ദൈവദർശൻ ക്യാമ്പിനുള്ള ഒരുക്കം

ഈസ്റ്ററിനുശേഷം വിവിധ ഇടവകകളിലായി നടക്കുന്ന ദൈവദർശൻ ക്യാമ്പുകൾക്ക് സെമിനാരി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനായി മാർച്ച് 22 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ ബഹു. ഫാ. ടോബി ജോസഫ് എസ്. ജെ.യും സംഘവും ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നവർക്കായി പരിശീലനം നല്കി.

### പട്ടങ്ങൾ

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനം നേടികൊണ്ടിരിക്കുന്ന ശെമ്മാശന്മാർ കാറോയ ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന പട്ടങ്ങൾ മാർച്ച് 25ന് മൈനർ സെമിനാരി ചാപ്പലിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാനയോടുകൂടി തിരുകർമ്മങ്ങൾക്ക് മദ്ധ്യേ സ്വീകരിച്ചു.

### ദൈവവിളി ക്യാമ്പുകൾ

എസ്.എസ്.എൽ.സി., പ്ലസ്ടു പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ ഏപ്രിൽ 6-8, 9-11 എന്നീ തിയതികളിൽ മഡോണ നഗർ മൈനർ സെമിനാരിയിലും പെൺകുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 6, 7 എന്നീ ദിവസങ്ങളിൽ അളഗപ്പനഗർ സ്പിരിചൽ ആനിമേഷൻ സെന്ററിലും വച്ച് നടത്തുന്നു. താല്പര്യമുള്ളവരെ ഒരുക്കി പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സിസ്റ്റേഴ്സും മതബോധന അദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ

### ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. ഫ്രാൻസീസ് സേവ്യർ, ചിറയത്ത് മംഗലത്തുപറമ്പിൽ ഹൗസ്, മൈക്കിൾ റോസ്, ചിയ്യാരം

2. ശ്രീമതി ജാൻസി വർഗ്ഗീസ്., W/o. ശ്രീ.വർഗ്ഗീസ് പി.എ., പുല്ലാടൻ ഹൗസ് പുതുരുത്തി.

3. ശ്രീ. എ. വി. ദേവസി, അറങ്ങാശ്ശേരി ഹൗസ്, കുറ്റൂർ

4. ശ്രീ. എ.ഒ. ജേക്കബ്, അരിമ്പൂർ ഹൗസ്, പള്ളിനട, ഒല്ലൂർ

കർത്തൃശുശ്രൂഷയ്ക്കായി ജീവിതസമർപ്പണം നടത്താൻ പരിശീലനം നേടുന്നവരെ സഹായിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ഏവരേയും ക്രിസ്തുനാഥൻ അനുഗ്രഹിച്ചു വഴി നടത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

### സ്വീകരണം നൽകി

മഹാജൂബിലി കോളേജിൽ അസി. ബർസാർ, ലോക്കൽ മാനേജർ എന്നീ നിലകളിൽ പുതുതായി ചാർജ്ജ് എടുത്ത ഫാ. ഡിറ്റോ കൂളയ്ക്ക് ഫെബ്രു. 10–ാം തീയതി മഹാജൂബിലി കുടുംബം വളരെ ഹൃദ്യമായ സ്വീകരണം നൽകി.

### ജന്മദിനം ആഘോഷിച്ചു

മഹാജൂബിലി കോളേജ് പ്രിൻസിപ്പാൾ ഡോ. ജെസ്സി മാത്യു മാഡത്തിന്റെ ജന്മദിനം (ഫെബ്രുവരി 10) ആഘോഷിച്ചു. പ്രിൻസിപ്പാളിന് ജന്മദിനാശംസകൾ നേരുകയും കോളേജിൽ മധുരം വിതരണം ചെയ്യുകയം ചെയ്തു.

### വി. കുർബ്ബാന അർപ്പിച്ചു.

മഹാജൂബിലി കോളേജിൽ അസി. ബർസാർ, ലോക്കൽ മാനേജർ എന്നീ നിലകളിൽ പുതുതായി  ചാർജ്ജ് എടുത്ത ഫാ. ഡിറ്റോ കൂളയുടെ കാർമ്മികത്വത്തിൽ ഫെബ്രുവരി 10–ാം തിയതി കോളേജിൽ വി. കുർബ്ബാന അർപ്പിക്കുകുയും കുർബ്ബാന മദ്ധ്യേ ഓരോ ഓപ്ഷനിൽ നിന്നും കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു.

### അനുശോചനം രേഖപ്പെടുത്തി

മഹാജൂബിലി ട്രെയ്നിംഗ് കോളേജിന്റെ ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം പ്രൊഫസർ ആയ ശ്രീ. ഷിജോ ജോർജ്ജിന്റെ പിതാവിന്റെ നിര്യാണത്തിൽ സ്റ്റാഫും വിദ്യാർത്ഥികളും അനുശോചനം രേഖപ്പെടുത്തി. മൃതസംസ്കാരകർമ്മത്തിലും പ്രാർത്ഥനകളിലും അദ്ധ്യാപക പ്രതിനിധികളായി ഫാ. ബിജു എൻ.വി., ശ്രീ. വില്യം തോമസ് എ. എന്നിവർ പങ്കെടുത്തു.

### കോളേജ് യൂണിയൻ ഇലക്ഷൻ നടത്തി

ഫെബ്രുവരി 16–ാം തിയതി ഈ വർഷത്തെ കോളേജ് യൂണിയൻ ഇല

ക്ഷൻ നടത്തി. പ്രിൻസിപ്പാൾ ഡോ. ജെസ്സി മാത്യു വിജയികളെ ഔദ്യോഗിക മായി പ്രഖ്യാപിച്ചു. അസി. ബർസാർ ഫാ. ഡിറ്റോ കൂള വിജയികളെ പൂച്ചെണ്ടു നൽകി അനുമോദിക്കുകയും ചെയ്തു.

ചെയർപേഴ്സൺ -താര ടി.ജെ., ജനറൽ സെക്രട്ടറി - ദീപ. സി. ആർട്സ് ക്ലബ് സെക്രട്ടറി - ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, മാഗസിൻ എഡിറ്റർ ഗോപാൽ കെ. യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ - ദീപ്തി വി.എം. വൈ. ചെയർപേഴ്സൺ - അക്ഷയ വിജയൻ, സ്പോർട്സ് ക്യാപ്റ്റൻ - നിത്യ വി. കെ., സബ് എഡിറ്റേഴ്സ് -ഗിഫ്റ്റി, ജിജി, ജിൻസി ജോർജ്ജ്, ശ്രീജ,സജിത- എന്നിവരെ കോളേജ് യൂണിയൻ ഇലക്ഷനിലൂടെ വിവിധ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്തു.

### സോഷ്യൽ ജസ്റ്റീസ് ഡേ- കൊണ്ടാടി

ഫെബ്രുവരി 20-ാം തീയതി സോഷ്യൽ ജസ്റ്റീസ് ഡേ സമുചിതമായി കൊണ്ടാടി. ഇംഗ്ലീഷ് ഓപ്ഷന്റെ ആഭിമുഖ്യത്തിൽ പ്രസംഗം തുടങ്ങി കലാ പരിപാടികളും വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു.

### വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

ഫെബ്രുവരി 21-ാം തീയതി ശനിയാഴ്ച കോളേജിൽ ബി.എഡ്. വിദ്യാർത്ഥി കൾക്കായി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

### മാതൃഭാഷാദിനം കൊണ്ടാടി

ഫെബ്രുവരി 23-ാം തിയതി തിങ്കളാഴ്ച കോളേജിൽ മാതൃഭാഷാ ദിനം സമുചിതമായി കൊണ്ടാടി. മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രസംഗം തുടങ്ങി കലാപരിപാടികളും ക്വിസ് മത്സരവും നടത്തപ്പെട്ടു.

### ക്രിട്ടിസിസം ക്ലാസ്സുകൾ സംഘടിപ്പിച്ചു

ബി.എഡ്. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഫെബ്രുവരി 26, 27 തീയതികളിലായി മുള്ളൂർക്കര എൻ.എസ്.എസ്.സ്കൂ ളിൽ ക്രിട്ടിസിസം ക്ലാസ്സുകൾ സംഘടിപ്പിച്ചു.

### നാഷണൽ സയൻസ് ഡേ കൊണ്ടാടി

ഫെബ്രുവരി 28-ാം തീയതി നാഷണൽ സയൻസ് ഡേ സമുചിതമായി കൊണ്ടാടി. പ്രിൻസിപ്പൽ, ഡോ. ജെസ്സി മാത്യു, നാഷണൽ സയൻസ് ഡേ ഉദ്ഘാടനം ചെയ്തു. ഫിസിക്കൽ സയൻസ് ഓപ്ഷന്റെ നേതൃത്വത്തിൽ പ്രസംഗം, Beauty and Brain Context തുടങ്ങി പരിപാടികളും കൽപന ചൗള യുടെ കരിയർ വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു.

**കോളേജ് യൂണിയൻ, ആർട്സ്,ക്ലബ്ബുകൾ എന്നിവയുടെ ഉദ്ഘാടനം അരങ്ങേറി**

ഈ വർഷത്തെ കോളേജ് യൂണിയൻ, ആർട്സ് വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടന ചടങ്ങുകൾ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് കൊണ്ടാടി. പ്രശസ്ത പിന്നണി ഗായകൻ മിസ്റ്റർ ഫ്രാങ്കോ ആർട്സ് ഡേ ഉദ്ഘാടനം ചെയ്തു. ചേലക്കര ഫൊറോന വികാരി ഫാ. റാഫേൽ താണിശ്ശേരി യൂണിയൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അസി. ബർസാർ ഫാ.ഡിറ്റോ കൂള വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വികാരി ജനറൽ മോൺ. ഫാ. ജോർജ്ജ് എടക്കുളത്തൂർ അധ്യക്ഷനായിരുന്നു. പ്രിൻസിപ്പാൾ ഡോ. ജെസ്സി മാത്യു, അദ്ധ്യാപക പ്രതിനിധി ഫാ. ചാക്കോ ചിറമ്മൽ, ചെയർപേഴ്സൺ താര ടി.ജെ., എന്നിവർ ആശംസകൾ നേർന്നു. ആർട്സ് ക്ലബ് സെക്രട്ടറി ഫാ. ജോൺ പോൾ ചെമ്മണ്ണൂർ റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം വിവിധ ക്ലബ്ബുകളുടെ ആക്ഷൻ പ്ലാൻ അവതരണവും നടന്നു.

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ.ഡിറ്റോ കൂള** |
| പി.ആർ.ഒ. | അസി. ബർസാർ |

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂബിലിയിൽ ഡോ. എം. എൽ. ദത്തൻ അനുസ്മരണ ശിൽപശാല - ട്രോമ 2015 - സംഘടിപ്പിച്ചു (15.02.2015)**

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ സർജറി വിഭാഗം മുൻ മേധാവി ഡോ. എം. എൽ ദത്തന്റെ അനുസ്മരണാർത്ഥം ജൂബിലി സർജറി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡോ. എം. എൽ. ദത്തൻ അനുസ്മരണ ശിൽപശാല ട്രോമ 2015 സംഘടിപ്പിച്ചു. ചടങ്ങിന്റെ ഔപചാരിക ഉദ്ഘാടനം ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ. വി. കെ. രാമൻകുട്ടി, വൈസ് പ്രിൻസിപ്പൽ ഡോ. അലക്സ് ജോസഫ്, സർജറി വിഭാഗം മേധാവി ഡോ. സുരേഷ് എം. വി., ഡോ. ഹരികൃഷ്ണൻ സി. പി. എന്നിവരുടെ നേതൃത്വത്തിൽ ഡോ. ദത്തന്റെ ഛായാചിത്രം അദ്ദേഹത്തിന്റെ പത്നി ഡോ. സുധ ദത്തൻ അനാച്ഛാദനം ചെയ്തു. വിവിധതരം പരിക്കുകളും അതിന്റെ നൂതന ചികിത്സാ രീതികളേയും പറ്റിയുള്ള പ്രബന്ധങ്ങൾ ഈ മേഖലയിലെ വിദഗ്ദ ഡോക്ടർമാർ അവതരിപ്പിച്ചു. വിവിധ ആശുപത്രികളിൽ നിന്നും ഇരുന്നൂറിലധികം ഡോക്ടർമാരും നേഴ്സുമാരും പങ്കെടുത്തു.

## ദാമ്പത്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും : ജൂബിലി മിഷനിൽ മന:ശാസ്ത്ര ശില്പശാല നടന്നു (18.02.2015)

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മന:ശാസ്ത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ മന:ശാസ്ത്രബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായ് 'ദാമ്പത്യപ്രശ്നങ്ങളും പരിഹാമാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി മന:ശാസ്ത്രശില്പശാല നടന്നു. ചിറ്റൂർ ഗവൺമെന്റ് കോളേജിലെ മന:ശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ. ഷിജു ജോസഫ്, ജൂബിലി മിഷൻ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരായ ഡോ. ടോണി അബ്രഹാം, മിസ്സ് ഇന്ദു എസ്. മേനോൻ, തൃശ്ശൂർ വിമല കോളേജ് സോഷ്യൽ വർക്ക് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. മിനി കെ. ജോസ്, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീമതി ധന്യ വി. എസ് എന്നിവർ ശില്പശാലയിലെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കോൺഫ്രൻസ് ഹാളിൽ നടന്ന ശില്പശാലയുടെ ഉദ്ഘാടനം ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. മനോരോഗവിഭാഗം പ്രൊഫസർ ഡോ. ജെയിംസ് ടി. ആന്റണി, ജൂബിലിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സി. ടീന, ജൂബിലി മിഷൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ എന്നിവർ പ്രസംഗിച്ചു.

## 18753 കുഞ്ഞുങ്ങൾക്ക് 'പുഞ്ചിരി' തിരികെ നൽകിയ ജൂബിലി മിഷനിൽ പുഞ്ചിരിയുടെ പൂത്തിരികത്തിച്ച് ഗായകൻ സന്നിദാനന്ദന്റെ ജന്മദിനാഘോഷം (05.03.2015)

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും സ്മൈൽട്രെയിനുമായുള്ള ബന്ധത്തിന് 14 വർഷത്തെ സ്വർണ്ണതിളക്കം. ഈ സ്നേഹബന്ധം നൽകിയത് 18753 കുഞ്ഞുങ്ങൾക്ക് പുഞ്ചിരിയുടെ പൊൻതിളക്കമാണ്. മുറിച്ചുണ്ടും മുറിയണ്ണാക്കുമായി പുഞ്ചിരി നഷ്ടപ്പെട്ടവർക്ക് 1957 മുതൽ പ്രതീക്ഷയുടെ പുഞ്ചിരി നൽകിക്കൊണ്ടിരിക്കുകയാണ്. മുറിച്ചുണ്ടും, മുറിയണ്ണാക്കുമായി പിറന്നുവീഴുന്ന ശിശുക്കളുടെ മദർ തെരേസ എന്ന് വിശേഷിപ്പിക്കാവുന്ന ഡോ. ഏഡൻവാലയുടെ നേതൃത്വത്തിലുള്ള വിദഗ്ദസംഘമാണ് ജൂബിലിയിലെ ഈ വിശുദ്ധകർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇത്തരം വൈകല്യങ്ങൾ ബാധിച്ച കുഞ്ഞുങ്ങൾക്ക് പ്രത്യാശയുടെ പൊൻവെളിച്ചം നൽകാൻ പ്രശസ്ത പിന്നണിഗായകൻ ശ്രീ. സന്നിദാനന്ദൻ തന്റെ ജന്മദിനം ആഘോഷിക്കാൻ ജൂബിലിയിൽ എത്തുകയായിരുന്നു. ഈ ലോകത്തിലെ വൈകല്യമുള്ള ഓരോ കുഞ്ഞും ദൈവത്തിന്റെ ദാനം തന്നെയാണെന്നതിന് ഏറ്റവും വലിയ ഉദാഹരണം തന്റെ ജീവിതമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്മൈൽ ട്രെയിൻ ഓർഗനൈസർ ലീല ഇമാം, ശ്രീ. സന്നിദാനന്ദന്റെ മുറിച്ചുണ്ട് ശസ്ത്രക്രിയ നടത്തിയ ഡോ. മുസ്തഫ, ഡോ. നാരായണൻ, ഡോ. പശുപതി, ഫാ. ജോബി കടപ്പൂരാൻ എന്നിവർ ആശംസകൾ

നേർന്നു. ജൂബിലി മിഷന്റെ സ്മൈൽ ട്രെയിൻ വിഭാഗത്തിലെ നേഴ്സുമാരും മറ്റു ജീവനക്കാരും, വിദ്യാർത്ഥികളും പരിപാടികൾക്ക് നേതൃത്വം നൽകി.

**ജൂബിലി മിഷൻ ആശുപത്രിയിൽ പരിശീലനത്തിനായി കാന്റർബറി യൂണി വേഴ്സിറ്റി വിദ്യാർത്ഥികൾ (07.03.2015)**

ജൂബിലി മിഷൻ ആശുപത്രിയിൽ വിദഗ്ദ നേഴ്സിങ്ങ് പരിശീലനത്തിനായി കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയിലെ നേഴ്സിങ്ങ് വിദ്യാർത്ഥി കൾ എത്തിച്ചേർന്നു. കേരള സംസ്കാരത്തെക്കുറിച്ചും, കേരളത്തിലെ നേഴ്സിങ്ങ് ശുശ്രൂഷകളെക്കുറിച്ചും, പ്രത്യേകിച്ച് കേരളത്തിലെ മികച്ച ആരോ ഗ്യപരിശീലനശുശ്രൂഷാവേദിയായ ജൂബിലി മിഷനെക്കുറിച്ചും കൂടുതൽ അടുത്തറിയാനാണ് ഇരുപതോളം വരുന്ന അദ്ധ്യാപക-വിദ്യാർത്ഥി സംഘം ശ്രമിക്കുക. ജൂബിലിയിലെ നിയോനാറ്റൽ ഐ.സി.യു., ന്യൂറോ വാർഡ്, പുരുഷ-വനിത മെഡിക്കൽ വാർഡ്, ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, ഹൃദ്രോഗവിഭാഗം, അത്യാഹിത വിഭാഗം, പേരാമെഡിക്കൽ വിഭാഗം എന്നി വയിൽ രണ്ടാഴ്ച്ച വിദ്യാർത്ഥികൾ പരിശീലനം നടത്തും. മാർച്ച് 11-ന് ജൂബി ലിയിൽ വെച്ചു നടക്കുന്ന ദേശീയ സെമിനാറിന് ക്രൈസ്റ്റ് ചർച്ച് യൂണിവേ ഴ്സിറ്റി അദ്ധ്യാപകർ നേതൃത്വം നൽകും. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, അസി. ഡയറക്ടർമാ രായ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് ഫാ. ജോബി കടപ്പൂരാൻ, ചീഫ് എക്സി ക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ്, ഡോ. ഏയ്ഞ്ചല ജ്ഞാനദു രൈ, സി.ഡോ.ഫിലോ രശ്മി എന്നിവർ ചേർന്ന് വിശിഷ്ടാതിഥികളെ സ്വീക രിച്ചു.

**അഭിനന്ദനങ്ങൾ .... ആശംസകൾ ....**

- കൊല്ലത്ത് നടന്ന വാർഷിക സ്റ്റേറ്റ് നിയോനാറ്റൽ കോൺഫറൻസിൽ "ഇഫക്റ്റ് ഓഫ് ആന്റി നാറ്റൽ മേഗ്നീഷ്യം സൾഫേറ്റ് ഓൺ ഷോർട്ട് ടേം നിയോനാറ്റൽ ഔട്ട്കം" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ബെസ്റ്റ് റിസേർച്ച് പേപ്പർ പ്രസന്റേഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പീഡിയാട്രിക്സ് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥി ഡോ. ആനന്ദ് എം. ഗോൾഡ് മെഡൽ നേടി.
- ജൂബിലിയുടെ നിയോനാറ്റൽ വിഭാഗത്തിലെ ഫെല്ലോഷിപ്പ് വിദ്യാർത്ഥികൾ ഡോ. കമൽ കാന്തും, ഡോ. അശ്വിൻ ഡാങ്കെയും ഹൈദരാബാദിൽ നടന്ന ഓൾ കേരള നിയോനാറ്റൽ ഫെല്ലോഷിപ്പ് പരീക്ഷയിൽ വിജയിച്ചു.

- തിരുവനന്തപുരത്ത് നടന്ന ഓൾ കേരള കോൺഫറൻസ് ഓൺ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജിയിൽ വന്ധ്യത എന്ന വിഷയത്തെക്കുറിച്ച് നടന്ന പേപ്പർ പ്രസന്റേഷനിൽ ജൂബിലി ഗൈനക്കോളജി വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥിനി ഡോ. കെ. ശ്വേത പ്രോത്സാഹനസമ്മാനം നേടി.
- തൃശ്ശൂർ മുളങ്കുന്നത്തുകാവ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നടന്ന സ്റ്റേറ്റ് ലെവൽ ഹെമറ്റോളജി ക്വിസിൽ ജൂബിലി മിഷൻ കോളേജിന്റെ പീഡിയാട്രിക്സ് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥികൾ ഡോ. ആനന്ദ് എം, ഡോ. ശ്രീറാം വേണുഗോപാലും ഒന്നാം സമ്മാനം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഡോ. ലീന ജോൺസൺ ( 20 ഡയാലിസിസ്)
- ശ്രീ. എഡ് വിൻ വർക്ഷീസ് വിറ്റോ, എവർഗ്രീൻ റോഡ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
  (25 ഡയാലിസിസ്)
- സെന്റ് തോമസ് കോളേജ്, ഡിപ്പാർട്ടുമെന്റ് ഓഫ് കമേഴ്സ്യൽ മാനേജ്മെന്റ്, ജൂബിലി ബ്ലോക്ക്, തൃശ്ശൂർ ( 25 ഡയാലിസിസ്)
- ശ്രീ. വി. കെ. മുഹമ്മദ്, മില്ലേനിയം ഗോൾഡ്, തൃശ്ശൂർ (30 ഡയാലിസിസ്)
- മി. ജോസ് ടി. എം. & മിസ്സിസ് ജെന്നി ജോസ്, തെക്കുപീടിക ഹൗസ്, കോനിക്കര, തൃശ്ശൂർ
  (20 ഡയാലിസിസ്)
- {ശീമതി ജിനു ഡേവിസ്, ചാലക്കൽ ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ (90 ഡയാലിസിസ്)
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പുറനാട്ടുകര, തൃശ്ശൂർ ( 75 ഡയാലിസിസ്)
- മി. ജോസ് എരിഞ്ചേരി മി. ആന്റണി എരിഞ്ചേരി, ഗ്ലോബൽ, കുവൈറ്റ് (80 ഡയാലിസിസ്)
- മി. ജിക്സൺ ചൂലിശ്ശേരി, ഒമാൻ (90 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. വി. ഒ. സെബാസ്റ്റ്യൻ, വേഴപറമ്പൻ ഹൗസ്, പുതുക്കാട്, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

# ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- കോളേജിലെ വുമൺ ഡെവലപ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥിനികൾക്കായി "Premarital Counseling" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഫാ. റോയ് ജോസഫ് വടക്കൻ സെമിനാറിന് നേതൃത്വം നല്കി.
- ഫെബ്രുവരി 6ന് (ആദ്യ വെള്ളി) കോളേജിലെ കത്തോലിക്ക വിദ്യാർത്ഥികൾക്കായി റവ. ഫാ. ജോൺ തറയിലിന്റെ നേതൃത്വത്തിൽ കുർബ്ബാന സംഘടിപ്പിച്ചു.
- "രക്തദാനം മഹാദാനം" എന്ന ആപ്തവാക്യം ഉൾക്കൊണ്ടുകൊണ്ട് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ബ്ലഡ് ഡോണേഴ്സ് ഫോറം, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് ഫെബ്രുവരി 11ന് വിദ്യാർത്ഥികൾക്കായി രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. 100-ഓം വിദ്യാർത്ഥികൾ രക്തം ദാനം ചെയ്ത് പ്രസ്തുത ക്യാമ്പിൽ പങ്കാളികളായി.
- കെ.സി.ബി.സി. എഡ്യുക്കേഷൻ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റും അക്കൗണ്ടിങ്ങും സംബന്ധിച്ച് എറണാകുളത്തുവെച്ച് ഫെബ്രുവരി 9 മുതൽ 13വരെ നടത്തിയ പഞ്ചദിന ക്യാമ്പിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് മാനേജർ റവ. ഫാ. ജോജു ചിരിയങ്കണ്ടത്ത് പങ്കെടുത്തു.
- ഫെബ്രുവരി 16ന് ഒന്നാം വർഷ വിദ്യാർത്ഥികളുടെ അധ്യാപക-രക്ഷാകർതൃയോഗം നടന്നു.
- പ്ലേസ്മെന്റിന് ഒരുക്കമായി നാലാം വർഷവിദ്യാർത്ഥികൾക്കായി നടത്തിയ ട്രെയ്നിംഗ് ക്ലാസ് ചങ്ങനാശ്ശേരി എസ്.ബി. കോളേജ് സ്റ്റാസ്റ്റിക്സ് വിഭാഗം തലവൻ പ്രൊഫ. എം.സി. ജോസ് നയിച്ചു.
- മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം തലവൻ പ്രൊഫ. കെ.സി. ജോൺ തയ്യാറാക്കി പ്രസിദ്ധീകരിച്ച "മെറ്റൽ കാസ്റ്റിംഗ് & ജോയ്നിംഗ്" എന്ന പുസ്തകത്തിന്റെ പ്രകാശനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബുവിന് നല്കി നിർവ്വഹിച്ചു.
- കോളേജ് സ്പോട്സ്ഡേ ഫെബ്രുവരി 21ന് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്പോട്സ് ഡേ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ മാർച്ച് പാസ്റ്റ് പ്രിൻസിപ്പൽ ഫ്ളാഗ് ഓഫ് ചെയ്തു.

- കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡി–സോൺ കലോത്സവത്തിൽ കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ആൻസി ഡേവി (തമിഴ് സ്റ്റോറി റൈറ്റിംഗ്), സ്മിയ ജോൺസൺ (ഇംഗ്ലീഷ് ഇലക്യൂഷൻ), സ്റ്റെഫി അക്കര (മോണോ ആക്ട്), ജിഷ്ണു ടി.എം. (കഥകളി സംഗീതം), ജോയൽ, സിയോൺ, ശരത്ത്, ഡെസ്മിൻ, ഗോപിക, വിന്ദുജ, ശ്രീവിദ്യ (ദേശഭക്തിഗാനം) എന്നിവർ സമ്മാനങ്ങൾ കരസ്ഥമാക്കി.
- സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 26 മുതൽ 28 വരെ “Total Station Survey - Theory and Practice” എന്ന വിഷയത്തിൽ ഒരു ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. മറ്റു കോളേജുകളിൽ നിന്നുൾപ്പെടെയുള്ളവർ പങ്കെടുത്തു.
- മാർച്ച് 7ന് അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വനിതകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനു ഫ്രാൻസിസിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥിനികൾക്കായി “റീപ്രോഡക്ട്രീവ് ഹെൽത്ത് & സെക്സ്വാലിറ്റി” എന്ന വിഷയത്തിൽ ക്ലാസും സംഘടിപ്പിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ആദ്ധ്യക്ഷം വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. കെ. ബാബു സ്വാഗതവും, അഡ്മിനിട്രേറ്റർ തോമസ് മാത്യു ആശംസയും, പ്രോഗ്രാം കോഡിനേറ്റർ ഡെല്ലാ ഡേവിഡ് നന്ദിയും പറഞ്ഞു. വിദ്യാർത്ഥിനികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.



ഫാ. റോയ് ജോസഫ് വടക്കൻ
**പി. ആർ. ഒ.**



**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## ഏകദിന സെമിനാർ

സമന്വയ പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 21 ശനിയാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽവെച്ച് ഓർഗാനിക് ഫാമിംഗ് എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തുകയുണ്ടായി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സെമിനാർ ഉദ്ഘാടനം ചെയ്തു. ജൈവ കൃഷിയുടെ പ്രധാന്യത്തെക്കുറിച്ചും അത് മനുഷ്യന്റെ ആരോഗ്യ പരിപാലനത്തിന് എങ്ങനെ ഉപകരിക്കുമെന്നും സെമിനാർ നയിച്ച കാരിത്താസ് ഇൻഡ്യ സോണൽ മാനേജർ ഡോ. ഹരി ദാസ് വി. ആർ. വിശദീകരിച്ചു. കോ–ഓർഡിനേറ്റർ സോണിയ സാം സ്വാഗതം അർപ്പിച്ചു.

## എസ്. എച്ച്. ജി. രൂപീകരണം നടത്തി

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ, കുട്ടംകുളം, തയ്യൂർ ഇടവകകളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. കുട്ടംകുളം ഇടവകയിൽ 2 സംഘ ങ്ങളും തയ്യൂർ ഇടവകയിൽ 5 സംഘങ്ങളുമാണ് പുതുതായി ആരംഭിച്ചത്. കുട്ടംകുളം പള്ളി പാരീഷ് ഹാളിൽ ചേർന്ന രൂപീകരണ യോഗത്തിൽ വികാ രി. റവ. പൂത്തൂർ ജോബിയച്ചനും തയ്യൂർ പള്ളി ഹാളിൽ ചേർന്ന യോഗ ത്തിന് വികാരി കിഴക്കൂടൻ സോണിയച്ചനും അദ്ധ്യക്ഷത വഹിച്ചു. സ്നേഹ നിധി ഭാരവാഹികളാണ് രൂപീകരണത്തിന് നേതൃത്വം നല്കിയത്. 2 ഇടവക കളിലെയും സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്തു. കോ–ഓർഡിനേറ്റർ സി. പി. ജോർജ്ജ് സ്വയം സഹായസംഘങ്ങളെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു.

## മഴനിറവ് ബോധവൽക്കരണ സെമിനാർ

സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന മഴവെള്ള സംഭ രണ ബോധവല്ക്കരണ പരിപാടിയായ മഴനിറവ് പദ്ധതിയുടെ ഭാഗമായി ചിറ്റാ ട്ടുകര സെന്റ്.സെബാസ്റ്റ്യൻ പള്ളിയിൽ ബോധവല്ക്കരണ ക്ലാസ്സ് നടത്തി.

സെന്റ്. ജോസഫ് പുരുഷ സ്വയംസഹായ സംഘം സംഘടിപ്പിച്ച ക്ലാസ്സ് മഴപ്പൊലിമ തൃശ്ശൂർ ഡയറക്ടർ ജോസ് സി. റാഫേൽ നയിച്ചു. ക്ലാസ്സിനോട നുബന്ധിച്ച് നടന്ന പൊതു യോഗത്തിൽ വികാരി ഫാ. റാഫേൽ വടക്കൻ അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ ആക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം നിർവ്വഹിച്ചു. അസി. വികാരി ഫാ. ജോൺ ചിറ്റിലപ്പിള്ളി, പ്രസി ഡന്റ് പോൾസൺ ചിറ്റിലപ്പിള്ളി, കോ–ഓർഡിനേറ്റർ ശിവ കൃഷ്ണ വി. ആർ. തുടങ്ങിയവർ പ്രസംഗിച്ചു.

ഡി. ബി. സി. എൽ. സി. ഹാളിൽവെച്ച് സാന്ത്വനം ഗുണഭോക്താക്കൾക്കു

വേണ്ടിയും, സാന്ത്വനത്തിൽവെച്ച് സനേഹനിധി അതിരൂപതാ ഭാരവാഹികൾക്കും, സറ്റാഫംഗങ്ങൾക്കും മഴനിറവ് ക്ലാസ്സ് സംഘടിപ്പിച്ചു. മഴവെള്ള സംഭരണത്തിന്റ ആവശ്യകതയും അതിനുവേണ്ടി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെയുംക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**ബോധവല്ക്കരണ – പരിശീലന ക്ലാസ്സുകൾ നടത്തി**

സ്പെഡ് III പ്രോജക്റ്റ് ചേലക്കര പഞ്ചായത്തിൽ 7 ബോധവല്ക്കരണ–പരിശീലന ക്ലാസ്സുകൾ നടത്തി. കുട്ടികളിൽ സമ്പാദ്യം ശീലം വളർത്തുക, ഉയർന്ന വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, പ്ലാസ്റ്റിക് പുനരുപയോഗം, ആൽക്കഹോളിസം, ഗ്രാമീണ സമഗ്ര വികസനം എന്നീ വിഷയങ്ങളെക്കുറിച്ചാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്. കോ–ഓർഡിനേറ്റർ ബിനിത രതീഷ്, ലീമ പോൾസൺ, റീജോ സജി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**മെഡിക്കൽ ക്യാമ്പ്**

വെങ്ങാനല്ലൂർ വില്ലേജിൽ ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. ജയമ്മ ജോസഫ് രോഗികളെ പരിശോധിച്ച് മരുന്നുകൾ വിതരണം ചെയ്തു ഫാ. തോമസ് പൂപ്പാടി, ബിനിത രതീഷ്, റീജോ സജി എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

**റോഡ് നിർമ്മാണം പൂർത്തീകരിച്ചു.**

ചേലക്കര പഞ്ചായത്തിലെ മേപ്പാടം വില്ലേജിൽ 400 മീറ്റർ നീളമുള്ള പുതിയ റോഡിന്റെ പണി പൂർത്തീകരിച്ചു. വില്ലേജ് ആക്ഷൻ ടീമിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ സഹകരണത്തോടെ സ്ഥലങ്ങൾ ഏറ്റെടുത്തു. ജനങ്ങളുടെ ശ്രമദാനവും തൊഴിലുറപ്പ് തൊഴിലാളികളുടെ സഹകരണവും റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഏറെ സഹായിച്ചു.

**കൃഷിയിറക്കി**

കുറുമല വില്ലേജിൽ വെള്ളരി, കുമ്പളം, മത്തൻ തുടങ്ങിയ പച്ചക്കറികളുടെ കൃഷിയിറക്കി. ജൈവവളം ഉപയോഗിച്ചുള്ള കൃഷി വീടുകളിൽ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിക്കുകയും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

**സഹായങ്ങൾ വിതരണം ചെയ്തു**

സേവ് എ ഫാമിലിയുടെ എഫ്. ഡി. പി. പ്രോജക്റ്റ് മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.
ചെവ്വൂർ – 16,000, മരോട്ടിച്ചാൽ 60,000, വലക്കാവ് – 8000, ഒല്ലൂർ– 10,000, പാവറട്ടി – 10,000

**ഗോഡ്സ് ഓൺ ഫാമിലി**

പദ്ധതിയുടെ പുതിയ ഗുണഭോക്തൃ കുടുംബങ്ങളുടെ ബേസ് ലൈൻ ഡാറ്റ

ആന്റ് ഫാമിലി ലെവൽ പ്ലാനിംഗ് ആനിമേറ്ററുടെ നേതൃത്വത്തിൽ നടത്തുക യുണ്ടായി.

**പദ്ധതിയിൽ നിന്നും സഹായം ലഭിച്ച ഇടവകകൾ**

തലോർ – 20,000, ചേലക്കര – 26,000, പുറനാട്ടുക്കര – 8,000, അരിമ്പൂർ – 8,000, കോടന്നൂർ – 5,000

**അപലപിച്ചു**

ഡൽഹിയിൽ പീഢനത്തിരയായ പെൺകുട്ടിയെ അപമാനിക്കുന്ന തരത്തിൽ ചിത്രീകരിച്ച ഡോക്യുമെന്ററിയെ സ്നേഹനിധി നേതൃത്വം അപലപിച്ചു.വനിതാദിനത്തോടനുബന്ധിച്ച് സാന്ത്വനം ഓഫീസിൽവെച്ച് നടന്ന അതിരൂപതാതല സ്നേഹനിധി എക്സിക്യൂട്ടീവ് യോഗത്തിൽവെച്ചാണ് ഡോക്യുമെന്ററിക്കെതിരെ ശക്തമായി പ്രതികരിച്ചത്. ഓരോ ഫൊറോനയിലും സ്നേഹനിധി, എസ്. എച്ച്. ജി. തുടങ്ങിയവയുടെ പുതിയ യൂണിറ്റുകൾ ആരംഭിക്കണമെന്ന് പ്രസ്തുത യോഗത്തിൽവെച്ച് ഡയറക്ടർ നിർദ്ദേശിച്ചു.

**അനുമോദിച്ചു**

സ്നേഹനിധി ഏർപ്പെടുത്തിയ അതിരൂപത കർഷക അവാർഡ് ലഭിച്ച ശ്രീമതി. ജെസി പോളിനെ അനുമോദിച്ചു. കെ. എസ്. എസ്. എഫ്., – ദർശന്റെ ആഭിമുഖ്യത്തിൽ ആമോസ് സെന്ററിൽവെച്ച് നടത്തിയ അന്തർദേശീയ വനിതാദിന ആഘോഷ പരിപാടിയിൽ വെച്ചാണ് പ്രത്യേകം അവാർഡ് നല്കി ആദരിച്ചത് സാന്ത്വനത്തെ പ്രതിനിധികരിച്ച് ബീന വർഗ്ഗീസ്, റെജീന ഡേവീസ്, ജെസി പോൾ എന്നിവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

**സ്ലം സർവ്വീസ് സെന്റർ കുരിയച്ചിറ**

10.02.15 ൽ നടത്തിയ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പുതിയ ഡയറക്ടർ ഫാ. തോമസ് പൂപ്പാടിക്ക് ഹൃദ്യമായ വരവേല്പ്പ് നല്കി. പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു. സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങളുടെ എല്ലാ മേഖലകളിലും എഡി. എസ്. യോഗങ്ങൾ നടന്നു.

**ഭവന നിർമ്മാണ ഫണ്ട് വിതരണം ചെയ്തു**

ബോൺ നത്താലെയോടനുബന്ധിച്ച് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയിൽ തെരെഞ്ഞെടുക്കപ്പെട്ട അർഹരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ആദ്യഘട്ട ഫണ്ട് വിതരണം ചെയ്തു. ഭവന നിർമ്മാണത്തിന്റെ പുരോഗതിയനുസരിച്ച് ഘട്ട ഘട്ടമായി തുടർന്നുള്ള ഫണ്ടുകൾ വിതരണം ചെയ്യുന്നതായിരിക്കുമെന്ന് ഡയറക്ടർ അറിയിച്ചു.

**ഫാ. തോമസ് പൂപ്പാടി**
**ഡയറക്ടർ, സാന്ത്വനം**

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

1. റവ. ഫാ. ആന്റണി ചെറയത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.
2. ഫെബ്രു 21, 22 തിയതികളിൽ വിൻസെൻഷ്യൻ അംഗങ്ങൾക്കായി ഡി. ബി.സി.എൽ.സിയിൽ നടത്തിയ ധ്യാനത്തിന് 106 പേർ പങ്കെടുത്തു. ഫാ. റാഫേൽ മുത്തിപീടിക, ഫാ. ജോർജ്ജ് കൂനംപ്ലാക്കൽ എന്നിവർ ക്ലാസ്സെടുത്തു.
3. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിനു സമീപം പ്രവർത്തിച്ചുവരുന്ന വിൻസെൻഷ്യൽ അഭയകേന്ദ്രത്തിന്റെ 1-ാം വാർഷികം ഏപ്രിൽ 12 ഞായറാഴ്ച 3ന് അഭയകേന്ദ്രത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.
4. മാർച്ച് 7 ശനിയാഴ്ച 2 pmന് വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ച് വിൻസെൻഷ്യൻ വനിത സെമിനാർ നടത്തി. ഫാ. ജോസഫ് വൈക്കാടൻ ക്ലാസ്സെടുത്തു. സി. സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു അദ്ധ്യക്ഷത വഹിച്ചു. സി. സി. സെക്രട്ടറി ബ്ര. കെ.കെ. പോൾസൺ ആശംസകൾ നേർന്നു. വനിത പ്രതിനിധികളായ സി. റീത്ത മാത്യൂസ്, സി. പ്രേമ മൈക്കിൾ എന്നിവർ സെമിനാറിന് നേതൃത്വം നല്കി. ലോകം ആദരിക്കുന്ന മദർ തെരേസയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ മതപരിവർത്തനമായി ആക്ഷേപിച്ച ആർ. എസ്. എസ് നേതാവിന്റെ പ്രസംഗത്തിൽ സെൻട്രൽ കൗൺസിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.
5. 2014-2015 ലെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും ഏപ്രിൽ 30നകം സി. സി. ഓഫീസിൽ ലഭിക്കണമെന്ന് അറിയിച്ചു.
6. വലിയ നോമ്പിലെ ഉപവാസ പ്രാർത്ഥന പുതുക്കാട്, മറ്റം വേലൂർ, തൃശ്ശൂർ വെസ്റ്റ്, പറപ്പൂർ, പുത്തൂർ, ചേലക്കര, വടക്കാഞ്ചേരി ഫൊറോന ദേവാലയങ്ങളിൽ വെച്ച് അതതു ഏരിയ കൗൺസിലുകളുടെ നേതൃത്വത്തിൽ നടത്തി.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സെക്രട്ടറി |

# ആബാ റിന്യൂവൽ സെന്റർ

## ഏകദിന ദൈവചന ശുശ്രൂഷകൾ

തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2015 ഫെബ്രുവരി മാസത്തിൽ താഴെ പറയുന്ന തിയതികളിൽ ആബാ കേന്ദ്രത്തിൽ ഏകദിന ദൈവവചന ശുശ്രൂഷകൾ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

5.02.2015 ബ്രദ. വിൽസൺ വേലൂപ്പാടം വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

12.02.2015 ബ്രദ. അന്തപ്പൻ വടൂക്കര വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

19.02.2015 ബ്രദ. ജോജുപാലാട്ടി വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി

26.01.2015 ബ്രദ. ജോബി പടവരാട് വചനം പങ്കുവച്ചു. വി. ബലിക്കും ആരാധനക്കും ഫാ. സജു വടക്കേത്തല നേതൃത്വം നൽകി

## പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ

തൃശ്ശൂർ അതിരൂപതയിലെ പ്രീച്ചേഴ്സ് -കൗൺസിലേഴ്സ് കൂട്ടായ്മ 2015 ഫെബ്രുവരി മാസം 2-ാം തിയതി തിങ്കളാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. തിരുവചനം ബ്ര. സന്തോഷ് & ടീം (ക്രിസ്റ്റീൻ) പങ്കുവച്ചു. വി. ബലിക്ക് റവ. ഫാ. ജെയ്സൺ മാറോക്കി നേതൃത്വം നൽകി. പ്രീച്ചേഴ്സും കൗൺസിലേഴ്സും പങ്കുവെക്കൽ നടന്നു. കോ-ഓഡിനേറ്റർ ബഹു. ജെയിംസ് വടക്കൻ നിർദ്ദേശങ്ങൾ നൽകുകയും പ്രാർത്ഥനയോടെ 3 മണിക്ക് സമാപിച്ചു

## മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ 2015 ഫെബ്രുവരി മാസത്തിൽ താഴെപറയുന്ന തിയതികളിൽ ആബാ കേന്ദ്രത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിക്കുകയും വൈകീട്ട് 3 മണിക്ക് പ്രാർത്ഥനയോടെ സമാപിച്ചു.

06.02.2015, 13.02.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി

20.02. 2015 വചനം പങ്കുവെക്കലും വി. ബലിക്കും വ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി

27.02.2015 വചനം പങ്കുവെക്കലും വി. ബലിക്കും റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി

### പുതിയ നേതൃത്വ നിരയെ കണ്ടെത്തൽ

തൃശ്ശൂർ അതിരൂപതയിലെ വിവിധ സബ്സോണുകളിലേക്ക് അടുത്ത രണ്ട് വർഷത്തേക്കുള്ള പുതിയ നേതൃത്വനിരയെ കണ്ടെത്തുവാൻ തീരുമാനിച്ചു. താഴെ പറയും പ്രകാരം പരിപാടി തയ്യാറാക്കി.

| ഫൊറോന /സബ്സോൺ | നടക്കുന്ന സ്ഥലം | തിയ്യതി | നടത്തുവാൻ ഉത്തരവാദപ്പെട്ടവർ |
|---|---|---|---|
| പാലയൂർ | പാലയൂർ പള്ളി | 07.02.2015 | വി. വി. ജോസ്, ഇ.ടി. ജോൺസൺ എൽസി ജോർജ്ജ് |
| എരുമപ്പെട്ടി | എരുമപ്പെട്ടി | 15.02.2015 | ,, |
| മെട്രോ | പറവട്ടാനി പള്ളി | 21.02.2015 | ,, |
| ഒല്ലൂർ | മേരിമാതാ പള്ളി | 28.02.2015 | ,, |
| പറപ്പൂർ | പുറനാട്ടുകര പള്ളി | 07.02.15 | പി.ടി. പോൾ, ജോളി സണ്ണി |
| വേലൂർ | വേലൂർ | 22.02.2015 | ,, |
| പട്ടിക്കാട് | പീച്ചി പള്ളി | 20.02.2015 | ,, |
| പഴുവിൽ | പഴുവിൽ പള്ളി | 28.02.2015 | ,, |
| മറ്റം | മറ്റംപള്ളി | 07.02.2015 | വി.സി. ജോൺസൺ, ഡീസൺ തെക്കേക്കര |
| വടക്കാഞ്ചേരി | പൂമല പള്ളി | 14.02.2015 | ,, |
| പുത്തൂർ | വെട്ടുകാട് പള്ളി | 21.02.2015 | ,, |
| ബസലിക്ക | പടിഞ്ഞറേകോട്ട | 28.02.2015 | ,, |
| | അന്നാവുമ്മ പള്ളി | | |
| കണ്ടശ്ശാംകടവ് | മണലൂർ കിഴക്ക് പള്ളി | 07.02.2015 | ടോണി ചിറയത്ത്, ഡീന ജെയിംസ് |
| ചേലക്കര | ചേലക്കര പള്ളി | 17.02.2015 | ,, |
| കൊട്ടേക്കാട് | കോളങ്ങാട്ടുകര പള്ളി | 21.02.2015 | ,, |
| പുതുക്കാട് | മണ്ണംപേട്ട പള്ളി | 28.02.2015 | ,, |

### അതിരൂപതാ പുതിയ നേതൃത്വത്തെ കണ്ടെത്തൽ

സോണൽ (അതിരൂപത) പുതിയ നേതൃത്വത്തെ നിരയെ തിരഞ്ഞെടുപ്പ് 2015 മാർച്ച് 6, 7 തിയതികളിൽ ആബാ കേന്ദ്രത്തിൽ വെച്ച് കേരള കരിസ്മാറ്റിക് സെൻട്രൽ ടീമിന്റെ നേത്വത്തിൽ നടക്കും.

## പഞ്ചാബ് മിഷൻ

തൃശ്ശൂർ അതിരൂപതയുടെ പഞ്ചാബ് മിഷന് വേണ്ടി കാച്ചേരി മഡോണ നഗർ ദേവാലയത്തിൽവെച്ച് ഫെബ്രുവരി 18നു ബുധനാഴ്ച ഏകദിന കൺവെൻഷൻ നടക്കുകയുണ്ടായി. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് വി. ബലി അർപ്പിച്ച് പഞ്ചാബ് മിഷൻ ഉദ്ഘാടനം ചെയ്തു. എല്ലാ ബുധനാഴ്ചകളിലും ആബാ ധ്യാനകേന്ദ്രത്തിലെ ചാപ്പലിൽ മദ്ധ്യസ്ഥ പ്രാർത്ഥന ആരംഭിക്കുന്നതായി അറിയിച്ചു. വിവിധ ഇടവകകളിൽ നിന്നായി 150 തോളം പേർ പങ്കെടുത്തു. പഞ്ചാബിൽ പോയി ശുശ്രൂഷ ചെയ്യുവാൻ 30 പേർ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. ഇനിയും ഈ ശുശ്രൂഷയിൽ പങ്കുചേരാനാഗ്രഹിക്കുന്ന

വർ ബഹു. ജോസഫ് വൈക്കാടനച്ചനുമായി ബന്ധപ്പെടുക. ഫോൺ : 9400904226. ആബാ കേന്ദ്രത്തിലെ എല്ലാ ശുശ്രൂഷകളിലും പഞ്ചാബ് മിഷനു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്.

**ഫാ. ഷാജൻ തേർമഠം**
ഡയറക്ടർ

**എം. എ. ബാബു**
കോ–ഓർഡിനേറ്റർ

**വി. വി. ജോസ്**
സെക്രട്ടറി

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധനവും സൗഭാഗ്യവും

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 08.03.2015 ഞായറാഴ്ച വടക്കാഞ്ചേരി എ.ആർ.സി.യിൽ വെച്ച് പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, ഫാ. ജോബി മേരീസൺ, ഫാ.ഫ്രാൻസീസ് എടാട്ടുകാരൻ, സി. റോസിലിൻ, സി. അർച്ചന, സണ്ണി വടക്കൻ, ഡൊമിനിക് തോമസ് എന്നിവർ പങ്കെടുത്തു.

പാലയൂർ റീജിയന്റെ നേതൃത്വത്തിൽ ഗുരുവായൂർ പള്ളിയിൽ വെച്ച് 01.03.2015 ഞായറാഴ്ച ഏകസ്ഥർ/വിധവകൾ എന്നിവരുടെ കൂട്ടായ്മ സംഘടിപ്പിച്ചു. വികാരി. ഫ്രാൻസീസ് തലക്കോട്ടൂർ ഉദ്ഘാടനം ചെയ്തു. ഫാ. സേവ്യാർ ക്രിസ്റ്റി കപ്പൂച്ചിൻ ക്ലാസ്സ് എടുത്തു. ഫാ. ഫ്രാൻസീസ് എടാട്ടുകാരൻ, സി. മരിയ പുഷ്പ, സി. എലേന, പി.ഐ. സൈമൺ, ടി.കെ. ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മാർച്ച് 22ന് പാലയൂർ തീർത്ഥാടനത്തിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കുവാൻ തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. കുടുംബക്കൂട്ടായ്മ**

മദ്യവിരുദ്ധ സമിതി ഭാരവാഹികൾ കുടുംബസമേതം 22.02.15ന് തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ ഒത്തുകൂടി. ഡയറക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടുകൂടി പരിപാടികൾ ആരംഭിച്ചു ബഹു. ഫ്രാൻസീസ് കരിപ്പേരിയായിരുന്നു ധ്യാന ഗുരു. ഉച്ചകഴിഞ്ഞ് അഡ്വ. ചാർളിപോൾ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. അതിരൂപത ചാൻസലർ ബഹു. സണ്ണി കുറ്റി

ക്കോട്ടയിൽ മുഖ്യപ്രഭാഷണം നടത്തി. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമാപന സന്ദേശം നൽകി ആശീർവദിച്ചു. ശ്രീ. ജെയിംസ് മുട്ടിക്കൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രസിഡണ്ട് ജോസ് ആലപ്പാട്ട്, സെക്രട്ടറി തോമസ് ചിറമ്മൽ ട്രഷറർ ജോണി ചിറ്റിലപ്പിള്ളി തുടങ്ങിയവരാണ് നേതൃത്വം നൽകിയത്. പരിപാടിയിൽ 200 ഓളം പേർ പങ്കെടുത്തു.

**2. മദ്യവിരുദ്ധ ഞായർ**

കെ.സി.ബി. സി. മദ്യവിരുദ്ധ സംസ്ഥാന സമിതിയുടെ ആഹ്വാന പ്രകാരം മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിച്ചു. അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ വിരചിച്ച മദ്യവിരുദ്ധ സർക്കുലർ മിക്കപള്ളികളിലും വായിക്കുകയുണ്ടായി. ഏതാനും യൂണിറ്റികളിൽ മദ്യവിരുദ്ധ സാമൂഹ്യപ്രതിജ്ഞയെടുക്കൽ, ലഘുലേഖ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചു. അന്നേ ദിവസം ഡയറക്ടറച്ചൻ ആറമ്പിള്ളി പള്ളിയിൽ ബലിയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി.

**3. സദ്ഗമയ – 2015**

അട്ടിമറിക്കപ്പെട്ട മദ്യനയം പുനഃസ്ഥാപിക്കുക, ബിയർ -വൈൻ പാർലറുകൾ നിറുത്തലാക്കുക, കപട ടൂറിസവാദങ്ങൾ ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൃശ്ശൂർ അതിരൂപത മദ്ധ്യവിരുദ്ധ സമിതി മാർച്ച് 14 ശനിയാഴ്ച നാലു വാഹനപ്രചരണ ജാഥകൾ സംഘടിപ്പിക്കുയാണ്. ആയതിന്റെ ഉദ്ഘാടനം രാവിലെ 8.30ന് മാർ ആൻഡ്രൂസ് താഴത്ത് ആർച്ച്ബിഷപ്പ് ബിഷപ്സ് ഹൗസിൽ നിർവഹിക്കും. നാലുമേഖലഖകളിൽ പര്യടനം പൂർത്തിയാക്കി വൈകീട്ട് 5 മണിക്ക് കോർപ്പറേഷന്റെ മുന്നിലാണ് സമാപിക്കുക. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ടി. ജെ. ആന്റണി, സെക്രട്ടറി ശ്രീ. പ്രസാദ് കുരുവിള തുടങ്ങിയവർ സമ്മേളനത്തിൽ മുഖ്യാതിഥികളായി പങ്കെടുത്ത് സംസാരിക്കുന്നതാണ്. മദ്ധ്യമേഖല ജാഥ ജെയിംസ് മുട്ടിക്കലും തെക്കൻ മേഖല ജാഥ സി. രവീന്ദ്രനാഥ എം.എൽ.എ.യും പടിഞ്ഞാറൻമേഖല ജാഥ വി.ടി. ബലറാം എം.എൽ.എ.യും വടക്കൻമേഖല ജാഥ മുള്ളൂർക്കര പഞ്ചായത്ത് പ്രസിഡണ്ട് ലൂസി ടീച്ചറും ഉദ്ഘാടനം ചെയ്യും. ജോൺ മാത്യു, അഖിൽ പോൾ, സി. പി. ജോസ്, ഫ്രാൻസീസ് തേർമഠം, എന്നിവരാണ് ജാഥാ ക്യാപ്റ്റൻമാർ. 50ൽ പരം കേന്ദ്രങ്ങളിൽ സ്വീകരണം സജ്ജീകരിച്ചിട്ടുണ്ട്. പരിപാടിയുടെ വിജയത്തിന് നാലുമേഖലകളിലും പ്രത്യേക സമ്മേളനങ്ങൾ ചേർന്നിരുന്നു. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ പ്രസിഡണ്ട് ജോസ് ആലപ്പാട്ട്, സെക്രട്ടറി തോമസ് ചിറമ്മൽ, ട്രഷറർ ജോണി ചിറ്റിലപ്പിള്ളി തുടങ്ങിയവരാണ് നേതൃത്വം നൽകുന്നത്.

| | | |
|---|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **ജോസ് ആലപ്പാട്ട്** | **തോമസ് ചിറമ്മൽ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (LOAF)

തൃശ്ശൂർ അതിരൂപതയിലെ കുടുംബങ്ങളുടെ സമർപ്പിച്ച സമൂഹമായ LOAF ആദ്യബാച്ച് സ്ഥിരസമർപ്പണം നടത്തിയിട്ട് ഏപ്രിൽ 27ന് ഒരു വർഷം പൂർത്തിയാകുന്നു.

LOAF Family Prayer Evening

എല്ലാമാസവും രണ്ടാം ശനിയാഴ്ചയുടെ തലേന്ന് വെള്ളിയാഴ്ച വൈകീട്ട് 6.30 മുതൽ 10.30 വരെ കാച്ചേരി മഡോണ മൈനർ സെമിനാരിയിലെ അൽഫോൺസ ചാപ്പലിൽ നടക്കുന്നു. ജപമാല, ആരാധന, വി.കുർബ്ബാന, കുമ്പസാരം, വി. കുർബ്ബാന, വചനസന്ദേശം, ലഘുഭക്ഷണം എന്നിങ്ങനെയാണ് പരിപാടികൾ, താൽപര്യമുള്ള കുടുംബങ്ങൾ ഒന്നിച്ച് പങ്കെടുക്കുവാൻ പ്രോത്സാഹിക്കുമല്ലോ.

LOAF Retreat For Families

കുടുംബ പ്രേഷിത രംഗത്തെ പുതിയ കാൽവെയ്പ്പാണ് മാതാപിതാക്കളും മക്കളും ഒരുമിച്ച് ധ്യാനിക്കാൻ അവസരമൊരുക്കുന്ന ലോഫ് കുടുംബ ധ്യാനങ്ങൾ ഈ വർഷം മെയ് 22 മുതൽ 25 വരെയും ജൂലൈ 17 മുതൽ 20 വരെയും ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വെച്ച് നടത്തുന്നു. അതിരൂപതാ കരിസ്മാറ്റിക് ടീമിലെ റവ. ഫാ. ഷാജൻ തേർമഠം, റവ. ഫാ. സജു വടക്കേത്തല എന്നിവർ നേതൃത്വം നൽകും. കുട്ടികൾക്കും കൗമാരപ്രായക്കാർക്കും വെവ്വേറെ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ള കുടുംബങ്ങളെ അറിയിക്കുമല്ലോ.

**വാർഷിക ധ്യാനം**

ലോഫ് കുടുംബങ്ങളുടെ വാർഷിക ധ്യാനം ഏപ്രിൽ 24-27 തീയതികളിൽ നടക്കുന്നു.

**റവ. ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

# കത്തോലിക്കാ കോൺഗ്രസ്സ്

### ലിബിയ കൂട്ടകുരുതിയിൽ പ്രതിഷേധവും അനുശോചനവും രേഖപ്പെടുത്തി

ലിബിയയിലെ കൂട്ടക്കുരുതിയിൽ അനുശോചനവും പ്രതിഷേധവും രേഖപ്പെടുത്തി കൊണ്ട് തൃശ്ശൂർ കിഴക്കേ കോട്ട പരിസരത്ത് സർവ്വമത പ്രാർത്ഥന സായാഹ്നം സംഘടിപ്പിച്ചു. മത–സാമുദായിക–സാംസ്കാരിക ജനപ്രതിനിധികൾ പങ്കെടുത്ത യോഗം മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യുകയും പി.ഐ.ലാസർ മാസ്റ്റർ അദ്ധ്യക്ഷം വഹിക്കുകയും ഫാ. ജിയോ കടവി, എൻ. പി. ജാക്സൺ മാസ്റ്റർ, ജോൺസൺ ജോർജ്ജ് എന്നിവർ കത്തോലിക്ക കോൺഗ്രസ്സിനെ പ്രതിനിധീകരിച്ച് സംസാരിക്കുകയും ചെയ്തു.

### മദർ തെരേസയെ അപമാനിച്ചതിലുള്ള പ്രതിഷേധം ശക്തമാക്കി

ആർ എസ്. എസ്. തലവൻ മദർ തെരേസയെ മതപരിവർത്തകയാക്കി ചിത്രീകരിച്ച് അപമാനിച്ചതിലുള്ള പ്രതിഷേധം ശക്തമായി രേഖപ്പെടുത്തി. സമാന്യ ബുദ്ധിക്ക് നിരക്കാത്ത പ്രസ്താവനയാണിത് എന്ന് മാർ റാഫേൽ തട്ടിൽ ആരാഞ്ഞു. ഫാ. ജിയോ കടവിയുടെ നേതൃത്വത്തിലുള്ള അഡ്ഹോക് കമ്മിറ്റി നേതൃത്വം നൽകി.

### കാർഷിക വിലയിടിവിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ ഉപവാസ ധർണ്ണ.

കാർഷിക വിലയിടിവിൽ പ്രതിഷേധിച്ചുകൊണ്ടും റബർപോലുള്ള ഉൽപന്നങ്ങൾക്ക് താങ്ങ് വില പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് കൊണ്ടും സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് പടിക്കൽ ഏകദിന ഉപവാസധർണ്ണ സംഘടിപ്പിച്ചു. അതിരൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് പി.ഐ. ലാസർ മാസ്റ്റർ, ഡേവീസ് പുത്തൂർ, എൻ. പി. ജാക്സൺ മാസ്റ്റർ, സി.ജെ. ജെയിംസ് എന്നിവർ ധർണ്ണയിൽ പങ്കെടുത്തു.

### യൂണിറ്റ് രൂപീകരണം തുടരുന്നു

കത്തോലിക്ക കോൺഗ്രസ്സിന്റെ യൂണിറ്റ് തല രൂപീകരണം തുടരുന്നു കൂടുതൽ വിവരങ്ങൾക്ക് അഡ്ഹോക്ക് കമ്മിറ്റിയും ആയി ബന്ധപ്പെടുമല്ലോ.

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **പി.ഐ. ലാസർ മാസ്റ്റർ** | **എൻ.പി. ജാക്സൺ മാസ്റ്റർ** |
| ഡയറക്ടർ | കൺവീനർ | സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ നേഴ്സുമാർക്കുവേണ്ടി മാർച്ച് ഒന്നും, രണ്ടും ആഴ്ചകളിൽ രണ്ട് ബാച്ചുകളിലായി ധ്യാനം സംഘടിപ്പിച്ചു. റവ. ഫാ. ബെന്നി പീറ്റർ വെട്ടിക്കനാക്കുടിയും ടീം അംഗങ്ങളും ആണ് ധ്യാനം നയിച്ചത്. രോഗീ പരിചരണത്തിൽ ആദ്ധ്യാത്മികമായ ഒരു മുന്നേറ്റവും ജീവിത നവീകരണവും ലക്ഷ്യമാക്കി അഞ്ഞൂറോളം ആതുരശുശ്രൂഷകർ ധ്യാനത്തിൽ സംബന്ധിച്ചു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ധ്യാനം ഉദ്ഘാടനം ചെയ്യുകയും ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഗാഗുൽത്താ ധ്യാനകേന്ദ്രത്തിന്റെ പൂർണ്ണമായ സഹായ സഹകരണങ്ങൾ ധ്യാനത്തിന്റെ വിജയത്തിന് കാരണമായി. സി.എൻ.ജി. ഐ. യൂണിറ്റിന്റേയും ദൈവജനത്തിന്റേയും സാമ്പത്തിക സഹായങ്ങൾ വഴി മിതമായ നിരക്കിൽ ധ്യാനം സംഘടിപ്പിക്കുവാൻ സാധിച്ചു.

തൃശ്ശൂർ അതിരൂപത സി.എൻ.ജി.ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് ധ്യാനത്തിൽ ആദ്യദിനത്തിൽ ദിവ്യബലിയർപ്പിച്ച് ധ്യാനവിജയത്തിനായി പ്രാർത്ഥിക്കുകയും സി.എൻ.ജി.ഐ. പ്രസിഡന്റ്, സി. ദെപ്പാസി സി.എസ്. സി., എക്സിക്യൂട്ടീവ് അംഗങ്ങളായ സി. ലിസറ്റ് സി.എം.സി, സി. ഇസബെൽ സി.എച്ച്. എഫ്, സി. റൊസീന എഫ്. സി. സി., ശ്രീമതി ലിജി ഡേവീസ്, എന്നിവരും ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു. ഈ ധ്യാനം ഒരു വൻവിജയമാക്കിയ എല്ലാവർക്കും പ്രത്യേകമായി ധ്യാനത്തിൽ പങ്കെടുത്തവർക്കും ഇവരെ പറഞ്ഞുവിടാൻ മുൻകൈ എടുത്ത എല്ലാ ഹോസ്പിറ്റൽ അധികാരികൾക്കും യേശുവിന്റെ നാമത്തിൽ നന്ദി പറയുന്നു.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **റവ.ഫാ. സിജോ അരിക്കാട്ട്** | **സി. റൊസീന ഡേവീസ് FCC** |

# Council of Catholic Women of India (CCWI)

**അതിരൂപത ഭാരവാഹികൾ**

സി.സി. ഡബ്ല്യു. ഐ. (C.C.W.I) സംഘടനയുടെ 2015-2018 ലെ കാലയളവിലേക്കുള്ള ഭാരവാഹികളെ 2015 ജനുവരി 19ന് തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റ് സെന്ററിൽ വെച്ച് ഡയറക്ടർ റവ. ഡോ. ലോറൻസ് തൈക്കാട്ടിലിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്തു.

ഐക്യകണ്ഠേന നടന്ന തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രസിഡന്റ് : ശ്രീമതി മിനി മോഹൻ കൊക്കൻ, സെക്രട്ടറി : ശ്രീമതി ഷീബ റാഫേൽ കല്ലറക്കൽ ട്രഷറർ : ശ്രീമതി ഷിങ്ങ്സി റാഫേൽ വടക്കൻ

**വാർഷിക പ്രോഗ്രാം**

സംഘടനയുടെ 2015ലെ വാർഷിക പ്രോഗ്രാം ഫെബ്രുവരി 8ന് കൂടിയ യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. ആത്മീയ നവീകരണത്തിനും സാമൂഹ്യ പ്രതിബന്ധതയക്കും ഊന്നൽ നല്കികൊണ്ടുള്ള പ്രവർത്തന പദ്ധതി ജനറൽ ബോഡി അംഗീകരിച്ചു.

**നോമ്പുകാല പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും**

സംഘടനയുടെ നേതൃത്വത്തിൽ 2015 മാർച്ച് 26ന് ദിവ്യകാരുണ്യ ആരാധനയും മതസൗഹാർദ്ദത്തിനും സാമുദായിക മൈത്രിക്കുമായി പ്രത്യേകമായ പ്രാർത്ഥനയും വചനവിചിന്തനവും നടത്തി.

ആഗതമാകുന്ന പുണ്യദിനങ്ങളുടെ ആശംസകളോടെ.

| | | |
|---|---|---|
| **ശ്രീമതി ഷീബ റാഫേൽ** | **ശ്രീമതി മിനിമോഹൻ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
| സെക്രട്ടറി | പ്രസിഡന്റ് | ഡയറക്ടർ |

# മാതൃസംഘം

**1. തൃശ്ശൂർ അതിരൂപതാ മാതൃസംഘം 2015 പ്രവർത്തന പദ്ധതി**

മകൾ, ഭാര്യ, അമ്മ, കുടുംബിനി എന്നീ നിലകളിൽ ഔന്നത്യമാർന്ന സ്ത്രീത്വത്തിന്റെ ദൗത്യങ്ങളെ കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുയും കുടുംബത്തിന്റെ വിളക്കായ അമ്മമാർ മാതൃകാ ജീവിതം വഴി സ്വയം സമൂഹത്തിന്റെ ഉപ്പായി മാറാൻ കഴിവുള്ളവരാകാനുള്ള പ്രവർത്തനമേഖലകളുമായി തൃശ്ശൂർ അതിരൂപതാ മാതൃസംഘം 2015 മാർച്ച് 2016-ലെ വാർഷിക പദ്ധതി ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ പതിനാറു ഫൊറോനകളിലും ഇടവക ഭാരവാഹികളുടെ സംഗമവും വാർഷിക പദ്ധതിയുടെ വിശദീകരണവും സംശയ നിവാരണങ്ങളും അതിരൂപത ഡയറക്ടർ, അസി. ഡയറക്ടർ, അതിരൂപതാ ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

**2. അന്തർദേശീയ വനിത ദിനാഘോഷം**

അതിരൂപതാ വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ വനിത ദിനാഘോഷത്തിൽ തൃശ്ശൂർ അതിരൂപതാ മാതൃസംഘാംഗങ്ങൾ ഓരോ ഇടവകയിൽ നിന്നും പ്രതനിധികളായി പങ്കെടുത്തു. മാതൃസംഘം അതിരൂപതാ പ്രസിഡന്റ് ശ്രീമതി ലീല മാത്യു, സെക്രട്ടറി അൽഫോൺസ ജോസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. പുത്തൻപാന മത്സരം**

അതിരൂപതാ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ അമ്മമാർക്കായി 2015 മാർച്ച് 25ന് പുത്തൻപാന മത്സരം നടത്തി. ആഗതമാകുന്ന പുണ്യദിനങ്ങളുടെ ആശംസകളോടെ,

| **ശ്രീമതി ലീല മാത്യു** | **ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ** | **ഫാ. ലോറൻസ് തൈക്കാട്ടിൽ** |
|---|---|---|
| പ്രസിഡന്റ് | അസി.ഡയറക്ടർ | ഡയറക്ടർ |

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 684–ാമതും കൂരിയായുടെ 697–ാംമതും സമ്മേളനം 2015 മാർച്ച് 8ന് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു.

വർഷത്തിലൊരിക്കൽ മരിയ സൈനീകർ പ്രതിജ്ഞ പുതുക്കുന്ന ഇന്നേ ദിവസം രാവിലെ 10 മണിക്ക് ബഹു. ജോൺ മൂലനച്ചൻ ധ്യാന പ്രസംഗം ആരംഭിച്ചു. 12.000 മണിക്ക് വി. കുർബ്ബാന, ഉച്ചഭക്ഷണത്തിനുശേഷം 2.30ന് ആച്ചിയസ് സമ്മേളനം നടത്തപ്പെട്ടു.

കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആച്ചിയസ് ചടങ്ങ് മാർ ജെയ്ക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ജോ. സെക്രട്ടറി സി. അൽഫോൺസ ജോർജ്ജ് മുൻമാസ റിപ്പോർട്ടും ട്രഷറർ. ബ്ര. എ.ജെ. വിൻസെന്റ് വരവ്–ചിലവ് കണക്കും അവതരിപ്പിച്ചു. സംഘടനയുടെ പുതിയ ആദ്ധ്യാത്മിക നിയന്താവായ റവ.ഡോ. ജോൺ മൂലനച്ചന് അഭിവന്ദ്യപിതാവും അസി. സ്പിരിചൽ ഡയറക്ടറുമായ റവ. ഡോ. സി ക്രിസ്‌ലിൻ, കമ്മീസിയം പ്രസിഡന്റ് എന്നിവർ ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. 2015 ഫെബ്രുവരി 4–ാം തിയതി മുതൽ പുതിയ ഡയറക്ടറായ ബഹു. മൂലനച്ചന് സ്വീകരണവും നൽകുകയുണ്ടായി. മുൻ ആദ്ധ്യാത്മിക നിയന്താവായിരുന്ന ബഹു. മാത്യു ചാക്കേരി അച്ചന്റെ കഴിഞ്ഞ കാലപ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് പ്രത്യേകം നന്ദിപറയുകയും ചെയ്തു.

ബഹു. ജോൺ മൂലനച്ചൻ മറുപടി പറഞ്ഞതിനുശേഷം ആച്ചിയസ് ചടങ്ങ് ആരംഭിച്ചു. "എന്റെ രാജ്ഞി, എന്റെ മാതാവേ, ഞാൻ നിന്റേതാകുന്നു. എനിക്കുള്ളതെല്ലാം നിന്റേതാകുന്നു' എന്ന പ്രതിജ്ഞാ വാചകം ചൊല്ലി മരിയ സൈനീകർ 2 വരിയായി മാതാവിന്റെ കൊടികീഴിൽ അണിനിരന്നുകൊണ്ട് സൈനീക പ്രകടനമായി ബസലിക്കായിലേക്ക് ജപമാല റാലിയായി നടന്നു നീങ്ങി. ബസലിക്ക പള്ളിയിൽ വെച്ച് ബഹു. ആദ്ധ്യാത്മിക നിയന്താവ് സമാപന പ്രാർത്ഥന ചൊല്ലി. ബസലിക്ക റെക്ടർ ഡേവീസ് പുലിക്കോട്ടിൽ മരിയ

സൈനീകർക്കായുള്ള പ്രതിഷ്ഠാജപം ചൊല്ലി തരുകയും ആശീർവാദം നല്കുകയും ചെയ്തു. കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ സ്വാഗതവും വൈസ് പ്രസിഡന്റ് സി. എൽസി. ചുമ്മാർ ആച്ചിയസ് ചടങ്ങിൽ നന്ദിയും പറഞ്ഞു.

പുതിയ പ്രസീദിയം : പാലക്കൽ പള്ളിയിലും കരുമത്ര ആരോഗ്യമാതാ പള്ളിയിലും പുതിയ പ്രസീദിയങ്ങൾ ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു.

ആച്ചിയസ് ചടങ്ങിൽ കാഞ്ഞിരപ്പുഴ (പാലക്കാട്) കൂരിയായിൽ നിന്നും പുതിയ പ്രസീദിയങ്ങളിൽ നിന്നും തുടങ്ങാനിരിക്കുന്ന പ്രസീദിയങ്ങളിൽ നിന്നുമായി 450 ഓളം മരിയ സൈനികർ പ്രതിജ്ഞ പുതുക്കൽ ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. പ്രതിജ്ഞ പുതുക്കാത്ത സൈനികർക്ക് അതാത് കൂരിയാകളിൽ ആച്ചിയസ് ചടങ്ങ് നടത്തി പ്രതിജ്ഞ പുതുക്കുന്നതിന് ബ്ര. പ്രസിഡണ്ട് ഓർമ്മപ്പെടുത്തി.

അടുത്ത കമ്മീസിയം മീറ്റിംഗ് ഏപ്രിൽ 12നു ഞായറാഴ്ച നടത്താമെന്നും തുടർന്നുള്ള മാസങ്ങളിൽ ഒന്നാം ഞായറാഴ്ചകളിൽ 2.30നും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് കൂടുവാനും തീരുമാനിച്ചു.

ഏവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ നേരുന്നു.

ദിവ്യനാഥയുടെ സേവനത്തിൽ

കമ്മീസിയം സെക്രട്ടറി
**പി.സി. കുരിയപ്പൻ**

# സി. എൽ. സി.

## സി. എൽ. സി. ജനറൽ ബോഡി യോഗം

അതിരൂപത സി. എൽ. സി. യുടെ ജനറൽ ബോഡിയോഗം തൃശ്ശൂർ കാത്തലിക് സെന്ററിൽ വെച്ചു നടന്നു. അതിരൂപതയിലെ സി. എൽ. സി. യൂണിറ്റ് പ്രസിഡന്റുമാർ, ഫൊറോന പ്രസിഡന്റുമാർ, മറ്റ് ഭാരവാഹികൾ അതിപൂത ഭാരവാഹികൾ, പ്രൊഫഷണൽ സി. എൽ. സി. യൂണിറ്റ് അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. അതിരൂപത ഡയമണ്ട് ജൂബിലി ആഘോഷ സമാനപ കമ്മിറ്റി തിരഞ്ഞെടുത്തു. മെയ് 17ന് തൃശ്ശൂർ ശക്തനിൽ വച്ച് സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.

## സി. എൽ. സി. ഡയമണ്ട് ജൂബിലി സ്വാഗതം സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.

അതിരൂപത സി. എൽ.സി. ഡയമണ്ട് ജൂബിലി സമാപനാഘോഷത്തിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നാടമുറിച്ച് അതിരൂപത സി. എൽ. സി. ഡയമണ്ട് ജൂബിലി സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ, അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് , അതിരൂപതാ പ്രസിഡണ്ട് ഡിൽജോ തരകൻ, അതി

രൂപതാ ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, സംസ്ഥാന സി. എൽ.സി. പ്രസിഡന്റ് വിനേഷ് ജെ. കൊളേങ്ങാടൻ, പ്രൊഫഷണൽ സി. എൽ. സി. പ്രസിഡണ്ട് ജെറോം മാസ്റ്റർ, സെക്രട്ടറി എ.ഡി. ഷാജു. ജന. കൺവീനർ നോബി മേനാച്ചേരി എന്നിവർ സംസാരിച്ചു.

### ഹർത്താലിൽ മുടങ്ങാതെ സി. എൽ. സി. യുവജന ജാഗരണ പദയാത്ര

അതിരൂപത സി. എൽ.സിയുടെ നേതൃത്വത്തിൽ പാലയൂർ ജാഗര പദയാത്ര ഹർത്താലിൽ മുടങ്ങാതെ യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. അതിരൂപത സി. എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് പേപ്പൽ പതാക അതിരൂപതാ വികാരി ജനറാൾ മോൺ ജോർജ്ജ് കോമ്പാറ നൽകി. ജാഗരണ പദയാത്രക്ക് തുടക്കം കുറിച്ചു. എരുമപ്പെട്ടി, വേലൂർ മേഖല, തല ജാഗരണ പദയാത്രകൾ പുലർച്ചെ ഒന്നരയോടെയും ബസിലിക്കയിൽ നിന്നാരംഭിച്ച ജാഗരണ പദയാത്ര 4 മണിക്ക് പാലയൂരിലെത്തി ചേരുകയും ചെയ്തു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂപത ജന. സെക്രട്ടറി ബിജിൽ സി. ജോസഫ്, ട്രഷറർ ഫ്രെഡി സി. ഡിക്രൂസ്, നോബി മേനാച്ചേരി, സംസ്ഥാന പ്രസിഡണ്ട് വിനേഷ് ജെ കൊളേങ്ങാടൻ, സച്ചിൻ സണ്ണി, സിവിൻ വിൻസെന്റ്, ജിതിൻ പാത്രമംഗലം, സിനോ എരനെല്ലൂർ എന്നിവർ വിവിധ മേഖലകളിൽ നേതൃത്വം നൽകി.

### എൻവയോൺമെന്റ് മാനേജ്മെന്റ് കമ്മറ്റി പ്രവർത്തനം നടത്തി

പാലയൂർ മഹാതീർത്ഥാടനത്തോടനുബന്ധിച്ച് തീർത്ഥാടനപാതയിലെ വേയ്സ്റ്റ് ക്ലീൻ ചെയ്ത് അതിരൂപത സി. എൽ.സി. വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റി മാതൃകയാക്കി. ഒട്ടേറെ പ്ലാസ്റ്റിക് കുപ്പികളും ഗ്ലാസ്സുകളും മറ്റും കളക്റ്റ് ചെയ്യാൻ അതിരൂപത സി. എൽ.സി. പ്രവർത്തകർ തയ്യാറായി. ഈ വർഷം തീർത്ഥാടനപാതയിൽ സി. എൽ. സി. ഡയമണ്ട് ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 60 വൃക്ഷതൈകൾ വച്ച് പിടിപ്പിച്ചു. അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ അതിരൂപത അസി. പ്രമോട്ടർ ഫാ. ആന്റണി മേച്ചേരിപ്പടി, ജോമി ജോൺസൺ, അതിരൂപത സി. എൽ.സി. ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

### ലോക സി. എൽ.സി. ദിനാഘോഷം

ലോക സി. എൽ.സി. ദിനാഘോഷം ഈ വർഷം മാർച്ച് 29ന് നടന്നു. അതിരൂപതയിലെ 16 ഫൊറോനകേന്ദ്രങ്ങളിൽ ഒരേസമയം സംഘടിപ്പിച്ചു. ഫൊറോനകേന്ദ്രങ്ങളിൽ പ്രൊമോട്ടർമാർ, ഫൊറോന പ്രസിഡന്റുമാർ, അതിരൂപത പ്രതിനിധികൾ നേതൃത്വം നൽകി.

### ഡയ്മണ്ട് ജൂബിലി ആഘോഷം സമാപനം മെയ് 17ന്

അതിരൂപത സി.എൽ.സി. ഡയ്മണ്ട് ജൂബിലി സമാപനം മെയ് 17ന് ശക്തൻ കൺവെൻഷൻഷൻ സെന്ററിൽ വെച്ച് നടക്കും. അതിരൂപതയിലെ മുഴുവൻ സി. എൽ.സി. പ്രവർത്തകരെ പങ്കെടുപ്പിച്ചുള്ള മരിയൻ റാലി,. പ്രതിനിധി സമ്മേളനം, കാരുണ്യപ്രവർത്തനങ്ങൾ (60 കുട്ടികളെ ദത്തെടുത്ത് പഠനത്തിനാവശ്യമായുള്ള ഫണ്ട് നൽകുന്നതും 80 പേർക്ക് മെയ് 17, 18, 19, 20 തീയ

തികളിൽ സൗജന്യ ഡയാലിസിസ് ജൂബിലി മെഡിക്കൽ കോളേജിൽ സംഘ ടിപ്പിക്കുന്നു. അതിരൂപത സി. എൽ. സി.യുടെ നേതൃത്വത്തിൽ കേരളത്തിലെ മികച്ച ഗായകരുടെ നേതൃത്വത്തിൽ സംഗീത-ഹാസ്യ-നൃത്തസന്ധ്യ ഉണ്ടാ യിരിക്കും. കാരിത്ത 2015 എന്ന പരിപാടിയുടെ വിജയത്തിനായി എല്ലാ യൂണിറ്റ് ഭാരവാഹികളുടെയും ഫൊറോന ഭാരവാഹികളുടെയും സഹകരണം പ്രതീ ക്ഷിക്കുന്നു.

**യൂണിറ്റ് അഫലിയേഷൻ**

2015 വർഷത്തെ അതിരൂപതയിലെ സി. എൽ.സി. യൂണിറ്റുകൾ അതിരൂ പതയിൽ അഫലിയേറ്റ് ചെയ്യേണ്ടതാണ്. അഫലിയേഷൻ ഫോമുകൾ അതി രൂപത ഭാരവാഹികളുടെ പക്കൽ നിന്നോ ഫൊറോന ഭാരവാഹികളുടെ പക്കൽ നിന്നോ വാങ്ങി മുഴുവൻ അംഗങ്ങളുടെ പേരും ഭാരവാഹികളുടെ പേരും എഴുതി അതിരൂപത ഓഫീസിൽ നൽകേണ്ടതാണ്.

**ഗ്രാമപത്രം സ്ഥാപിക്കേണ്ടതാണ്.**

സി. എൽ. സി.യുടെ നേതൃത്വത്തിൽ സി. എൽ. സി.യൂണിറ്റുകളിൽ ഗ്രാമ പത്രം സ്ഥാപിക്കേണ്ടതാണ്. ഗ്രാമപത്രത്തിൽ ആനുകാലിക പ്രശ്നങ്ങളും മഹത് വചനങ്ങളും എഴുതി ഒട്ടിക്കേണ്ടതാണ്.

**അതിരൂപത സി. എൽ. സി. പ്രതിഷേധിച്ചു.**

പാവങ്ങളുടെ അമ്മയായ വാ. മദർ തെരേസയെ അധിഷേപിച്ച മോഹഭാ ഗവതിന്റെ നടപടിയിൽ അതിരൂപത സി. എൽ.സി. പ്രതിഷേധിച്ചു. പ്രമേയം പാസ്സാക്കി. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് പ്രതി ഷേധയോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് ഡിൽജോ തര കൻ, സംസ്ഥാന പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, ജനറൽ ഓർഗ നൈസർ ബിനോയ് കാറളത്തുകാരൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സി. എൽ. സി പ്രവർത്തക സമിതി യോഗം നടന്നു.**

അതിരൂപത സി. എൽ.സി പ്രവർത്തക സമിതിയോഗം അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ അദ്ധ്യക്ഷതയിൽ സി. എൽ. സി. ഓഫീസിൽ വെച്ച് കൂടി. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപത പ്രസിഡന്റ് ഡിൽജോ തരകൻ, സംസ്ഥാന സി. എൽ. സി. പ്രസിഡണ്ട് വിനേഷ് ജെ. കോളേങ്ങാടൻ, ജന. സെക്രട്ടറി ബിജിൽ സി. ജോസഫ് എന്നിവർ സംസാരിച്ചു. സി. എൽ. സി. സ്പ്ലാഷ് എക്സ്പോ യിൽ സ്റ്റാളിൽ സേവനമനുഷ്ഠിച്ചുള്ളവർക്കുള്ള മെമന്റോ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നൽകി. സി. എൽ. സി. പാലയൂർ തീർത്ഥാടനപദയാത്ര എൻവയോൺമെന്റ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു.

**റവ . ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ആന്റണി മേച്ചേരിപ്പടി**
അസി. പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
ജന. സെക്രട്ടറി

# ചിൽഡ്രൻസ് മിനിസ്ട്രി
**0487-2325336, 9947582522**

- **Saints Quiz 2014-2015** : അതിരൂപതാതല സെയിന്റ്സ് ക്വിസ് 2014– 2015 ന്റെ മത്സരം ഏപ്രിൽ 25–ാം തിയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ ഡി.ബി.സി.എൽ.സി.യിൽവെച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്ന ടീമുകൾ 50 രൂപ രജിസ്ട്രേഷൻ ഫീസ് അന്നേദിവസം അടക്കേണ്ടതാണ്. അതിരൂപതാതല സെയിന്റ്സ് ക്വിസ്സ് ഓഡിയോ വിഷ്വൽ ആയിരിക്കും. ടീമുകൾ കൃത്യം 1 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2015** : 2015 ഏപ്രിൽ 21,22, 23 തിയ്യതികളിലായി ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് ഡി.ബി.സി.എൽ. സി.യിൽ വെച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 21 ചൊവ്വാഴ്ച രാവിലെ 9 ന് ആരംഭിച്ച് ഏപ്രിൽ 23 വ്യാഴാഴ്ച രാവിലെ 10 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ഈ ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. ഈ ക്യാമ്പിലേക്ക് തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താര സംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സ് നിർബന്ധമായും പങ്കടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.ഈ ക്യാമ്പിൽ വെച്ചാണ് അതിരൂപത, ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഏപ്രിൽ 10ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വരുന്നവരുടെ എണ്ണം വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833.
- **Angelos 2015** : അതിരൂപതാതലത്തിൽ ഈ വർഷം ആദ്യകുർബ്ബാന സ്വീകരിച്ചവർക്ക് **2015 മെയ് 17ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 1.30 മുതൽ 4.30 വരെ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ** കുരിയച്ചിറയിൽ സ്വീകരണം നൽകുന്നു. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഏപ്രിൽ 30–ാം തിയതിക്കുമുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833.

## A. തിരുബാലസഖ്യം

- **അതിരൂതല കലാമത്സര സമ്മാനവിതരണവും,തിരുബാലസഖ്യദിനാചരണവും** : 2015 ഫെബ്രുവരി 14–ശനിയാഴ്ച ന് അതിരൂതല കലാമത്സര സമ്മാനവിതരണവും,തിരുബാലസഖ്യദിനാചരണവും ആചരിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പതാക ഉയർത്തുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ,

മതബോധന ഡയറക്ടർ ഫാ. റാഫേൽ ആക്കമറ്റത്തിൽ, മുൻ മതബോധന ഡയറക്ടർ ഫാ.ജിഫി മേക്കാട്ടുകുളം,മുൻ തിരുബാലസഖ്യ ഡയറക്ടർമാരായ ഫാ ആന്റെണി മേച്ചേരിപ്പടി,ഫാ ഡെയ്സൻ മുണ്ടോപ്പുറം എന്നിവർ സന്നിഹിതരായിരുന്നു. മുൻ തിരുബാലസഖ്യ ഡയറക്ടർ ഫാ. ആന്റെണി മേച്ചേരിപ്പിടിക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു. പുതിയ ഡയറക്ടർ ഫാ.ജിജോ കപ്പിലാംനിരപ്പേലിന് സ്വാഗതം ആശംസിക്കുകയും ചെയ്തു. കോഡിനേറ്റർ സി. മിനി, ആനിമേറ്റർമാരായ സി. വിസ്സി, ഏയ്ഞ്ചൽ റാഫി, മോളി പി.ജെ, ഗീത വിൽസൻ,പ്രീത വിൽസൻ വിവിധ സംഘടനാ ഭാരവാഹികളും കുട്ടികളും സന്നിഹിതരായിരുന്നു. അതിരൂപതാ തലത്തിൽ തിരുബാലസഖ്യ സംഘടനയുടെ **മികച്ച യൂണിറ്റായി ബസിലിക്ക ഫൊറോനയിലെ സാക്രഡ് ഹാർട്ട് സി എൽ പി സ്കൂൾ,തൃശ്ശൂർ** തിരഞ്ഞെടുക്കപ്പെട്ടു.

**Model Units in Forane Level**

| | |
|---|---|
| 1.Lourde | - St. Sebastian‘s Church, Nellikkunnu. |
| 2.Chelakkara | - Our Lady Of Grace Church, Mayannur. |
| 3.Erumapetty | - Mary Matha Church, Marathamkode |
| 4.Kandassamkadavu | -St. Gemma‘s C.U.P.S, Manakody. |
| 5.Kottekad | - St. Joseph‘s Church , Amalanagar |
| 6.Ollur | -Fathima Natha Church, Konikkara. |
| 7.Palayur | - Christ King Convent EMLPS, Pavaratty |
| 8.Parappur | -St. Sebastian‘s Church, Puranattukara. |
| 9.Pattikad | -St. Francis Xavier‘s Forane Church, Pattikkad |
| 10.Pazhuvil Forane | - St. Antony‘s Church, Cherpu. |
| 11.Pudukad | -St. Xavier‘s Convent Nursery School,Pudukad. |
| 12.Puthur | -Holy Trinity Church, Bharata. |
| 13.Velur | -C. K.C. L.P.S Rajagiri – Mundathikode |
| 14. Wadakkanchery | -Arogyamatha L. P. School - Karumathra |

**Best Mission Collection** – St. Sebastian‘s C.L.P.S – Nellikkunnu

എന്നീ യൂണിറ്റുകൾക്കും മേൽപ്പറഞ്ഞ യൂണിറ്റുകളിലെ ബെസ്റ്റ് ആക്ടീവ് മെമ്പർക്കും അവരുടെ മാതാപിതാക്കൾക്കും ആനിമേറ്റേഴ്സിനും പ്രത്യേക പുരസ്ക്കാരങ്ങളും സമ്മാനങ്ങളും നൽകി ആദരിച്ചു.

- **തിരുബാലസഖ്യ ഫോർമേഷൻ ക്യാമ്പ് (SPARSH) 2015 :** 2015 ഏപ്രിൽ 7,8,9 തിയതികളിലായി തിരുബാലസഖ്യ ത്രിദിന ഫോർമേഷൻ ക്യാമ്പ് ഒരു

ക്കിയിരിക്കുന്നു. ഏപ്രിൽ 7 ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 9 വ്യാഴം രാവിലെ 10 അവസാനിപ്പിക്കുന്ന വിധത്തിലാണ് ഈ പരിശീലന ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളിലും സ്ക്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ പഠിക്കുന്നവരും തിരുബാലസഖ്യ സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരേയുമാണ് ഈ ഫോർമേഷൻ ക്യാമ്പിലേക്ക് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽനിന്നും 4 അംഗങ്ങൾക്കു മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. ഒരാൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതാണ്. മാർച്ച 30-ന് മുമ്പ് തിരുബാലസഖ്യ ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ക്യാമ്പിൽ വെച്ചാണ് അതിരൂപത, ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. വരുന്നവർ ബൈബിൾ, ബുക്ക്, പേന അത്യാവശ്യ സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833

## B. ജൂനിയർ സി.എൽ.സി.

- **ക്രിസ്ത്യൻ ലൈഫ് ക്യാമ്പ് 2015** : 2015 ഏപ്രിൽ 13,14,15 തിയതികളിലായി ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി ഒരു ത്രിദിന ഫോർമേഷൻ ക്യാമ്പ് ഒരുക്കിയിരിക്കുന്നു. ഏപ്രിൽ 13-ാം തിയതി രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 15-ാം തിയ്യതി രാവിലെ 10 മണിക്ക് അവസാനിപ്പിക്കുന്ന വിധത്തിലാണ് ക്യാമ്പ് ഒരുക്കിയിരിക്കുന്നത്. ഒരു ഇടവകയിൽനിന്നും 4 കുട്ടികൾ (2 പെൺകുട്ടികൾ, 2 ആൺകുട്ടികൾ) ക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. ഒരാൾക്ക് രജിസ്ട്രേഷൻ ഫീസ് 100 രൂപ. വരുന്നവരുടെ എണ്ണം മാർച്ച് 31-ന് മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ ക്യാമ്പിൽ വെച്ചാണ് അതിരൂപത, ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്.വരുന്ന കുട്ടികൾ ബൈബിൾ, പേന, ബുക്ക് മറ്റ് അത്യാവശ്യ സാധനങ്ങൾ കൊണ്ടുവരേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833.

**JCLC - Best unit – 2014** St. Joseph's Church - Amala Nagar

**JCLC - Model units- 2014**

1. Nithya Sahaya Matha Church - Viyyur
2. St. Mary's Church - Chittissery
3. St. Mary's Church - Peramangalam
4. St. Antony's church - Varakkara North
5. St. Mary's Church - Vendore

- **MCL (മരിയൻ കാരംസ് ലീഗ്) 2015** : 2015 മെയ് 18 മുതൽ 28 വരെയുള്ള തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് ജൂനിയർ സി.എൽ.സി. അംഗങ്ങൾക്കായി **എം.സി.എൽ(മരിയൻ കാരംസ് ലീഗ്)** .

നടത്തുന്നു. 8-ാം ക്ലാസ്സു മുതൽ 10-ാം ക്ളാസ്സ് ഉൾപ്പടെ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ ടൂർണ്ണമെന്റ് ഒരുക്കിയിരിക്കുന്നത്. രജിസ്റ്റർ ചെയ്യാത്ത യൂണിറ്റുകൾ 100 രൂപ അടച്ച് നിങ്ങളുടെ യൂണിറ്റ് രജിസ്റ്റർ ചെയ്ത് അതിന്റെ ഫോം കൈപ്പറ്റേണ്ടതാണ്. ഒരു ഇടവകയിൽനിന്നും 3 പേർ അടങ്ങുന്ന ആൺകുട്ടികളുടെ രണ്ടു ടീമുകൾക്കും പെൺകുട്ടികളുടെ ടീമുകൾക്കും മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. ടീമിൽ ഒരാൾ എക്സ്ട്രാ ആയിരിക്കും. അവർക്കു മാത്രമേ മത്സരത്തിൽ ഉടനീളം പങ്കെടുക്കാൻ സാധിക്കൂ. ഏപ്രിൽ 25-ന് മുമ്പ് തന്നെ ഇടവകയിലെ ലെറ്റർ പാഡിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരും മതബോധനക്ലാസ്സും എഴുതി (ടീം തിരിച്ച് എഴുതണം) ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നൽകേണ്ടതാണ്. ഒരു കുട്ടിക്ക് 20 രൂപ നിരക്കിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് ജൂനിയർ സി.എൽ.സി. ബാഡ്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് ഏപ്രിൽ 25(ശനിയാഴ്ച) 2 മണി മുതൽ 4 മണി വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്ന മീറ്റിംഗിൽ ടീം ക്യാപ്റ്റൻമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## C.അൾത്താര സംഘം

- **ബെർക്കുമെൻസ് ക്യാമ്പ് 2015:** 2015 ഏപ്രിൽ 16,17,18 തിയതികളിലായി അൾത്താരബാലൻമാർക്കായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് ഒരു ത്രിദിന ഫോർമേഷൻ ക്യാമ്പ് ഒരുക്കിയിരിക്കുന്നു. ഏപ്രിൽ 16 വ്യാഴം രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 18 ശനി രാവിലെ 10 മണിക്ക് അവസാനിപ്പിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒരു ഇടവകയിൽനിന്ന് 2 അൾത്താരബാലൻമാർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ. വരുമ്പോൾ ബൈബിൾ, പേന, ബുക്ക് മറ്റ് അത്യാവശ്യ സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ഈ ക്യാമ്പിൽ വെച്ചാണ് അതിരൂപത, ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. വരുന്നവരുടെ എണ്ണം മാർച്ച് 31-ന് മുമ്പ് ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833.

**ABA - Best unit - 2014** St. Joseph‘s Church - Amala Nagar

**ABA - Model units- 2014**

1. St. Francis Xaviers Church - Pattikad
2. Holy Cross Church - Arthat
3. Arogyamatha Church - Karumathra
4. St. Cyriac Church - Vylathur
5. St. Mary‘s Church - Chittissery

- **BCL (ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്) 2015** : തൃശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്ര ഒരുക്കുന്ന ബി.സി.എൽ. 2014 ഏപ്രിൽ 27 മുതൽ മെയ് 7 വരെ തൃശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടത്തപ്പെടുന്നു. അൾത്താരസംഘത്തിൽ ഇപ്പോൾ അംഗങ്ങളായിട്ടുള്ളവർക്കു മാത്രമാണ് ഈ ടൂർണ്ണമെന്റ് നടത്തപ്പെടുന്നത്. 1997ലും അതിനുശേഷമുള്ള വർഷ ങ്ങളിലും ജനിച്ച അൾത്താരസംഘാംഗങ്ങൾക്കു മാത്രമേ ഈ ടൂർണ്ണ മെന്റിൽ പങ്കെടുക്കാൻ സാധിക്കൂ. ഒരു ടീമിൽ നിർബന്ധമായും 15 പേർ ഉണ്ടായിരിക്കണം. പങ്കെടുക്കുന്ന ടീമുകൾ ഇടവക ലെറ്റർ പാഡിൽ പങ്കെ ടുക്കുന്ന കുട്ടികളുടെ പേരും ജനനതിയ്യതിയും എഴുതി വികാരിയച്ചന്റെ ഒപ്പോടും സീലോടും കൂടി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ മാർച്ച് 31-ാം തിയ്യതിക്ക് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. യൂണിറ്റ് രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റ് 100 രൂപ അടച്ച് രജിസ്റ്റർ ചെയ്യണം എന്ന് ഓർമ്മിപ്പി ക്കുന്നു. ടൂർണ്ണമെന്റിൽ പങ്കെടുക്കുന്ന കുട്ടികൾ ബാഡ്ജ്, അംഗത്വ കാർഡ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഒരാൾക്ക് രജിസ്ട്രേഷൻ ഫീസ് 20 രൂപ. കൂടുതൽ വിവരങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഏപ്രിൽ 18 ശനി രാവിലെ 10 മുതൽ 12.30 മണി വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തുന്ന മീറ്റിംഗിൽ ടീം ക്യാപ്റ്റൻമാരും വൈസ് ക്യാപ്റ്റൻമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522,8547250833.

## പ്രാർത്ഥിക്കാൻ....... പ്രവർത്തിക്കാൻ - ഏപ്രിൽ 2014

| | | |
|---|---|---|
| **തിരുവചനപഠനം** | : | 'നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്ന് നന്മ പുറപ്പെടുവി ക്കുന്നു' (ലൂക്ക 6:45) |
| **സുകൃത ജപം** | : | ഈശോയെ എന്നിൽ വന്നു വസിക്കണമേ |
| **പ്രാർത്ഥന നിയോഗം** | : | ദൈവവിളികളുണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. |
| **പ്രവർത്തനം** | : | വി. കുർബ്ബാനയിൽ സജീവമായി പങ്കെടു ക്കുക. |

കോഡിനേറ്റർ
**സി.മിനി SSPC**

ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ
**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**

# ഫാമിലി അപ്പസ്തോലേറ്റ്

**വിവാഹത്തിനൊരുക്കമായ ക്ലാസ്സുകൾ:-**

തൃശൂർ അതിരൂപതയിൽ എല്ലാ ആഴ്ചയിലും (ബുധൻ, വ്യാഴം, വെള്ളി) വിവാഹത്തിനൊരുക്കമായ ക്ലാസ്സുകൾ നടത്തുന്നുണ്ടല്ലോ. വിവാഹപ്രായമായ കുട്ടികളെ ക്ലാസ്സുകളിലേക്ക് പറഞ്ഞുവിടാൻ ബഹു.വികാരിയച്ചമാർ പ്രത്യേകം ശ്രദ്ധിക്കണം. വിവാഹം ഉറപ്പിച്ചുതിനുശേഷം ക്ലാസ്സിൽ പങ്കെടുക്കാൻ കാത്തിരിക്കേണ്ടതില്ല. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള സെമിനാർ നിർബ്ബന്ധമാണെന്ന കാര്യം ഓർപ്പിക്കട്ടെ. ആർക്കും. ഒഴിവു നൽകാതിരിക്കുന്നതാണ് ഈ കാര്യത്തിൽ ഉത്തമം എന്ന് അറിയിക്കട്ടെ.

2015 ഏപ്രിൽ 1 മുതൽ വിവാഹത്തിനൊരുക്കമായ ക്ലാസ്സിന്റെ ഫീസ് 750/- രൂപയായിരിക്കും. വിവാഹത്തിനൊരുക്കമായ ക്ലാസ്സുമായി ബന്ധപ്പെട്ട് ആർക്കും യാതൊരുതരത്തിലുമുള്ള പരസ്യങ്ങൾക്ക് ഇതിന് ഉത്തരവാദിത്വപ്പെട്ടവർ അനുവാദം നൽകിയിട്ടില്ല എന്ന കാര്യം അറിയിക്കുന്നു.

**ലൈഫ് മാട്രിമോണിയൽ വിവാഹബ്യൂറോ**

ഫാമിലി അപ്പസ്റ്റൊലെറ്റിന്റെ നേതൃത്വത്തിൽ ലൈഫ് മാട്രിമോണിയൽ എന്ന പേരിൽ ഇന്റർനെറ്റ് വിവാഹബ്യൂറോ നടത്തുന്ന കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. കുടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പസ്തൊലെറ്റ് സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.

ഉയിർപ്പു തിരുന്നാളാശംസകളോടെ

ഫാ. ജിയോ തെക്കിനിയത്ത്
അസി. ഡയറക്ടർ

ഫാ.ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**2015 മാർച്ച് 2016 പ്രവർത്തന മാർഗ്ഗരേഖ**

ആദ്ധ്യാത്മിക നവീകരണ പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ , സാമൂഹ്യക്ഷേമ-ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നീ മൂന്നുതലങ്ങളിലൂടെ കുടുംബകൂട്ടായ്മാ പ്രവർത്തനങ്ങൾ നടത്താൻ സഹായിക്കുന്നവിധത്തിൽ ആസൂത്രണം ചെയ്ത കർമ്മപരിപാടികളുമായി അതിരൂപതാ കുടുംബകൂട്ടായ്മയുടെ പ്രവർത്തന പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

വടക്കാഞ്ചേരി, തൃശ്ശൂർ പുത്തൻ പള്ളി, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ എന്നീ മൂന്നു കേന്ദ്രങ്ങളിലായി എല്ലാ ഇടവകകളിലേയും, പ്രസിഡന്റ്, സെക്രട്ടറി, കേന്ദ്രസമിതി അംഗങ്ങൾ എന്നിവരുടെ സംഗമം മാർച്ച് 8,15, ദിവസങ്ങളിൽ നടന്നു.

പ്രവർത്തനമാർഗ്ഗരേഖ നിർദ്ദേശങ്ങളനുസരിച്ച് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യാൻ ബഹു.വികാരിയച്ചന്മാരും കുടുംബസമ്മേളന യൂണിറ്റു ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ!

**മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ പ്രഭാഷണം**

തൃശൂർ അതിരൂപതാദ്ധ്യക്ഷനായിരുന്നു മാർ ജോസഫ് കുണ്ടുംകുളം പിതാവിന്റെ പാവനസ്മരണാർത്ഥം നടത്തിവരുന്ന പ്രഭാഷണ പരമ്പര 2015 ഏപ്രിൽ 25ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്റ്റോലേറ്റ് സെന്ററിൽവെച്ച് നടത്തുന്നു. എല്ലാ ഇടവകകളിൽ നിന്നും സംഘടനാഭാരവാഹികളേയും മറ്റ് താൽപര്യമുള്ളവരേയും പറഞ്ഞുവിടാൻ ബഹു.വികാരിയച്ചൻമാർ താത്പര്യം കാണിക്കുമല്ലോ.

**നേതൃത്വപരിശിലനം**

കുടംബസമ്മേളനങ്ങളിൽ സഭാപ്രബോധനങ്ങളുടേയും മറ്റ് സാമൂഹിക വിഷയങ്ങളുടേയും മറ്റും പഠനങ്ങൾക്കും ചർച്ചകൾക്കും നേതൃത്വം നൽകാനായ് ഓരോ കുടുംബയൂണിറ്റുകളിൽ നിന്നും നേതൃത്വ താൽപര്യവും കഴിവും ഉള്ള രണ്ടുവ്യക്തികളുടെ പേരുകൾ (1 പുരുഷൻ 1 സ്ത്രീ)അതിരൂപത കേന്ദ്രത്തിലേക്ക് ഇങ്ങിനെ ലഭിക്കുന്നവർക്കുള്ള നേതൃത്വ പരിശീലനങ്ങൾ മെയ് മാസത്തിൽ ആരംഭിക്കുന്നതാണ്.

| | |
|---|---|
| അഡ്വ.സി.ജെ ഡെന്നി<br>ജനറൽ കൺവീനർ | ഫാ.ലോറൻസ് തൈക്കാട്ടിൽ<br>ഡയറക്ടർ |
| ശ്രീ. ആന്റണി എ.എ.<br>സെക്രട്ടറി | ഫാ.വർഗ്ഗീസ് തരകൻ<br>അസോ.ഡയറക്ടർ |

## വി. ജോൺ പോൾ പ്രൊലൈഫ് മൂവ്മെന്റ്

**MTP Act നെതിരെ ഉപവാസപ്രാർത്ഥനായജ്ഞം**

കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന MTP Act നെതിരെ തൃശ്ശൂർ അതിരൂപതാ പ്രൊലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ 2015 ഫെബ്രു.17ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വെച്ച് ഏകദിന പ്രാർത്ഥനാ ഉപവാസയജ്ഞം നടത്തി. തൃശ്ശൂർ കത്തീഡ്രൽ വികാരി പെ.ബഹു.വർഗ്ഗീസ് കൂത്തൂരച്ചൻ സമാപന സന്ദേശം നൽകി.

**അഖില ലോക പ്രൊ ലൈഫ് ദിനം. മാർച്ച് 25.**

ജീവനെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും ഉള്ള നമ്മുടെ കടമയെ ബോധവൽക്കരിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രൊലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മാർച്ച് 25 പ്രൊലൈഫ് ദിനമായി ആചരിച്ചു.

മാർച്ച് 25ന് അതിരൂപതാതലത്തിലുള്ള വിവിധ 25 ന് വിവിധ പരിപാടികൾ നെല്ലിക്കുന്ന് വി. സെബാസ്റ്റ്യനോസിന്റെ ഇടവക പള്ളിയിൽ വച്ച് നടന്നു.

തൃശ്ശൂർ അതിരൂപതാ പ്രൊലൈഫ് മുൻ ഡയറക്ടർ പെ. ബഹു.വർഗ്ഗീസ് കൂത്തരച്ചൻ ആശംസകൾ നൽകി. സംസാരിച്ചു.

**വലിയ കുടുംബങ്ങളെ ആദരിക്കൽ**

2013, 2014 വർഷങ്ങളിൽ നാലമത്തേതോ അതിൽ കുടുതലായോ കുഞ്ഞുങ്ങൾ ജനിച്ചിട്ടുള്ള കുടുംബങ്ങളുടെ സംഗമം മെയ് 17ന് ഞായറാഴ്ച ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ വെച്ച് നടത്തുന്നു. അർഹരായ കുടുംബങ്ങളുടെ പേരുവിവരം ബഹു.വികാരിയച്ചന്മാർ ഏപ്രിൽ 10 ന് മുമ്പ് ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ നൽകേണ്ടതാണ്.

**ഇടവകകളിൽ പ്രൊലൈഫ് പ്രവർത്തനപരിപാടികൾ**

ജീവന്റെ മഹനീയതയെകുറിച്ച് കുടുതലറിയുന്നതിനും പവിത്രമായ മനുഷ്യജീവനെ സംരക്ഷിക്കുന്നതിനുമായി പരിശ്രമിക്കുന്ന വി. ജോൺപോൾ പ്രൊലൈഫ് മൂവ് മെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഇടവകകളിൽ വ്യാപിപ്പിക്കാനായ് ഇടവകതോറും പ്രൊലൈഫ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. കുടംബസമ്മേളന യൂണിറ്റുകൾ വഴിയും മറ്റും സംഘടനകളുടെ പ്രവർത്തനങ്ങൾ വഴിയും ഇത് സാധ്യമാക്കാവുന്നതാണ്. ഇടവകകളിൽ പ്രൊലൈഫ് സെമിനാറുകൾ, പഠനശിബിരങ്ങൾ, തുടങ്ങിയവ നടത്തുന്നത് ഉചിതമാണ്. ആവശ്യമായ സഹായസഹകരണങ്ങൾ പ്രൊലൈഫ് അതിരൂപതാ കേന്ദ്രത്തിൽ നിന്നും ചെയ്തു തരുന്നതാണ്.

ശ്രീ. ഇ.സി ജോർജ്ജ് മാസ്റ്റർ
പ്രൊലൈഫ് അതിരൂപത
കോർഡിനേറ്റർ

ഫാ.ലോറൻസ് തൈക്കാട്ടിൽ
ഡയറക്ടർ

ശ്രീ.ജെയിംസ് ആഴ്ച്ചങ്ങാടൻ
പ്രസിഡണ്ട്

# കെ. സി. വൈ. എം.

**കെ.സി.വൈ.എം.**

2015 ജനുവരി 5 : മദ്യനയത്തിൽ സർക്കാരിന്റെ മലക്കം മറിച്ചിലിൽ പ്രതിഷേധിച്ച് സ്വരാജ് റൗണ്ടിൽ വായ്മൂടികെട്ടി പ്രതിഷേധറാലി നടത്തി. ആന്റോ തൊറയൻ, എൻ.പി. ജാക്സൺ മാസ്റ്റർ, മനോജ് പി.ജി, ടോജോ പി.ജെ, ലിന്റോ ജോൺ, ജസ്റ്റിൻ ജോസ് എന്നിവർ നേതൃത്വം നൽകി.

ജനുവരി 12: കെ.സി.വൈ.എം. സ്ഥാപക ഡയറക്ടർ മോൺ തോമസ് തല്ലച്ചിറ അനുസ്മരണയോഗം പാസ്റ്ററൽ സെന്ററിൽ നടത്തി. നിർബന്ധിത മതം മാറ്റം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗരവമായി കാണണമെന്നും, തീവ്രവാദികൾ നടത്തിയ മനുഷ്യകുരുതിയിലും, ഫ്രാൻസിലെ മാധ്യമ ഓഫീസിൽ നടത്തിയ ഭീകരാക്രമണത്തിലും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി റവ.ഫാ.ജിയോകടവി, ആന്റോ തൊറയൻ, അനൂപ് പുന്നപ്പുഴ, മനോജ് പി. ജെ., ജോസ്മോൻ കെ. ഫ്രാൻസീസ് എന്നിവര് പ്രസംഗിച്ചു.

ജനുവരി 15 : ഡൽഹിയിൽ വികാസ്പുരി ഔർലേഡി ഓഫ് ഗ്രേസസ് പള്ളിയിലെ മാതാവിന്റെ ഗ്രോട്ടോ തകർത്തതിൽ പാസ്റ്റർ സെന്ററിൽ ചേർന്ന യോഗത്തിൽ ശക്തമായി പ്രതിഷേധം രേഖപ്പെടുത്തി.

ജനുവരി 20 : ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനംസർക്കാർ സംഘടിപ്പിച്ച റൺ കേരള റൺ പരിപാടിയിൽ പ്രാദേശിക തലങ്ങളിലും, തേക്കിൻക്കാട് മൈതാനത്തിലും ഭാഗഭാഗത്വം വഹിച്ചു.

ജനിവരി 23,24 : കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കോട്ടപ്പുറം വികാസിൽ നടന്ന വാർഷിക സെനറ്റിൽ റവ.ഫാ.ജിയോകടവി, ആന്റോ തൊറയൻ, കാരോളിൻ ജോഷ്വാ, ടോജോ പി.ജെ, ജെംസി ജോസ് എന്നിവർ പങ്കെടുത്തു.

ഫെബ്രുവരി 3 : ദക്ഷിണ ഡൽഹിയിലെ സെന്റ് അൽഫോൺസ പള്ളിയുടെ നേരെ നടന്ന ആക്രമണത്തിൽ പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ഫെബ്രുവരി 06: അന്താരാഷ്ട്ര എണ്ണവിലയുടെ വ്യതിയാനങ്ങൾക്കനുസരിച്ച് പെട്രോളിനും ഡീസലിനും വിലകൂടുകയും, കുറയുകയും ചെയ്യുന്നതിൽ ക്രൂഡ് ഓയിൽവില കഴിഞ്ഞ 10 വർഷത്തിനുള്ളിലെ ഏറ്റവും കുറഞ്ഞ നിരക്കിൽ തുടരുമ്പോൾ പെട്രോൾ ഉത്പന്നങ്ങൾക്ക് വിലകുറക്കണമെന്നും വർദ്ധിപ്പിച്ച് ബസ്-ടാക്സി നിരക്കുകൾ കുറയ്ക്കണമെന്നും പാസ്റ്ററൽ സെന്ററിൽ

കൂടിയ യോഗംകേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. റവ.ഫാ. ജിയോ കടവി, ആന്റോ തൊറയൻ, മനോജ് പി.ജെ എന്നിവർ പ്രസംഗിച്ചു.

ഫെബ്രുവരി 13 : ഡൽഹിയിൽ ക്രിസ്ത്യൻ മാനേജ്മെന്റ് സ്ക്കൂളിനു നരെ നടന്ന അക്രമത്തിൽ ശ്ക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ബാംഗ്ലൂർ – ഇന്റർ ട്രെയിൻ അപകടത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തിയ യോഗം, മരിച്ചവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി. ആന്റോ തൊറയൻ, മനോജ് പി. ജി, ലിന്റോഷ് ജോൺ എന്നിവർ നേതൃത്വം നൽകി.

സ്വന്തം വിശ്വാസം പാലിക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യം ഉറപ്പാക്കുമെന്ന പ്രധാനമന്ത്രി നരേന്ദ്രമോധിയുടെ പ്രസ്താവന സ്വാഗതം ചെയ്തു. വിവാദ വ്യവസായി നിസ്സാമിന്റെ ക്രൂരമർദ്ദനത്തിൽ സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്ര ബോസ് മരിക്കാനിടയായ സാസംക്ാരിക തലസ്ഥാനത്തിന് അപമാനമാണെന്നും. ശക്തമായ നിയമനടപടി സ്വീകരക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഈജിപ്തിൽ 21 ക്രൈസ്തവരെ കഴുത്തറത്ത് കൊന്ന ഐ എസ് ഭീകരരുടെ പ്രവണതിയിലും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ആന്റോ തൊറയൻ, അനൂപ് പുന്നപ്പുഴ, മനോജ് പി.ജെ, ജോസ്മോൻ കെ. ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു.

ഫ്രെബുവരി 24 : മദർ തെരേസ ജനസേവനം നടത്തിയത് മതപരിവർത്തനത്തിനാണെന്ന് ആർ.എസ്.എസ് മേധാവി മോഹൻ ഭഗവതിന്റെ പ്രസ്താവന വിഭ്രാന്തി പൂണ്ട മാനസികരോഗിക്ക് തുല്യമാണെന്ന് പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗം അഭിപ്രായപ്പെട്ടു. പാവങ്ങളെ സഹായിച്ചും, കുഷ്ഠരോഗികൾക്ക് പരിചണവുമായി സ്വന്തം ജീവിതം അർപ്പിച്ചത് ആർ.എസ്.എസ് കുറച്ചു കാണരുത് എന്നും യോഗം ആവശ്യപ്പെട്ടു പാസ്റ്ററർ സെന്ററിൽ ചേർന്ന യോഗത്തിൽ റവ.ഫാ. ജിയോ കടവി ആന്റോ തൊറയൻ, മനോജ് പി.ജെ എന്നിവർ പ്രസംഗിച്ചു.

ഒളരി കെ.സി.വൈ.എം. യൂണിറ്റ് സ്ഥാപിച്ചു. അതിരൂപതയെ പ്രതിനിധികരിച്ച് റവ.ഫാ.ജിയോ കടവി, ആന്റോ തൊറയൻ എന്നിവർ പങ്കെടുത്തു.

| | | |
|---|---|---|
| **റവ.ഫാ. ജിയോ കടവി** | **ആന്റോ തൊറയൻ** | **മനോജ് പി.ജി.** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# കേരള ലേബർ മൂവ്മെന്റ്

## തൊഴിലാളി ഫോറങ്ങളുടെ തിരഞ്ഞെടുപ്പ്

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തി അതിരൂപതയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ തൊഴിലാളി ഫോറങ്ങളുടെ തൃശ്ശൂർ പ്രാദേശികസമിതികളുടെ വാർഷിക പൊതുയോഗവും 2015-16 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഫെബ്രുവരി 8 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. തിരഞ്ഞെടുപ്പിന് മുമ്പ് നടന്ന ബോധവൽക്കരണ ക്ലാസ്സിന് ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലയിൽ നേതൃത്വം നൽകി. ശ്രീ. ലോനപ്പൻ വടാശ്ശേരി റിട്ടേണിങ്ങ് ഓഫീസറായിരുന്നു. ശ്രീ. N.K. രാജു, ശ്രീ. E.P. ജോസ്, ശ്രീ. ഡേവിസ് കണ്ണൂക്കാടൻ, ശ്രീ. A.K.ആന്റണി, ശ്രീ ഷാജു. P.J എന്നിവർ നേതൃത്വം നൽകി.

**തൊഴിലാളി ഫോറങ്ങൾ**

1. **നിർമ്മാണ തൊഴിലാളി ഫോറം**
2. **തയ്യൽ തൊഴിലാളി ഫോറം**
3. **പീടിക തൊഴിലാളി ഫോറം**
4. **മോട്ടോർ വാഹന തൊഴിലാളി ഫോറം**
5. **ഗാർഹിക തൊഴിലാളി ഫോറം**
6. **ചെറുകിട തോട്ടം തൊഴിലാളി ഫോറം**

**8. കർഷക തൊഴിലാളി ഫോറം**

**9. മത്സ്യ തൊഴിലാളി ഫോറം**

**10. കൈതൊഴിലാളി-വിദഗ്ദ തൊഴിലാളി ഫോറം**

## യൂണിറ്റ് പ്രസിഡന്റുമാർ, ഫോറങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, അതിരൂപത കേന്ദ്ര നിർവാഹക സമിതി എന്നിവയുടെ സംയുക്തയോഗവും ബോധവൽക്കരണ സെമിനാറും

കേരള ലേബർ മൂവ്മെന്റിന്റെ മേൽപറഞ്ഞ കമ്മിറ്റികളുടെ ഒരു സംയുക്തയോഗം 22-2-2015 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാസ്റ്ററൽ സെന്ററിലെ കത്തോലിക്കാസഭ ഹാളിൽ വെച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പങ്കെടുത്ത യോഗത്തിൽ ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലയിൽ ക്ലാസെടുത്തു. ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും അതിരൂപതയിലെ എല്ലാ തൊഴിലാളികളേയും പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കാനും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

**KLM** തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നതിനും, സാന്നിദ്ധ്യമില്ലാത്ത ഇടവകകളിൽ യൂണിറ്റുകളുടെ രൂപീകരണത്തിനും വേണ്ടതായ കാര്യങ്ങൾ സംയുക്തയോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. കൂടാതെ അതിരൂപതാ വനിതാദിനം, പതാകദിനം എന്നീ പരിപാടികൾ വിജയകരമായി

നടത്തുന്നതിനുള്ള കാര്യങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. സുരക്ഷ (പെൻഷൻ പദ്ധതി), തൊഴിലാളി ക്ഷേമനിധി, മെഡിക്ലെയിം ചികിത്സാ സഹായ പദ്ധതി എന്നിവയിൽ സംയുക്തമായി നിർദ്ധനരായ തൊഴിലാളികൾക്ക്കൂടി പങ്കാളികളാകാവുന്ന രീതിയിൽ ഒരു വാർഷീക പാക്കേജായി തുടങ്ങുന്നതിനും തീരുമാനിച്ചു. ആഴ്ചതോറും ചെറിയ തുക ഗഡുക്കളായി അടച്ച് ഒരു വർഷം കൊണ്ട് എല്ലാ പദ്ധതികളിലും അംഗത്വം നേടാവുന്ന തരത്തിലാണ് ഇത് നടപ്പിലാക്കുന്നത്. എല്ലാ തൊഴിലാളി സുഹൃത്തുക്കളുടെയും ഇടവക പ്രതിനിധി യോഗത്തിന്റെയും അകമഴിഞ്ഞ സഹകരണം പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ശ്രീ. ലോനപ്പൻ വടാശ്ശേരി, അഡ്വ. ഡേവിസ് കണ്ണൂക്കാടൻ, ശ്രീ.ടോമി മാസ്റ്റർ തോലത്ത് എന്നിവരെ തിരഞ്ഞെടുത്തു.

**യൂണിറ്റ് ശക്തീകരണം**

കിഴക്കൻ മേഖലയിലെ പൊങ്ങണംകാട് സെന്റ്. മേരീസ് ഇടവക ദൈവാലയത്തിൽ 22-2-15ന് ഞായറാഴ്ച രാവിലെ 6.30 ന് അതിരൂപത ഡയറക്ടർ ദിവ്യബലിയർപ്പിക്കുകയും, തുടർന്ന് ഇടവകാംഗങ്ങൾ കൂടി പങ്കെടുത്ത കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റ് മീറ്റിംഗിൽ ക്ഷേമനിധി, മെഡിക്ലെയിം, സുരക്ഷ (പെൻഷൻ പദ്ധതി) പാക്കേജിനെ കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. തുടർന്ന് നൂറോളം തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗത്വമെടുക്കാൻ സന്നദ്ധരായി.

**യൂണിറ്റ് രൂപീകരണം**

1-3-2015 ഞായറാഴ്ച കാഞ്ഞാണി സെന്റ്. തോമസ് ഇടവക ദേവാലയത്തിൽ അതിരൂപത ഡയറക്ടർ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് പാരീഷ് ഹാളി ഇടവക വികാരി റവ. ഫാ. ജോർജ്ജ് ചെറുവത്തൂർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് കേരള ലേബർ മൂവ്മെന്റിന്റെ കാഞ്ഞാണി യൂണിറ്റ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു. പ്രസ്തുത യോഗത്തിൽ 25 അംഗങ്ങൾ പങ്കെടുത്തു.

**മേഖല ജനറൽ ബോഡി**

വടക്കൻ മേഖല എക്സിക്യൂട്ടീവ് യോഗവും, ജനറൽ ബോഡിയും 01-03-2015 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മച്ചാട് സെന്റ്. ആന്റണി ദൈവാലയത്തിൽ വെച്ച് മേഖല പ്രസിഡന്റ് ശ്രീ. ജോയി വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയി കൂടുകയുണ്ടായി. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ യോഗം ഉദ്ഘാടനം ചെയ്തു. വ്യക്തമായ ലക്ഷ്യമുണ്ടെങ്കിൽ മാത്രമെ ശക്തമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു എന്ന് സംസ്ഥാന ഡയറക്ടർ കൂടിയായ ജോർജ്ജച്ചൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

മച്ചാട് യൂണിറ്റ് ഡയറക്ടർ റവ. ഡോ. ബിജു ആലപ്പാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. യേശു സ്നേഹത്തിന്റെ വിപ്ലവകാരിയാണ്. നന്മയുടെ വിപ്ലവകാരികളെയാണ് ഇന്നത്തെ ആവശ്യം. സഭയ്ക്ക് സാമൂഹ്യപരമായ കാഴ്ചപാടുകളിൽ കുറവ് സംഭവിക്കുമ്പോൾ രാഷ്ട്രീയപാർട്ടികളും സംഘടനകളും ആ ഒഴിവിലേക്ക് നുഴഞ്ഞു കയറുന്നു. സ്നേഹത്തിന്റെ വിപ്ലവം എല്ലാ മേഖലകളിലേക്കും എത്തിക്കുക, അസംഘടിതരുടെ

ജീവിതത്തിന് അടിത്തറയുണ്ടാക്കുക, സാമൂഹ്യ അവബോധം സ്യഷ്ടിക്കുക ഇവയെ നാം ആയിരിക്കണം കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തകരുടെ ആത്യന്തിക ലക്ഷ്യമെന്ന് ആലപ്പാട്ടച്ചൻ പറഞ്ഞു.

മേഖലയിലെ വിവിധ യൂണിറ്റുകളി നിന്നായി നാൽപതോളം അംഗങ്ങൾ പങ്കെടുത്തു. ശ്രീ. വർഗ്ഗീസ് മച്ചാട്, ശ്രീ. ജിജൊ ചിറയത്ത്, ശ്രീ. N.K. രാജു, ശ്രീ. സിംസൻ കുറ്റിക്കാടൻ എന്നിവർ പ്രസംഗിച്ചു.

**വനിതാദിനം**

ഈ വർഷത്തെ വനിതാദിനാഘോഷ പരിപാടികൾ പൂത്തോൾ കാൽവരി സോഷ്യൽ സെന്ററിൽ വെച്ച് നടത്തി. പരിപാടികളുടെ ഉദ്ഘാടനം റവ. ഫാ. ഡേവിഡ് പേരാമംഗലം (സുപ്പീരിയർ പൂത്തോൾ കാൽവരി ആശ്രമം) നിർവ്വഹിച്ചു. ശ്രീമതി. മിനി രാജു (വനിതാഫോറം കൺവീനർ) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായി (KLM സംസ്ഥാന ഡയറക്ടർ) ആമുഖ പ്രഭാഷണം നടത്തി. സ്ത്രീ ശക്തീകരണത്തെ കുറിച്ച് ശീമതി. മായ (ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി) ക്ലാസ്സെടുത്തു. ശ്രീ. N.K. രാജു (KLM അതിരൂപത പ്രസിഡന്റ്), ശ്രീമതി. മോളി ജോബി (KLM വനിതാഫോറം സംസ്ഥാന ജനറ സെക്രട്ടറി), ശ്രീമതി. ഫിലോ വിൻസന്റ് (KLM അതിരൂപത ജോയിന്റ് സെക്രട്ടറി) എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

വനിതകൾ മാത്രം ജോലി ചെയ്യുന്ന ഒരു സ്ഥാപനത്തിൽ അവരുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുകയും അവരുടെ സാമൂഹികപശ്ചാത്തലം മനസിലാക്കുകയും ചെയ്യുകയുണ്ടായി. വനിതകൾ സാമൂഹികമായും സാമ്പത്തീകമായും കുടുംബത്തിലും സമൂഹത്തിലും സ്വയംപര്യാപ്തരാകുകയും, ജോലിസ്ഥലങ്ങളിലും മറ്റുള്ളയിടങ്ങളിലും സുരക്ഷിതരാകുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെട്ടു.

**ഏപ്രിൽ –മെയ് മാസങ്ങളിലെ പ്രധാന പരിപാടികൾ**

1. ഏപ്രിൽ 12 ഞായറാഴ്ച മോട്ടോർ തൊഴിലാളി (KMTWF) ഫോറത്തിന്റെ ഒന്നാം വാർഷികാഘോഷം.

2. മെയ് ഒന്നിന് തെക്കൻ മേഖലയിലെ മരത്താക്കര യൂണിററിലെ വാഴപറമ്പൻ ആന്റണിയുടെ ഉടമസ്ഥതയിലുള്ള മരിയ ബ്രിക്ക്സ് കമ്പനിയിൽ വെച്ച് മെയ്ദിനം ആഘോഷിക്കുന്നു. മെയ്ദിനറാലി, പതാക ഉയർത്തൽ , തൊഴിൽ സ്ഥാപന വെഞ്ചിരിപ്പ്, അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തി സമൂഹബലി, തുടർന്ന് പൊതുസമ്മേളനം, സ്നേഹവിരുന്ന് എന്നിവയാണ് പരിപാടികൾ.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ - കെ. എൽ. എം. തൃശ്ശൂർ
ഫോൺ - 9447615196

**വർഗീസ് കെ. വി**
സെക്രട്ടറി, കെ. എൽ. എം. തൃശ്ശൂർ
ഫോൺ - 9400765419

പാവനസ്മരണയിൽ



# മാർ ജോസഫ് കുണ്ടുകുളം

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2014
Apr. 2015




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005